www.malankaralibrary.com

ഡോ. ജേക്കബ് ശ്രാമ്പിക്കൽ | യോഗസാധന | പ്രകൃതി സംഗീതം

Vol. 9 No.05 May 2012

# കാരുണികൻ

₹ 25

www.karunikan.com

സമ്പൂർണ്ണ ദൈവശാസ്ത്ര മാസിക




## മാധ്യമശുശ്രൂഷ

- പുതിയൊരു മാധ്യമ സംസ്ക്കാരം
- മാധ്യമശുശ്രൂഷക്ക് ഒരു കുറുപ്പടി
- മാധ്യമശുശ്രൂഷ

www.malankaralibrary.com



അനുദിന മനുഷ്യതീരുമാനങ്ങളെ സ്വാധീനിക്കുന്നതിൽ മാധ്യമങ്ങൾക്കുള്ളത്ര ശക്തി മറ്റൊന്നിനും ഉണ്ടെന്ന് തോന്നുന്നില്ല. ഏത് ടൂത്ത്പേസ്റ്റ് ആണ് വാങ്ങിക്കേണ്ടത് എന്ന കാര്യം മുതൽ അമേരിക്കൻ പ്രസിഡന്റ് ആരാണെന്ന കാര്യം വരെ തീരുമാനിക്കുന്നത് മാധ്യമങ്ങളാണ്. അതുകൊണ്ടുതന്നെയാണ് മാധ്യമശുശ്രൂഷയ്ക്ക് പ്രാധാന്യമേറുന്നത്.

മാധ്യമശുശ്രൂഷയാണ് ഇത്തവണത്തെ വിഷയം. ഭാരത കത്തോലിക്കാസഭയുടെ മാധ്യമഗുരു എന്ന് വിശേഷിപ്പിക്കാവുന്ന ഫാ. ജേക്കബ് ശ്രാമ്പിക്കലിന്റെ നിര്യാണമാണ് ഈ ലക്കത്തിന് നിമിത്തമായത്. പുതിയൊരു മാധ്യമ സംസ്ക്കാരം, മാധ്യമശുശ്രൂഷക്ക് ഒരു കുറുപ്പടി, മാധ്യമശുശ്രൂഷ എന്നിവയാണ് പ്രധാന ലേഖനങ്ങൾ.

കാരുണികൻ
സമ്പൂർണ്ണ ദൈവശാസ്ത്ര മാസിക

**വിലാസം:**
എഡിറ്റർ, കാരുണികൻ
പെരുമാനൂർ പി. ഒ.
എറണാകുളം - 682 015
ഫോൺ : 0484 - 2665233
ഫാക്സ് : 0484 - 2665433
e-mail : karunikan@rediffmail.com
website: www.karunikan.com

www.malankaralibrary.com



കാരുണികൻ
പുസ്തകം ഒൻപത് ലക്കം അഞ്ച്
2012 മെയ്

**രക്ഷാധികാരി**
ഡോ. ഫ്രാൻസിസ് കൊടിയൻ
പ്രൊവിൻഷ്യൽ സുപ്പീരിയർ
എം.സി.ബി.എസ്. എമ്മാവൂസ് പ്രവിശ്യ

**പത്രാധിപർ**
ജെ. നാലുപറയിൽ

**സഹപത്രാധിപർ**
ജി. കടൂപ്പാറയിൽ

**എക്സിക്യൂട്ടീവ് എഡിറ്റർ**
വിൻസന്റ് ശ്രാമ്പിക്കൽ

**പത്രാധിപസമിതി**
പോൾ തേലക്കാട്ട്
ബോബി ജോസ് കട്ടികാട്
സാധു ഇട്ടിയവിരാ
ജേക്കബ് ആക്കനത്ത്
തോമസ് കൂട്ടുങ്കൽ

**സർക്കുലേഷൻ മാനേജർ**
തോമസ് കുഴിയടിച്ചിറ

**മാർക്കറ്റിംഗ് മാനേജർ**
മനീഷ് ഓലംകണ്ണേൽ

**ചിത്രീകരണങ്ങൾ**
സതീഷ്. കെ.

**രൂപകല്പന**
അബ്ദു നെല്ലിമറ്റത്തിൽ

ഒരു എമ്മാവൂസ് പ്രസിദ്ധീകരണം

## സഭയ്ക്കുവേണ്ടിയൊരു മരണം

ഏറ്റവും ഒടുവിൽ എനിക്ക് കിട്ടിയ ഈ മെയിലിന്റെ അവസാന വാചകം ഇങ്ങനെയായിരുന്നു. “ഞാൻ ഡിസംബർ 26ന് കേരളത്തിൽ എത്തുന്നുണ്ട്. അന്നുകാണാം” ഇത് എഴുതി പിറ്റേ ദിവസം തന്നെ ജേക്കബ് ശ്രാമ്പിക്കലച്ചൻ അബോധാവസ്ഥയിലായി; ആശുപത്രിയിലാക്കപ്പെട്ടു; ഓസ്ട്രിയായിലെ ഗ്രാസിൽ; ഏപ്രിൽ 14ന് അദ്ദേഹം മരണത്തിന് കീഴടങ്ങുകയും ചെയ്തു.

അറിഞ്ഞവരെല്ലാം സങ്കടപ്പെട്ടു; സ്നേഹത്തോടെ അച്ചനെ കുറ്റപ്പെടുത്തി. അച്ചൻ കുറേക്കൂടി വിശ്രമിക്കണമായിരുന്നു; അൽപംകൂടി സ്വന്തം ആരോഗ്യം ശ്രദ്ധിക്കണമായിരുന്നു. കാരണം കഴിഞ്ഞ ജൂലൈയിൽ ആയിരുന്നു പൂനയിൽവച്ച് മസ്തിഷ്ക്കാഘാതമേറ്റ് 45 ദിവസം അദ്ദേഹം റൂബിഹോൾ ആശുപത്രിയിൽ ചികിത്സയിലായിരുന്നത്. അതിനുശേഷം പാറ്റ്നയിലെ വിശ്രമവും കഴിഞ്ഞാണ് റോമിലെ ഗ്രിഗോറിയനിലേക്ക് അദ്ദേഹം പോയത്; അതുകൊണ്ടായിരുന്നു സ്നേഹിതരുടെ കമന്റ്: “അൽപംകൂടെ വിശ്രമിക്കണമായിരുന്നു; കുറേക്കൂടെ സ്വന്തം കാര്യം നോക്കണമായിരുന്നു”.

കഴിഞ്ഞ കുറേ വർഷങ്ങളായി ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിലെ സോഷ്യൽ കമ്മ്യൂണിക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെ (CICS) ഡയറക്ടറായിരുന്നു ഫാ. ജേക്കബ് ശ്രാമ്പിക്കൽ. റോബർട്ട് വൈറ്റെന്ന പ്രശസ്തനായ കമ്മ്യൂണിക്കേഷൻ വിദഗ്ദനിൽ നിന്നുമാണ് ശ്രാമ്പിക്കലച്ചൻ ഈ സ്ഥാനം ഏറ്റെടുക്കുന്നത്. അതിനുശേഷം ഈ ഡിപ്പാർട്ടുമെന്റിൽ ക്രിയാത്മകമായ പാഠ്യപദ്ധതികൾ ആവിഷ്ക്കരിക്കുവാനും ഒരുപടി കൂടി അതിനെ മുമ്പോട്ടു കൊണ്ടുപോകുവാനും അദ്ദേഹത്തിനു സാധിച്ചു.

കഴിഞ്ഞ വിശുദ്ധവാരത്തിനു തൊട്ടുമുൻപായിരുന്നു അദ്ദേഹം റോമിൽ നിന്നും ഓസ്ട്രിയക്ക് യാത്ര തിരിച്ചത്. അന്ന് അദ്ദേഹം എഴുതി: “ഈ ജൂണിൽ ഞാൻ റോമിനോട് യാത്ര പറയും. ജൂൺ 27ന്; എന്റെ ജീവിതത്തിലെ ഏറ്റവും വലിയ വെല്ലുവിളി നിറഞ്ഞ ഉത്തരവാദിത്വം ഏറ്റെടുക്കാൻ – നിസ്കോർട്ട് (NISCORT). ശരിക്കും പറഞ്ഞാൽ 1993 ലാണ് നിസ്കോർട്ടെന്ന ആശയം എന്റെ ചിന്തയിലേക്ക് കടന്നുവരുന്നത്. സഭയുടെ മാധ്യമപ്രവർത്തകർക്ക് പരിശീലനം നൽകുക എന്നതായിരുന്നു ഇതിന്റെ പ്രാഥമിക ലക്ഷ്യം. പിന്നെ അതിന്റെ ചുവടുപിടിച്ച് ഭാരതസമൂഹത്തിലാകമാനം മാധ്യമ പ്രവർത്തനത്തിലൂടെ

www.malankaralibrary.com

മാറ്റത്തിന്റെ ഉപ്പുരസവും വളർച്ചയുടെ പുളിമാവുമായി വർത്തിക്കുക എന്നതും. "നിസ്കോർട്ടിന്റെ ശൈശവദശയിൽ ഞാൻ കൂടെ ഉണ്ടായിരുന്നു. ഇപ്പോൾ വീണ്ടും തിരിച്ചുചെന്ന് നിസ്കോർട്ടിനെ അതിന്റെ ആദിമലക്ഷ്യങ്ങളിലേക്ക് പുനർജീവിപ്പിക്കുകയാണ് എന്റെ ദൗത്യം... ഞാൻ ജന്മം കൊടുത്ത എന്റെ കുഞ്ഞ് മരിച്ചുപോകരുതെന്നൊരു ആഗ്രഹം". നിസ്കോർട്ടിന്റെ ആരംഭംമുതൽ 2003 വരെ ജേക്കബച്ചൻ നിസ്കോർട്ടിലുണ്ടായിരുന്നു. പിന്നീട് 2004ലാണ് അദ്ദേഹം ഗ്രിഗോറിയനി ലേക്ക് യാത്രയാകുന്നത്.

ഭാരതസഭയുടെ മാധ്യമവിനിമയ രംഗങ്ങളെ നവീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുകയായിരുന്നു ശ്രാമ്പിക്കലച്ചന്റെ ജീവിതസ്വപ്നം. തിരിച്ചെത്തിയ ശേഷം പുനർക്രമീകരിക്കാൻ പോകുന്ന നിസ്കോർട്ടിന്റെ അക്കാദമിക് പരിപാടികളെ അദ്ദേഹം അക്കമിട്ടു നിരത്തിയിട്ടുണ്ട്.

1. പാസ്റ്ററൽ കമ്മ്യൂണിക്കേഷൻസ് ബിരുദാനന്തര ബിരുദം. രൂപതകളുടെയും സന്യാസസമൂഹങ്ങളുടെയും മീഡിയാ കോർ-ഓർഡിനേറ്റർമാരും, പബ്ലിക് റിലേഷൻസിന്റെ ചുമതലയുള്ളവരും നിർബന്ധമായും സ്വന്തമാക്കേണ്ട ബിരുദം.

2. കമ്മ്യൂണിക്കേഷൻസിൽ സെക്കുലർ ബിരുദാനന്തര ബിരുദം. ഇപ്പോൾ നിസ്കോർട്ടിൽ നിലവിലുള്ള പരിപാടിയുടെ വിപുലീകരണം.

3. മൾട്ടി-മീഡിയ ഡിപ്ലോമ. സെക്കുലർ മീഡിയായിലെ ടെക്നീഷ്യനായിട്ട് ജോലി ചെയ്യാൻ പരിശീലനം നൽകുന്ന കോഴ്സ്.

4. കൂടാതെ മെത്രാന്മാർക്കും, വൈദികർക്കും, സിസ്റ്റേഴ്സിനും, അല്മായർക്കും മാധ്യമപരിശീലനം നൽകാനുള്ള ചെറിയ ചെറിയ കോഴ്സുകൾ. ഇതിനും പുറമേ നിസ്കോർട്ടിൽ അനേകം പാഠ്യേതര മീഡിയ പരിപാടികൾ അദ്ദേഹം വിഭാവന ചെയ്തിരുന്നു.

ഇതെല്ലാം തന്നെക്കുറിച്ചുള്ള ദൈവികപദ്ധതിയുടെ ഭാഗമായിട്ടാണ് ശ്രാമ്പിക്കലച്ചൻ കരുതിയിരുന്നത്. അദ്ദേഹം എഴുതി: "ഇതൊരു എളുപ്പപണിയല്ലെന്ന് എനിക്ക് നന്നായി അറിയാം. എന്നിട്ടും പിന്നെ എന്തിനാണ് ഇത് ഏറ്റെടുക്കുന്നതെന്ന് നീ ചോദിച്ചേക്കാം. ഞാനിത് ഏറ്റെടുക്കുന്നതിന്റെ കാരണം ഇത് വിജയിക്കുമെന്ന് ദൈവം പറയുന്നത് കൊണ്ടാണ്. തമ്പുരാന്റെ കരം എന്റെ കൂടെയുണ്ടെന്ന് എനിക്കറിയാം".

അതുകൊണ്ടാണ് ഞാൻ മുന്നോട്ടു പോകാൻ തീരുമാനിക്കുന്നത്. പൂനയിലെ രോഗാവസ്ഥ ശാരീരികമായി എന്നെ തളർത്തിയിട്ടുണ്ട്. എന്നാലും എന്റെ മനസ്സും ഊർജ്ജവും ഇപ്പോഴും തീക്ഷ്ണമാണ്..." പൂനയിലെ രോഗാവസ്ഥയുടെ ആദ്യഘട്ടത്തിൽ അദ്ദേഹം അബോധാവസ്ഥയിലായിരുന്നു. അനേകരുടെ സ്നേഹപരിചരണവും തീക്ഷ്ണമായ പ്രാർത്ഥനയുമാണ് അദ്ദേഹത്തെ ജീവനിലേക്കും ആരോഗ്യത്തിലേക്കും തിരിച്ചുകൊണ്ടുവന്നത്.

നിസ്കോർട്ടിനെക്കുറിച്ച് അദ്ദേഹം എഴുതി: "നിസ്കോർട്ടിന് വലിയ സാമ്പത്തിക ബാധ്യതകളാണിപ്പോൾ. 2001ൽ 5 ഏക്കർ സ്ഥലം വാങ്ങാനും കെട്ടിടം പണിയാനുമായി 6 കോടി രൂപ കാരിത്താസിൽ നിന്നും കടം വാങ്ങിയിരുന്നു. 6 കെട്ടിടങ്ങൾക്കാണ്

www.malankaralibrary.com

പദ്ധതിയിട്ടിരുന്നത്. പൂർത്തിയായ 2 കെട്ടിടത്തിനു ഗാസിയാബാദ് ഭരണസമിതിയുടെ സർട്ടിഫിക്കറ്റ് കിട്ടിയിട്ടില്ല. ബാക്കിയുള്ള 4 കെട്ടിടങ്ങൾ എന്തുകൊണ്ട് പണിയുന്നില്ല എന്നവർ ചോദിക്കുന്നു. കാശിന്റെയും കൃത്യമായ കർമപരിപാടിയുടെയും കുറവാണ് എല്ലാറ്റിനും കാരണം. ഇതിനിടയിൽ കാരിത്താസ് അവരുടെ പണം തിരികെ ചോദിക്കാനും തുടങ്ങിയിരിക്കുന്നു..."

കുറേക്കാലമായി ശ്രാമ്പിക്കലച്ചന്റെ ചിന്തയും മനസ്സും നിറയെ നിസ്കോർട്ടായിരുന്നു. നിസ്കോർട്ടിലൂടെ ഭാരതസഭയെ നവീകരിക്കാമെന്നും ഊർജസ്വലമാക്കാമെന്നുമുള്ള സ്വപ്നവും. ഓസ്ട്രിയയിലേക്ക് വണ്ടികയറുന്നതിന് മുൻപ് ജേക്കബച്ചൻ കുറിച്ചു: "നിസ്കോർട്ടിന്റെ സാമ്പത്തിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ഞാൻ ചില പദ്ധതികൾ ആലോചിക്കുകയാണ്. എനിക്കുവേണ്ടി പ്രാർത്ഥിക്കുക. ഈ പ്രതിസന്ധി പരിഹരിക്കുന്നതിനായി ചിലരുമായി ചർച്ച നടത്താനാണ് ഞാൻ പോകുന്നത്. വിശദാംശങ്ങൾ ഞാൻ വൈകാതെ അറിയിക്കാം. ഞാൻ എഴുതാം..."

പിന്നീട് അദ്ദേഹത്തിന് എഴുതാനായില്ല എന്നതാണ് വാസ്തവം. ഓസ്ട്രിയയിലെ ഗ്രാസിൽ എത്തിയതേ അദ്ദേഹം അബോധാവസ്ഥയിലായി; ആശുപത്രിയിലാക്കപ്പെട്ടു. പിന്നീട് 12-ാം ദിവസം മെയ് 14ന് ജേക്കബച്ചൻ വിടപറയുകയും ചെയ്തു.

സഭയെയും സഭയുടെ മാധ്യമശുശ്രൂഷയെയും ഹൃദയത്തിൽ കൊണ്ടുനടന്നിരുന്നൊരു മനുഷ്യനാണ് കടന്നുപോയത്. ഒരു ശുശ്രൂഷക്കുവേണ്ടി ഇതിൽപരം തീവ്രതയോടെ ജീവിക്കാനാവുമോ? സംശയമാണ്. സ്വന്തം ആരോഗ്യവും ജീവനും പണയപ്പെടുത്തിക്കൊണ്ടല്ലേ അൽപംകൂടെ അകറ്റി നിറുത്താമായിരുന്ന മരണത്തിലേക്ക് ജേക്കബച്ചൻ നടന്നു കയറിയത്? ആർക്കുവേണ്ടി?

ഭാരതത്തിലെ കത്തോലിക്കാ സഭയ്ക്കുവേണ്ടി; സഭയുടെ മാധ്യമ ശുശ്രൂഷക്കുവേണ്ടി; മാധ്യമ ശുശ്രൂഷയിലൂടെ സഭ ഭാരതത്തിലാകമാനം പുളിമാവും ഉപ്പുരസവുമായി മാറുന്നതിനുവേണ്ടി. ശബ്ദമില്ലാത്തവരുടെ ശബ്ദമായും പാർശ്വവത്കരിക്കപ്പെടുന്നവരുടെ വക്താവായും സഭ മാറി നീതിനിഷേധിക്കപ്പെടുന്നവർക്കായി അധ്വാനിക്കുന്നതിനുവേണ്ടി.

രണ്ടുപാഠങ്ങൾ സഭ സ്വാംശീകരിക്കേണ്ടതായിട്ടുണ്ടെന്ന് തോന്നുന്നു. ഒന്ന്: ശ്രാമ്പിക്കലച്ചന്റെ മാധ്യമ ശുശ്രൂഷയെക്കുറിച്ചുള്ള സ്വപ്നങ്ങൾ ഏറ്റെടുക്കുകയും പൂർത്തിയാക്കാൻ ശ്രമിക്കുകയും ചെയ്യുക. യേശുവിന്റെ സുവിശേഷപ്രഘോഷണമായിരിക്കാം അതിലൂടെ പുനർജീവിക്കുക.

രണ്ട്: സഭാസമൂഹത്തിനും സഭാദൗത്യത്തിനും വേണ്ടി ജീവനും ആയുസ്സും പണയംവയ്ക്കുന്ന പ്രേഷിതരെ സഭ തിരിച്ചറിയുക. മരണശേഷമല്ല, ജീവിച്ചിരിക്കുമ്പോൾ തന്നെ. ജേക്കബച്ചനെപ്പോലെ സഭാശുശ്രൂഷയുടെ വിവിധമേഖലകളിൽ ആരോഗ്യവും ആയുസ്സും പണയപ്പെടുത്തി അധ്വാനിക്കുന്നവരെ തിരിച്ചറിയാനും, അംഗീ കരിക്കാനും സഭാസംവിധാനം ജാഗരൂകമാകേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

പത്രാധിപർ

www.malankaralibrary.com

# ഉള്ളടക്കം


16


**പുതിയൊരു മാധ്യമ സംസ്ക്കാരം**

മാധ്യമശുശ്രൂഷയെ ഭാരതസഭ ഗൗരവമായി പരിഗണിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. മാധ്യമങ്ങളുടെ സ്വാധീനത്തെക്കുറിച്ചും മാധ്യമ ശുശ്രൂഷയുടെ സാധ്യതകളെക്കുറിച്ചും ഡോ. ജോസ് പാലക്കീൽ M.S.Tഎഴുതുന്നു.

22

**മാധ്യമശുശ്രൂഷക്ക്  ഒരു കുറുപ്പടി**

ഭാരതത്തിലെയും ആഗോള കത്തോലിക്കാസഭയിലേയും തന്നെ ഏറ്റവും പ്രഗത്ഭനായ മാധ്യമ-വിനിമയ വിദഗ്ദ്ധനായിരുന്നു ജേക്കബ് ശ്രാമ്പിക്കലച്ചൻ. അദ്ദേഹത്തിന്റെ മാധ്യമസംഭാവനകളെക്കുറിച്ച് വിശകലനം നടത്തുന്നത് അഗസ്റ്റിൻ വെളിയത്ത്.




23

26

**മാധ്യമശുശ്രൂഷ**

ഫാ. ജേക്കബ് ശ്രാമ്പിക്കൽ മരണത്തിനുമുമ്പ് അവസാനമായി എഴുതിയ ലേഖനമാണിത്. 'കമ്പാനിയൻ' എന്ന ഇംഗ്ലീഷ് മാസികക്ക് വേണ്ടിയാണ് അദ്ദേഹം എഴുതിയത്. ഭാരതസഭയുടെ മാധ്യമ പ്രവർത്തനങ്ങൾക്ക് വഴികാട്ടിയാകട്ടെ ശ്രാമ്പിക്കലച്ചന്റെ ദർശനങ്ങൾ.

29

**അപകടം പിടിച്ച കളികൾ**

ധന്യാ രാജിന്റെ 'സഭാതലം' (മാതൃഭൂമി ഏപ്രിൽ 22), സുസ്മേഷ് ചന്ത്രോത്തിന്റെ 'ഛായാഗ്രാഹകൻ' (മാതൃഭൂമി ഏപ്രിൽ 29) എന്നീ കഥകളെ പരിചയപ്പെടുത്തുന്നത് വിമല കോളേജ് മലയാളം വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ നമിത റോസ്.

www.malankaralibrary.com

03 എഡിറ്റോറിയൽ

08 പ്രതികരണങ്ങൾ

44 പുസ്തകപരിചയം

46 അന്ത്യവിധി









34

## Ecclesia supplet...

സഭാനിയമങ്ങള സംബന്ധിച്ചുള്ള സംശയനിവാരണത്തിനായിട്ടുള്ള പംക്തിയാണിത്. ചോദ്യങ്ങൾക്ക് മറുപടി തയ്യാറാക്കുന്നത് കാനൻ നിയമപണ്ഡിതനായ ഡോ. ജോസ് ചിറമേൽ ആണ്. Ecclesia supplet' എന്ന തത്വം എപ്പോഴാണ് ബാധകമാക്കാവുന്നത് എന്നതാണ് ഈ ലക്കത്തിലെ പ്രതിപാദ്യം.

40

## അർദ്ധകടി ചക്രാസന

ഭാരതത്തിന്റെ ആത്മീയസാധനയായിരുന്ന യോഗസാധനയെ പരിചയപ്പെടുത്താനും ലളിതമായി പരിശീലിപ്പിക്കാനുള്ള പരിശ്രമമാണ് ഈ പംക്തി. ഈ ലക്കത്തിൽ നമ്മൾ പഠിക്കുന്നതും പരിശീലി ക്കുന്നതും അർദ്ധകടി ചക്രാസനമാണ്.

32

## ഉൾവെളിച്ചം തെളിയട്ടെ

റോസി തമ്പിയുടെ 'വെളിച്ചം' (കലാകൗമുദി 1910–ാം ലക്കം) എന്ന കവിതയുടെ അർത്ഥതലങ്ങളിലേക്ക് പ്രൊഫസർ മാത്യു പാറക്കൽ നടത്തുന്ന ഒരന്വേഷണം

42

## കാരുണികൻ മ്യൂസിക്സ്

"സഹന" ത്തിലെ 'അലിവിന്റെ അടയാളമാണെൻ ദൈവം' എന്ന ഗാനവും. "മൺപാത്രങ്ങൾ" എന്ന ഓഡിയോ ആൽബവുമാണ് ഈ ലക്കത്തിൽ പരിചയപ്പെടുത്തുന്നത്.

www.malankaralibrary.com

# പ്രതികരണങ്ങൾ




കാരുണികനിലെ വിഭവങ്ങളോട് പ്രതികരിക്കുന്നവർ അനേകരാണ്. ക്രിയാത്മകമായ ചർച്ചയാണ് പ്രതികരണങ്ങളിലൂടെ പുറത്തു വരുന്നത്. വായനക്കാരുടെ ഏതു പ്രതികരണവും ബഹുമാനപൂർവ്വം സ്വീകരിക്കാനും മാന്യമായി അവതരിപ്പിക്കാനുമുള്ള പ്രതിബദ്ധത ഞങ്ങൾ വീണ്ടും ഏറ്റു പറയുന്നു. മുന്നൊരു ലക്കത്തിൽ ചർച്ച ചെയ്ത ക്നാനായ സമൂഹത്തെക്കുറിച്ച് അന്നാരും സൂചിപ്പിക്കാതിരുന്നൊരു നിർദ്ദേശം കൊട്ടുകാപ്പള്ളിയച്ചൻ മുന്നോട്ടുവച്ചത് പ്രസിദ്ധീകരിക്കുകയാണ്. തുറന്ന ആശയപ്രകടനവും ക്രിയാത്മകമായ സംവാദവും സ്വാഗതം ചെയ്യുന്നു.

പത്രാധിപർ

## വിഗ്രഹഭഞ്ജനം

കോട്ടയം അതിരൂപതയുടെ ശബാബ്ദി ആഘോഷത്തോടനുബന്ധിച്ച് തയ്യാറാക്കിയ ഹൃദ്യവും വിജ്ഞാനപ്രദവുമായ ഒരു സി.ഡി അടുത്തയിടെ കാണാനിടയായി. അതേ സമയം എത്രയോ മംഗളകരമായ ഈ ശതാബ്ദിവർഷത്തിലും കോട്ടയം അതിരൂപത സാമന്തരൂപതകളുമായി സ്വാഭാവിക വളർച്ച ലഭിക്കാതെ, എന്തുകൊണ്ട് മുരടിച്ചു നിൽക്കുന്നു എന്ന ചോദ്യവും നിലവിലുണ്ട്. ഈ ചോദ്യത്തിന് എനിക്കു ലഭിക്കുന്ന ഉത്തരം ഒറ്റവാക്കിൽ വംശശുദ്ധി എന്ന വിഗ്രഹം എന്നാണ്.

ഈ പ്രശ്നം കാരുണികൻ മാസിക 2011 ജനുവരി ലക്കത്തിൽ ചർച്ചാവിഷയമാക്കിയതും ഒട്ടേറെപ്പേർ വളരെ സജീവമായി ചർച്ചയിൽ പങ്കുചേർന്നതും ഓർക്കുന്നു. ഈ ചർച്ചയ്ക്ക് ക്നാനായ സമുദായത്തിന്റെ ഔദ്യോഗിക മറുപടി എന്നപോലെ ക്നാനായ പാരമ്പര്യമായ എൻഡോഗമിക്ക് ഭംഗം വരുത്തിക്കൊണ്ടുള്ള ഒരു അജപാലന പരിഷ്ക്കാരത്തിനും കൂട്ടുനിൽക്കുകയില്ലെന്ന് ക്നാനായ കത്തോലിക്കാ കോൺഗ്രസ് പ്രഖ്യാപിച്ചു എന്ന് 2012 ഏപ്രിൽ 3ന് ദീപികയിൽ കണ്ട വാർത്തയും വായിച്ചു.

ഉത്ഥിതനായ യേശുവിന്റെ അതീവഗൗരവമുള്ള കൽപനയ്ക്കും, പഴയനിയമപാഠങ്ങൾക്കും നേർവിപരീതവും, ചരിത്രവസ്തുതകൾക്കും ശാസ്ത്രത്തിനും നിരക്കാത്തതും, ജനിതകമായി സമുദായത്തിന് ഹാനികരവും, പുറത്തുള്ളവരുടെ ദൃഷ്ടിയിൽ സമുദായത്തെ പരിഹാസ്യമാക്കുന്നതും; അതേസമയം ഒരു കേവലമൂല്യമായി, ദൈവത്തെപ്പോലെ ഫലത്തിൽ ആരാധിക്കപ്പെടുന്നതും; എന്നാൽ ആരോഗ്യകരവും സത്യാന്വേഷണപരവുമായ ചിന്തയ്ക്കും ചർച്ചയ്ക്കും വിഷയമാകാതെ ഒളിഞ്ഞുനിൽക്കുന്നതുമായ ഒരു വിഗ്രഹം തന്നെയാണെന്നു തോന്നുന്നു കോട്ടയം അതിരൂപതയ്ക്ക് വംശശുദ്ധി എന്ന രക്തശുദ്ധി. ഈ വിഗ്രഹത്തെ തച്ചുടയ്ക്കാനല്ലെങ്കിൽ, ഇളക്കാനെങ്കിലും സഹായിച്ചേക്കില്ലേ എന്ന പ്രത്യാശയോടെ, പച്ചയ്ക്കു തന്നെ എന്റെ ബോദ്ധ്യങ്ങൾ അവതരിപ്പിക്കുകയാണ്. ഒരു കത്തോലിക്കാ ക്രൈസ്തവ വിശ്വാസി എന്ന നിലയിൽ പ്രശ്നം എന്റേതുകൂടെ ആണല്ലോ.

1911ൽ തെക്കുംഭാഗക്കാർക്കുവേണ്ടി കോട്ടയം വികാരിയാത്ത് പുനഃസ്ഥാപിച്ചതുമുതൽ കോട്ടയം വികാരിയാത്ത് /രൂപത/ അതിരൂപത സ്വീകരിച്ചുപോരുന്ന വീട്ടുവീഴ്ചയില്ലാത്ത നിലപാട് ജ്ഞാനസ്നാനം വഴിയോ വിവാഹം വഴിയോ തെക്കുംഭാഗം അഥവാ ക്നാനായ സമുദായത്തിന് വെളിയിൽ നിന്ന് ആരെയും ഉള്ളിലേക്ക് പ്രവേശിപ്പിക്കുകയില്ല എന്നാണ്. ആളും അർത്ഥവും അയച്ച് രൂപതയ്ക്കു വെളിയിൽ എവിടെയും സുവിശേഷീകരണത്തിന് സർവ്വവിധ പിന്തുണയും പ്രോത്സാഹനവും നൽകും, രൂപതയ്ക്ക് അകത്തേക്ക് പക്ഷേ ഒരാളെയും കൂദാശകൾ വഴി കടത്തിവിടില്ല, എന്നതാണ് അതിരൂപതയുടെ അതിവിചിത്രമായ നിലപാട്. യേശു അപ്പസ്തോലന്മാർക്കു പൊതുവായും, അപ്പോസ്തലപ്രമുഖനായ പത്രോസിനു പ്രത്യേകമായും നൽകിയ കൽപനയ്ക്ക് നേർവിപരീതമാണ് അതിരൂപതയുടെ ഈ നിലപാട്.

നിങ്ങൾ പോയി ലോകമെങ്ങും എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നൽകുവിൻ (മത്തായി 20:28). അവ്യക്തത ഒട്ടുമില്ലാത്ത കൽപനയാണിത്. ഇതേ കൽപന യേശു പരോക്ഷമായി പത്രോസിനു നൽകുന്നുണ്ട്. അപ്പോസ്തല പ്രവർത്തനങ്ങൾ

www.malankaralibrary.com

## സഭ ആർദ്രയാവണം

ഏപ്രിൽ മാസം കാരുണികനിലെ മുഖപ്രസംഗം വായിച്ചു തീർന്നപ്പോൾ ഹൃദയത്തിൽ ഒരു നൊമ്പരം. മറ്റൊന്നുമല്ല, "എവിടെയൊക്കെയോ നമ്മുടെ വാതിലുകളും ജനലുകളും കൊട്ടിയടക്കപ്പെട്ടിരിക്കുന്നു" എന്ന വരികൾ ഏറെ പ്രസക്തമാണെന്നു തോന്നി. ദുഃഖിതർക്കും പീഡിതർക്കും പാവങ്ങൾക്കും സന്തോഷത്തിന്റെ സദ്വാർത്തയ്ക്കുമായി അവരുടെ ഇടയിലേക്കു കടന്നു വന്ന ലോകരക്ഷകനെ പ്രതിനിധീകരിക്കുന്ന സഭ ഇന്ന് ആരുടെ പക്ഷത്താണ്? സഭയുടെ യഥാർത്ഥ താൽപര്യങ്ങൾ എന്താണ്? പണവും സുഖസൗകര്യങ്ങളും വർദ്ധിച്ചപ്പോൾ സഭാനേതൃത്വവും, സഭാമക്കളും, സുവിശേഷത്തിന്റെ കാതൽ മറക്കുകയാണോ? "ലോകത്തിന്റെ പ്രതീക്ഷകളും, സന്തോഷങ്ങളും" ഏറ്റുവാങ്ങി എല്ലാവർക്കും എല്ലാമായിത്തീരുവാൻ നമുക്കു സാധിക്കുന്നുണ്ടോ?

നെടുവീർപ്പിടുന്നവന്റെ ഗദ്ഗദങ്ങൾ ഉൾക്കൊണ്ട്, പാവങ്ങളുടെ കണ്ണീരൊപ്പി, 'നല്ല അയൽക്കാരൻ' ആകാൻ ഓരോ ക്രിസ്ത്യാനിയെയും പ്രേരിപ്പിക്കുവാൻ സഭാനേതൃത്വത്തിനു കഴിയണം. ഇതു സാധ്യമാകണമെങ്കിൽ യേശുവിനെപ്പോലെ 'ആധികാരികതയോടെ പഠിപ്പിക്കാൻ' ജീവിതംകൊണ്ട് സാക്ഷ്യമാകാൻ നേതൃത്വത്തിലുള്ളവർക്കു കഴിയണം.

**മനോജ് സെബാസ്റ്റ്യൻ**, പാലക്കാട്

വിവരിക്കുന്ന സുപ്രസിദ്ധമായ ദർശനത്തിൽ (10:9-16) യേശു പത്രോസിനു മൂന്നാവർത്തി നൽകുന്ന കൽപന, നീ ഇവയെ കൊന്നു ഭക്ഷിക്കുക... ദൈവം വിശുദ്ധീകരിച്ചവ മലിനമെന്ന് നീ കണക്കാക്കരുത് എന്നാണ്.

പഴയ നിയമത്തിലേക്ക് കണ്ണോടിച്ചാൽ:- ഇസ്രായേൽ ജനം ഒരിക്കലും രക്തശുദ്ധി പരിഗണിച്ചിരുന്നില്ല എന്നതിന് തെളിവ് തേടേണ്ട ആവശ്യം പോലുമില്ല. ആ ജനത്തിന്റെ പ്രവേശക കൂദാശ പരിഛേദനമാണല്ലോ. ഇതു സംബന്ധിച്ച് അബ്രാഹത്തിന് യാഹ്വെ നൽകിയ നിർദേശം ഇങ്ങനെയാണ്: നിന്റെ വീട്ടിൽ പിറന്നവനോ, നിന്റെ സന്താനങ്ങളിൽ പെടാത്ത വിലയ്ക്കു വാങ്ങിയ പരദേശിയോ ആകട്ടെ തലമുറതോറും എല്ലാ പുരുഷന്മാർക്കും പരിഛേദനം ചെയ്യണം. നിന്റെ വീട്ടിൽ പിറന്നവനും നീ വിലയ്ക്കു വാങ്ങിയവനും പരിഛേദനം ചെയ്യപ്പെടണം (ഉൽപത്തി 17:12-13). ഇവിടെ രക്തശുദ്ധി (വംശശുദ്ധി) പ്രശ്നമേ അല്ലല്ലോ.

സ്വജനങ്ങളുടെ ഇടയിൽ നിന്ന് ഇസഹാക്കിന് ഭാര്യയെ കണ്ടെത്തുവാൻ വേണ്ടി ശപഥത്തോടെ ഭൃത്യൻ ഏലിയാസറിനെ പറഞ്ഞയയ്ക്കുന്ന അബ്രാഹത്തിന്റെ അവസാനവാക്കിതാണ്: എന്നാൽ ആ സ്ത്രീക്ക് നിന്നോടുകൂടെ പോരാൻ ഇഷ്ടമില്ലെങ്കിൽ, എന്റെ ഈ ശപഥത്തിൽ നിന്ന് നീ മുക്തനാണ്; എന്റെ മകനെ അങ്ങോട്ട് തിരികെ കൊണ്ടുപോകരുതെന്നു മാത്രം (ഉൽപത്തി 24:8). അബ്രാഹത്തിന് രക്തശുദ്ധിയെക്കാൾ പ്രധാനം യാഹ്വെയോടുള്ള വിധേയത്വവും വിശ്വസ്തതയുമാണ്.

പ്രവാസത്തിനിടയിൽ വിധവയായ നവോമിയുടെ രണ്ടു പുത്രന്മാരും വിജാതീയ സ്ത്രീകളെ വിവാഹം കഴിച്ചതിൽ അസ്വാഭാവികതയോ നിയമലംഘനമോ വിശുദ്ധഗ്രന്ഥകാരൻ കാണുന്നില്ല. മാത്രമല്ല, ഈ വിജാതീയ സ്ത്രീകളിലൊരുവളായ റൂത്ത് പഴയ നിയമത്തിലെ ആദർശവതിയായ മരുമകളാണ്- ഇവളുടെ പേരിലാണല്ലോ ഗ്രന്ഥം അറിയപ്പെടുന്നതും. ഇവൾ തന്നെയാണ്, അമ്മായിഅമ്മയുടെ ഉപദേശം സ്വീകരിച്ച്, ആ അമ്മയുടെ അകന്ന ബന്ധുവായ ബോവാസ്സിനെ നിയമാനസൃതമായി വിവാഹം കഴിച്ച്, ദാവീദ് രാജാവിന്റെ മുത്തശ്ശിയാകുന്നത്.

ബാബിലോണിയൻ പ്രവാസത്തിനുശേഷം തിരിച്ചെത്തിയ യഹൂദർക്കിടയിൽ നടമാടിയിരുന്ന മിശ്രവിവാഹത്തെ എസ്രാ പുരോഹിതൻ കഠിനമായി അപലപിക്കുകയും കർശനമായി നിർത്തലാക്കുകയും ചെയ്തു. (എസ്ര 9-10). അതുപക്ഷേ, രക്തസങ്കലനത്തിന്റെ പേരിലല്ല, വിഗ്രഹാരാധകരും അസന്മാർഗികളുമായ തദ്ദേശ വാസികളുടെ മ്ളേഛതകൾകൊണ്ട് മിശ്രവിവാഹങ്ങൾ വഴി - സോളമൻ രാജാവിന്റെ ഭാര്യമാരും വെപ്പാട്ടിമാരും വഴി സംഭവിച്ചതുപോലെ (1 രാജാ. 11) - വിശുദ്ധവംശം വിശ്വാസപരമായും ധാർമികമായും മലിനമാക്കപ്പെട്ടതുകൊണ്ടാണ്. വിശുദ്ധവംശത്തിന്റെ വിശുദ്ധി അടങ്ങിയിരിക്കുന്നത് കർമ്മത്തിലും ധർമ്മത്തിലുമാണ്, ജന്മത്തിലും രക്തത്തിലുമല്ല.

www.malankaralibrary.com

മത്തായി സുവിശേഷകൻ യേശുവിന്റെ വംശാവലിയിൽ പരിശുദ്ധ കന്യകയുടെ പൂർവഗാമികളായി നാലു വിജാതീയ സ്ത്രീകളെ (സ്ത്രീകളായി അവരെ മാത്രം) ഉൾക്കൊള്ളിച്ചത് മനസ്സറിവുകൂടാതെ ആവില്ല.

ചരിത്രത്തിന്റെ പാഠങ്ങൾ:- ക്നാനായ പാരമ്പര്യമനുസരിച്ച് ഏ.ഡി 345ൽ കനായി തോമായുടെ നേതൃത്വത്തിൽ കൊടുങ്ങല്ലൂർ കുടിയേറിപ്പാർത്ത 72 കുടുംബങ്ങളിൽനിന്നാണ് ക്നാനായ സമുദായം ഉണ്ടായത്. വൈവാഹിക ആവശ്യത്തിന് ആരെയും പിന്നീട് സ്വദേശമായ മെസൊപ്പൊട്ടേമിയയിൽ നിന്ന് കൂട്ടിക്കൊണ്ടുവന്നതായി ആരും പറഞ്ഞുകേട്ടിട്ടില്ല. അതേ സമയം നിലവിലുള്ള ക്നാനായ സമുദായം മുഴുവനും, പരസ്പര വിവാഹങ്ങൾ വഴി, 72 മൂല കുടുംബങ്ങളിൽനിന്നു മാത്രം ഉണ്ടായി എന്ന് വിശ്വസിക്കുവാൻ ബുദ്ധിമുട്ടുണ്ട്. ഇപ്പോൾ കോട്ടയം അതിരൂപത നിഷ്ക്കർഷിക്കുന്ന രീതിയിൽ ആദ്യകാലംമുതൽ വംശശുദ്ധി പാലിക്കപ്പെട്ടിരുന്നെങ്കിൽ വംശം ബാക്കിയില്ലാതെ നശിച്ചിരിക്കുവാനാണ് ജനിതകമായി സാദ്ധ്യത ഏറെയുള്ളത്.

ക്നാനായക്കാർ ബഹുഭൂരിഭാഗവും വെളുത്ത നിറമുള്ളവരാണ്; എന്നാൽ ഇരുനിറക്കാരും കറുത്തവരും അവരുടെയിടയിലുണ്ട്- വർണവൈവിധ്യം ക്നാനായക്കാരുടെയിടയിൽ ഏതെങ്കിലും വിധത്തിൽ ഒരു സാമൂഹ്യപ്രശ്നം ആയതായി കേട്ടിട്ടുമില്ല. എങ്ങിനെയൊക്കെയെങ്കിലും വംശശുദ്ധി പാലനത്തിൽ വീഴ്ചയോ അയവോ വഴി ആയിരിക്കണമല്ലോ സമുദായത്തിൽ നിലവിലുള്ള വർണവൈവിധ്യം സംഭവിച്ചത്.

പൂർവ്വപിതാവായ ക്നായി തോമായ്ക്ക് വെളുത്തവളും കറുത്തവളുമായ രണ്ടു ഭാര്യമാരുണ്ടായിരുന്നതായി കഥയുണ്ട്. വാസ്തവമെന്തായാലും, കഥ സംഭാവ്യമാണ്. എന്തെന്നാൽ ക്നായി തോമാ ഒരു സന്യാസി ആയിരുന്നില്ല. മറിച്ച് സമ്പന്നനും ജ്ഞാനിയും പ്രായോഗിക ബുദ്ധിയുള്ളവനുമായ ഒരു സമുദായപ്രമാണിയായിരുന്നു. പഴയ നിയമത്തിലെ പിതാക്കന്മാരെയും രാജാക്കന്മാരെയും അനുകരിച്ച്, തന്റെ മുമ്പിലുള്ള സവിശേഷ സാഹചര്യത്തിൽ, ആ പിതാവ് വംശം നിലനിൽക്കാനും വളരാനും വേണ്ടി, രണ്ടുഭാര്യമാരെ സ്വീകരിച്ചെങ്കിൽ, അതിൽ അസ്വാഭാവികതയോ നിയമലംഘനമോ കാണേണ്ടതില്ല. ഉദയംപേരൂർ സൂനഹദോസിന്റെ കാലത്തും (1599) നസ്രാണികളുടെ ഇടയിൽ, അപവാദമായിട്ടെങ്കിലും, ബഹുഭാര്യത്വം നിലവിലിരുന്നെന്ന് സൂനഹദോസിന്റെ ഒരു കാനോന (എസ്. 7, ഡി 13) തന്നെ വ്യക്തമാക്കുന്നുണ്ട്.

അങ്ങനെ, രൂപതാനിയമത്തിന്റെ നിർബന്ധമോ പിൻബലമോ ഇല്ലാതെ പതിനാറു നൂറ്റാണ്ടുകാലം ക്നാനായ സമുദായം യഥാർത്ഥമായും ഫലപ്രദമായും വേണ്ടത്ര വംശശുദ്ധി പാലിച്ചുപോന്നു. അപവാദമായിട്ടെങ്കിലും, നിലവിലിരുന്ന നിയമപ്രകാരം തന്നെ സമുദായത്തിനു വെളിയിൽനിന്ന് വിവാഹം വഴി പുരുഷന്മാരും സ്ത്രീകളും ഉള്ളിലേക്കു കടന്നുവന്ന് സമുദായത്തിൽ ഇഴുകിച്ചേർന്നെങ്കിൽ അതിൽ ആശ്ചര്യത്തിനു വകയില്ല; ഇങ്ങനെയുള്ള അപവാദങ്ങൾ വംശശുദ്ധി ഇല്ലാതാക്കുകയുമില്ല- അപവാദം നിയമത്തിനു തെളിവാകുന്നു എന്നാണല്ലോ പതിരില്ലാത്ത പഴമൊഴി.

വംശശുദ്ധി കർക്കശക്കാർ വിളിച്ചാണയിടുന്ന ഒരു വാക്യശകലം പത്താംപീയൂസ് പാപ്പായുടെ തിരുവെഴുത്തിലെ തെക്കുംഭാഗക്കാർക്കുവേണ്ടി എന്നതാണ്. ഇവരുടെ വ്യാഖ്യാനം, തെക്കുംഭാഗക്കാർക്കു വേണ്ടി എന്നാൽ, ഇനിമുതൽ ക്നാനായക്കാർക്കുമാത്രമേ പുനഃസ്ഥാപിക്കപ്പെട്ട കോട്ടയം വികാരിയാത്തിൽ അംഗങ്ങളാകാൻ കഴിയൂ എന്നാണ്. ഇത് ദുർവ്യാഖ്യാനമാണ്.

മാർപാപ്പയെയും സീറോമലബാർ സഭയെയും, സംബന്ധിച്ചിടത്തോളം അതീവ ദുഃഖകരവും ദൗർഭാഗ്യകരവുമായ ഒരു പ്രതിസന്ധിക്ക് പരിഹാരമായിട്ടാണ്, തെക്കുംഭാഗക്കാർക്കുവേണ്ടി-അവർക്കുമാത്രമായി-കോട്ടയം വികാരിയാത്ത് പുനഃസ്ഥാപിച്ചത്. ഈ പരിമിതപ്പെടുത്തലിന്റെ ലളിതവും പ്രകടവുമായ അർത്ഥം, നിലവിലുള്ള സീറോമലബാർ വികാരിയാത്തുകളിലെ തെക്കുംഭാഗക്കാർ മുഴുവനും കോട്ടയം വികാരിയാത്തിന്റെ അംഗങ്ങളായിരിക്കും, വടക്കുംഭാഗക്കാർ ആരും ഇതിൽ അംഗങ്ങളായിരിക്കില്ല എന്നുമാത്രമാണ്. നിലവിലുള്ള തെക്കുംഭാഗക്കാരിൽ വംശശുദ്ധി കുറഞ്ഞവരെ തെരഞ്ഞുപിടിച്ച് അവരെ ഭ്രഷ്ടാക്കണമെന്ന് തിരുവെഴുത്ത് കൽപിച്ചിരുന്നില്ലാത്തതുപോലെതന്നെ, വംശശുദ്ധിയില്ലാത്ത ആരും (വടക്കുംഭാഗക്കാരാകട്ടെ, മറ്റുള്ളവരാകട്ടെ) കൂദാശസ്വീകരണം വഴി പുനഃസ്ഥാ

www.malankaralibrary.com

പിക്കപ്പെട്ട വികാരിയാത്തിൽ അംഗങ്ങളും അങ്ങനെ തന്നെ തെക്കുംഭാഗക്കാരും ആകുവാൻ പാടില്ല എന്ന് തിരുവെഴുത്ത് കൽപിച്ചില്ല. തിരുവെഴുത്ത് സുവിശേഷവിരുദ്ധമായി ദുർവ്യാഖ്യാനം ചെയ്തുകൊണ്ടു മാത്രമേ അങ്ങനെയൊരു വിലക്ക് തിരുവെഴുത്തിൽ കണ്ടുപിടിക്കാൻ കഴിയുകയുള്ളൂ.

1925ൽ ചൂതുപ്പറമ്പിൽ പിതാവ് പ്രസിദ്ധീകരിച്ച "ഇടയ ലേഖനങ്ങൾ" എന്ന പുസ്തകത്തിൽ (പി. 423) പത്താം പീയൂസ് മാർപാപ്പ മാക്കീൽ പിതാവിന് അനുവദിച്ച (അവസാന) കൂടിക്കാഴ്ചയിൽ മാർപാപ്പയുടെ അന്തിമസന്ദേശം ഉദ്ധരിച്ചിരിക്കുന്നതിങ്ങനെയാണ്: "നിങ്ങളുടെ വൈദികരിൽ ഓരോരുത്തരോടും വിശ്വാസികളിൽ ഓരോരുത്തരോടും എന്നല്ല നിങ്ങൾ സത്യവിശ്വാസം അനുസരിപ്പിക്കുന്ന ഓരോരുത്തരോടും പാപ്പാ അവരെ സ്നേഹിക്കുന്നെന്നു പറയണം" (പുസ്തകത്തിൽ പരി. പിതാവിന്റെ വാക്കുകൾ ലത്തീനിലും മാക്കീൽ പിതാവിന്റെ പരിഭാഷ മലയാളത്തിലുമുണ്ട്. അടിവര എന്റേത്.

രൂപതാ സംവിധാനത്തിന്റെ സഹായമോ ദുരുപയോഗമോ കൂടാതെ, 1911 നുമുമ്പുള്ള ദീർഘകാലമത്രയും ക്നാനായ സമുദായത്തിന് വംശശുദ്ധി കാത്തുസൂക്ഷിക്കാൻ കഴിഞ്ഞെങ്കിൽ, ഇപ്പോഴും കോട്ടയം അതിരൂപത സ്വന്തം സുവിശേഷദൗത്യത്തിനും മൗലികസഭാസ്വഭാവത്തിനും അനുസൃതമായി, സ്വന്തം അജണ്ടയിൽനിന്ന് വംശശുദ്ധി ഒഴിവാക്കിയാലും ക്നാനായ സമുദായത്തിന് രൂപതാസ്ഥാപനത്തിനു മുമ്പുള്ള നൂറ്റാണ്ടുകളിലെന്ന പോലെ, ആവശ്യത്തിനത്ര നിരാക്ഷേപമായ വംശശുദ്ധി കാത്തുസൂക്ഷിക്കാൻ കഴിയും.

നിലവിൽ, കാനോനികമായി കോട്ടയം അതിരൂപത കത്തോലിക്കാ സഭയ്ക്കുള്ളിലാണെങ്കിലും, സുവിശേഷീകരണം എന്ന മൗലികദൗത്യവും സഭാസ്വാഭാവവും നിരാകരിക്കുകവഴി യഥാർത്ഥത്തിൽ, സ്വയം സഭാഭ്രഷ്ട് വരച്ചിരിക്കുകയല്ലേ എന്ന ചോദ്യവും എന്റെ മുമ്പിൽ ഉയരുന്നുണ്ട്. വംശശുദ്ധി ഒഴിവാക്കിയാൽ പുതുവെള്ളത്തിൽ ഊത്തകയറും പോലെ ക്നാനായ സമുദായത്തിലേക്ക് പുറമെനിന്ന് ആൾപ്രവാഹം ഉണ്ടാകും എന്ന ആശങ്കയ്ക്ക് ഒരു സാംഗത്യവും ഇല്ലെന്നതാണ് ചരിത്രത്തിന്റെ പാഠം.

## ഓർമ്മപ്പെടുത്തലിന് നന്ദി

രണ്ടാം വത്തിക്കാൻ കൗൺസിൽ നടന്നിട്ട് 50 വർഷമാകുന്ന വേളയിൽ അതിനെക്കുറിച്ച് കാരുണികന്റെ സമയോചിതമായ ഓർമ്മപ്പെടുത്തലിൽ ചാരിതാർത്ഥ്യമുണ്ട്. അനേകം ദൈവമക്കൾ ഉൾപ്പെടുന്ന സഭ എന്നും വിശുദ്ധമായിരിക്കണം, വികസനോന്മുഖമായിരിക്കണം. അതിനായി പഴയ കാലഘട്ടത്തിലെ പ്രാർത്ഥനയും ഉപവാസവും അനുസരണവും ഈ പുതിയ തലമുറയ്ക്ക് അത്യന്താപേക്ഷിതമാണ്. സഭ ഇന്നത്തെ കാലഘട്ടത്തിന് അനുസൃതമായി മാറ്റപ്പെടുന്നതിനൊപ്പം അതിന്റെ ചൈതന്യം കാത്തു സൂക്ഷിക്കുകയും വേണം. അതിന് നിരവധി പ്രമാണരേഖകൾ നമുക്ക് മാർഗ്ഗ നിർദ്ദേശം നൽകുന്നുണ്ട്. അവയെക്കുറിച്ച് ആധികാരികമായി പരമാർശിച്ച കാരുണികൻ പ്രശംസനീയമായ ദൗത്യമാണ് നിറവേറ്റിയിരിക്കുന്നത്. സഭ അതിരുകളും അതിർവരമ്പുകളുമില്ലാതെ ഒരുമയോടെ മുന്നോട്ടു നീങ്ങുന്ന നാളുകൾക്ക് വേണ്ടിയാണ് ഓരോ വിശ്വാസികളും പ്രയത്നിക്കേണ്ടത്.

മെയ് 1ന് തൊഴിലാളികളുടെ മധ്യസ്ഥനായ യൗസേപ്പ് പിതാവിന്റെ തിരുനാൾ പ്രദക്ഷിണത്തിൽ പങ്കെടുത്തപ്പോൾ മനസ്സ് നൊന്തുപോയി. അധ്വാനിക്കുന്നവന് അവന്റെ വിയർപ്പിന്റെ വിലയ്ക്കനുസരിച്ചുള്ള പ്രതിഫലം ലഭിക്കുന്നുണ്ടോ എന്ന് ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. വേദനയോടെ പണിയെടുക്കുന്ന എത്രയോ ആളുകളാണ് നമുക്കു ചുറ്റും ഉള്ളതെന്ന് യൗസേപ്പ് പിതാവിന്റെ തിരുനാൾ ദിനത്തിൽ തീർച്ചയായും അറിയേണ്ടതുണ്ട്. നീതി നിഷേധിക്കപ്പെട്ടിരിക്കുന്ന ഒരു വലിയ വിഭാഗം ജനതകളുടെ വ്യാകുലതകൾ സമൂഹത്തിന് മുന്നിൽ നിഷ്പക്ഷമായി അവതരിപ്പിക്കുന്ന കാരുണികൻ അഭിനന്ദനം അർഹിക്കുന്നു. നമ്മിലേക്ക് കൂടി ഒരുനിമിഷം വിരൽ ചൂണ്ടിക്കൊണ്ട് സ്വയം തിരുത്താൻ മാർഗ്ഗനിർദ്ദേശം നൽകുന്ന കാരുണികന് നന്ദി.

**ഫാ. സെബാസ്റ്റ്യൻ പുന്നയ്ക്കൽ**
സെന്റ് മോനിക്കാ ചർച്ച്
മരിയാപുരം, തുറവൂർ

www.malankaralibrary.com

തുടങ്ങിയെടത്തേക്ക് മടങ്ങട്ടെ. കോട്ടയം അതിരൂപതയ്ക്ക് മലബാറിലും അമേരിക്കയിലുമെങ്കിലും സാമന്ത രൂപതകൾ ലഭിക്കാൻവേണ്ട യോഗ്യതകളുണ്ട്-വംശശുദ്ധി വിഗ്രഹം ഒഴികെ. സീറോമലബാർ സിനഡിൽ രഹസ്യവോട്ടു ചെയ്യുന്ന വടക്കുംഭാഗമെത്രാൻമാരും റോമൻ തിരുസംഘങ്ങളിലെ കർദ്ദിനാളന്മാരും ഇത് ഉറക്കെ പറയില്ലെന്നു മാത്രം. ഈ വിഷയം അർഹിക്കുന്ന ഗൗരവത്തോടെ ചർച്ച ചെയ്യപ്പെടുകയും പ്രശ്നം പരിഹരിക്കപ്പെട്ട് കോട്ടയം അതിരൂപതയും ക്നാനായ സമുദായവും ഉത്തരോത്തരം പുരോഗമിക്കുകയും ചെയ്യട്ടെ എന്ന പ്രത്യാശയോടും പ്രാർത്ഥനയോടും കൂടെ ഞാൻ നിർത്തുന്നു.

**ഫാ. ജോസഫ് കൊട്ടുകാപ്പള്ളി എസ്. ജെ**
സെന്റ് ജോസഫ്സ് ജസ്വീറ്റ് ഹൗസ്,
കോഴിക്കോട്

## ജനഹിതമറിയാൻ

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സുവർണ്ണ ജൂബിലി കാലഘട്ടത്തിൽ കാരുണികൻ മാസിക പ്രസിദ്ധീകരിച്ച വിചിന്തനങ്ങൾ, പ്രത്യേകിച്ചും എഡിറ്റോറിയലും പൊരുന്നേടം പിതാവുമായുള്ള അഭിമുഖവുമൊക്കെ കാലിക പ്രസക്തമായിരുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സുവർണ്ണ ജൂബിലി കാലം കേരള കത്തോലിക്കാസഭ ആത്മപരിശോധനാവർഷമായി ആചരിക്കുന്നത് എന്തുകൊണ്ടും പ്രസക്തമാണ്.

കെ.സി.ബി.സി ലേബർ കമ്മീഷൻ ചെയർമാൻ അഭി. മാർ ജോസ് പൊരുന്നേടം പിതാവിന്റെ ലോക തൊഴിലാളിദിനസന്ദേശം സർക്കുലറിൽ മാത്രം ഒതുങ്ങാതെ കേരളസഭയുടെ എല്ലാ തലങ്ങളും പ്രതിഫലിപ്പിച്ചിരുന്നുവെങ്കിൽ എന്നാശിക്കുന്നു. സന്യാസീ-സന്യാസിനികളുടെ സ്ഥാപനങ്ങൾ കേരളസഭയുടെ സുവിശേഷീകരണത്തിനുള്ള സ്ഥാപനങ്ങളാണെന്ന കാര്യം മറക്കാതിരിക്കുക. വൈദിക സന്യസ്ത ജീവിതം മുഴുവനും സ്ഥാപനങ്ങളിൽ ചടഞ്ഞുകൂടിയിരിക്കുന്നവർ ജനത്തിന്റെ രോദനം കേൾക്കുവാൻ ചെവികൂർപ്പിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. യേശുക്രിസ്തുവിന്റെ നല്ല വിശേഷം പ്രഘോഷിക്കാൻ കേരള ക്രൈസ്തവസഭയ്ക്ക് സാധിക്കുന്നുണ്ടോ എന്ന ആത്മവിമർശനവും സർവ്വേയും അത്യാവശ്യമാണ്.




"യേശു കേസറിയാ ഫിലിപ്പി പ്രദേശത്ത് എത്തിയപ്പോൾ ശിഷ്യന്മാരോട് ചോദിച്ചു: മനുഷ്യപുത്രൻ ആരെന്നാണ് ജനങ്ങൾ പറയുന്നത്? അവർ പറഞ്ഞു: ചിലർ സ്നാപകയോഹന്നാനെന്നും മറ്റു ചിലർ ഏലിയാ എന്നും വേറെ ചിലർ ജറെമിയാ അല്ലെങ്കിൽ പ്രവാചകന്മാരിലൊരുവൻ എന്നും പറയുന്നു. അവൻ അവരോട് ചോദിച്ചു: എന്നാൽ ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത്? ശിമയോൻ പത്രോസ് പറഞ്ഞു: നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്" (മത്താ 16:13-16). തന്റെ ദൈവിക വെളിപ്പെടുത്തൽ ജനത്തിനും തന്റെ കൂടെയുള്ള അപ്പസ്തോലന്മാർക്കും മനസ്സിലാകുന്നുണ്ടോ എന്നതായിരുന്നു യേശുക്രിസ്തുവിന്റെ ചോദ്യത്തിന്റെ ലക്ഷ്യം. സാമാന്യ ഭാഷയിൽ യേശുക്രിസ്തു നടത്തിയ ഒരു സർവ്വേയായിരുന്നു ഇതെന്നു വ്യക്തം. ജനത്തിന്റെ മനസ്സറിയുവാനുള്ള സർവ്വേ.

യേശുക്രിസ്തുവിന്റെ സ്വർഗ്ഗരാജ്യത്തിന്റെ നാന്ദിയായി ഭൂമിയിൽ മനുഷ്യന്റെ രക്ഷയ്ക്കായി അവിടുന്നു സ്ഥാപിച്ച സഭയ്ക്ക് അതിന്റെ ആത്മീയവും

www.malankaralibrary.com

ഭൗമീകവുമായ വശങ്ങളുണ്ട്. ദൈവരാജ്യത്തിന്റെ വ്യാപനത്തിനായി സ്ഥാപിതമായിരിക്കുന്ന സഭ പ്രസ്തുതദൗത്യം നിറവേറ്റിക്കൊണ്ടിരിക്കുന്നുവെന്നതു സത്യമത്രെ. എങ്കിലും സഭ പലപ്പോഴും പ്രതിക്കൂട്ടിലാണ്. സുവിശേഷ പ്രഘോഷണത്തിനായി സഭ നടത്തുന്ന സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും പലപ്പോഴും കരിഞ്ചന്തയും അന്യായക്കാരുമായി വിമർശിക്കപ്പെടുന്നു. സഭാപിതാക്കന്മാരും വൈദികരുമൊക്കെ പഴികേൾക്കേണ്ടിവരുന്നു. വിദ്യാഭ്യാസ കച്ചവടക്കാരുടെ കൂട്ടത്തിലും കോർപ്പറേറ്റ് ഭീമന്മാരുടെ കൂട്ടത്തിലുമൊക്കെ അവർ പരിഗണിക്കപ്പെടുന്നു. വൈദികർ അജപാലന കാര്യങ്ങളിലുള്ള ശ്രദ്ധ കുറച്ച് സ്ഥാപനങ്ങളുടെ ഡയറക്ടർമാരും എക്സിക്യൂട്ടീവ് ഓഫീസർമാരുമാകുന്നു. സഭയുടെ സ്ഥാപനങ്ങളിൽ സുതാര്യതയില്ലെന്ന പഴി കേൾക്കുന്നു. സ്ഥാപനങ്ങളിലെ അഡ്മിഷന് വൻതുകകൾ കൈപ്പറ്റുന്നുവെന്ന പരാതി വേറെയും. വൈദികർ അജപാലകർ എന്നതിലുപരി വിവിധ മേഖലകളിൽ വൈദഗ്ദ്യം സമ്പാദിച്ച മാനേജ്മെന്റ് വിദഗ്ദരും പ്രൊഫഷണലുകളുമാകുന്നുവെന്ന് ജനം പിറുപിറുക്കുന്നു. ചാനലുകാരും പത്രക്കാരും രാഷ്ട്രീയക്കാരും മറ്റ് സമുദായ നേതാക്കളുമൊക്കെ ഒളിഞ്ഞും തെളിഞ്ഞും സഭയെ കടന്നാക്രമിക്കുന്നു. പിതാക്കന്മാർക്കും വൈദികർക്കും സന്യാസി-സന്യാസിനികൾക്കും ഇതൊന്നും കാണുവാനുള്ള സമയവും സാവകാശവുമില്ലാത്തിനാൽ “കണ്ടില്ല കേട്ടില്ല” എന്ന് അവരും ആശ്വസിക്കുന്നു.

മറ്റൊരിടത്ത് വട്ടിപ്പണത്തിന്റെ പേരിലും സമുദായക്കേസിന്റെ പേരിലും കക്ഷിവഴക്കുകളുടെ പേരിലും, കോലഞ്ചേരി പള്ളി, കണ്യാട്ടുനിരപ്പു പള്ളി, പുതുപ്പള്ളി - മണർകാടു പള്ളികൾ തൃക്കുന്നത്തു സെമിനാരി തുടങ്ങി മരിച്ചടക്കു നടത്തുന്ന സെമിത്തേരികളുടെ പേരിൽ വരെ തെരുവുയുദ്ധങ്ങളും, പോലീസ് കോടതിക്കേസുകളുമൊക്കെയായി സമരാഭാസങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. എല്ലാം സമാധാനപ്രഭുവും സ്നേഹം തന്നെയുമായ യേശുക്രിസ്തുവിന്റെ തിരുനാമത്തിൽ തന്നെ.

യേശുക്രിസ്തുവിന്റെ നാമത്തിൽ, അവിടുത്തെ സഭയുടെ നാമത്തിൽ, നടക്കുന്ന പലകാര്യങ്ങളും രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ നടക്കുന്നതിനേക്കാൾ ജുഗുപ്സാവഹമായ കാര്യങ്ങളാണ്. പലരും മലർന്നുകിടന്നു തുപ്പുകയാണ്. യേശുക്രിസ്തു തെരുവിൽ വീണ്ടും വലിച്ചിഴയ്ക്കപ്പെടുകയും ക്രൂശിക്കപ്പെടുകയും അപമാനിതനാക്കപ്പെടുകയുമാണ്.

രാഷ്ട്രീയക്കാരെ നാം പലപ്പോഴും കുറ്റപ്പെടുത്തുകയും വിധിക്കുകയും ചെയ്യുന്നു. അവർ ചെയ്യുന്നതൊന്നും ദൈവത്തിന്റെ നാമത്തിലല്ല. അവിടെ ജനാധിപത്യമാണ് നടക്കേണ്ടത്. കൈയ്യൂക്കുള്ളവൻ കാര്യക്കാരനാകേണ്ടിടമാണ് രാഷ്ട്രീയം. പക്ഷെ യേശുക്രിസ്തുവിന്റെ സഭയിലോ?

കഴിഞ്ഞ ദിവസം പത്രത്തിൽ ഒരു വാർത്ത കണ്ടു: സർക്കാരിന്റെ വികസനപ്രവർത്തനങ്ങൾ ഫലപ്രദമാക്കാനായി ജനഹിതമറിയാൻ അഭിപ്രായ സർവ്വേകളും വോട്ടെടുപ്പും നടത്തുന്നു. ഉദ്യോഗസ്ഥരും സ്തുതിപാഠകരും നൽകുന്ന വിവരങ്ങൾക്കപ്പുറം വിശാലവും സത്യസന്ധവുമായ വിലയിരുത്തൽ നടത്താനാണിത്. കേരള ഗവൺമെന്റ് നടത്തുന്ന ഈ പരിപാടി കേരളത്തിലെ സഭയ്ക്കും ആകാവുന്നതാണ്. ഇടവക കമ്മറ്റികളും പൊതുയോഗങ്ങളും മുതൽ, പാസ്റ്ററൽ കൗൺസിലുകളും പ്രെസ്ബിറ്ററൽ കൗൺസിലുകളും രൂപതാസഭാ അസംബ്ലികളുമൊക്കെ വെറും പ്രഹസനങ്ങളായി മാറാതെ, ദൈവജനത്തിന്റെ മിടിപ്പും കിതപ്പും മനസ്സിലാക്കാനുള്ള ഉപാധികളായി മാറേണ്ടതുണ്ട്. സിനഡുകളും മെത്രാൻ കൗൺസിലുകളുമൊക്കെ ദൈവജനത്തിന്റെ ആകുലതകൾക്ക് ആശ്വാസവും പ്രതീക്ഷകളും നൽകുന്നവയാകട്ടെ.

**ഫാ. ജോർജ്ജ് തേക്കടയിൽ**
തിരുവല്ല

## വത്തിക്കാൻ കൗൺസിൽ

കാരുണികന്റെ കഴിഞ്ഞ ലക്കത്തിലെ ഡോ. പോൾ പനിക്കിയായുടെ വത്തിക്കാൻ കൗൺസിൽ പ്രധാന ഘടകങ്ങൾ എന്ന ലേഖനം കേരള സഭയുടെ ബുദ്ധിമണ്ഡലത്തിലേയ്ക്ക് പ്രകാശം പരത്തുന്ന ഒന്നായിരുന്നു. മൊഴിമാറ്റം നടത്തി. വളരെ കാലിക പ്രസക്തമായ ഒരു ചോദ്യം ചോദിച്ചുകൊണ്ടാണ് ലേഖനം ആരംഭിക്കുന്നത്. ഇന്നത്തെ കേരളസഭ വത്തിക്കാൻ രണ്ടാം കൗൺസിലിനെ ശരിയായി ഉൾക്കൊള്ളുകയോ അതിന്റെ ചൈതന്യം ഏറ്റെടുക്കുകയോ ചെയ്തി ട്ടില്ല. പല ദൈവശാസ്ത്ര

www.malankaralibrary.com

പണ്ഡിതരും തങ്ങളുടെ നിക്ഷിപ്ത താൽപര്യങ്ങൾ പ്രചരിപ്പിക്കുവാൻ വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖകൾ ദുരുപയോഗം ചെയ്യുന്നുണ്ട്. ഇങ്ങനെ ദൈവശാസ് ത്രപരമായ മണ്ഡത്തരങ്ങളിൽ വ്യാപരിക്കുന്നവർ ഈ ലേഖനം തീർച്ചയായും വായിച്ചിരിക്കണം. ചില ർ അന്ധമായി വത്തിക്കാൻ കൗൺസിലിനെ എതിർക്കുന്നു. കുറെ ചിലർ അതിനെ തങ്ങളുടെ വികലമായ ആശയങ്ങളോട് ചേർത്ത് പ്രചരിപ്പിക്കുന്നു. രണ്ട് കൂട്ടരും പാഴ്മുറം കൊണ്ട് സൂര്യനെ മറയ്ക്കാൻ ശ്രമിക്കുന്ന കുട്ടികളെപ്പോലെയാണ്. ഈടുറ്റ ഈ ലേഖനം പ്രസിദ്ധീകരിച്ച കാരുണികന് അഭിനന്ദനങ്ങൾ!

**ഫാ. നിക്സൺ ജോർജ്ജ് കോട്ടയിൽ**
സെന്റ് ജോൺസ് ചർച്ച്, പാലാ വയൽ

## എക്യൂമെനിക്കൽ

കത്തോലിക്കാ തിരുസഭയുടെ വിശാലമായ മനസ്സ് ലോകജനത ആദ്യമായി മനസ്സിലാക്കുന്നത് രണ്ടാം വത്തിക്കാൻ കൗൺസിലോടുകൂടിയാണ്. കത്തോലിക്കാ അകത്തോലിക്കാ പ്രതിനിധി സാന്നിദ്ധ്യം, മുൻ കൗൺസിലുകളെ അപേക്ഷിച്ച് എത്രയോ മടങ്ങ് വരുന്ന ക്ഷണിക്കപ്പെട്ടവരുടെയും പങ്കുചേരുന്നവരുടെയും സംഖ്യ, ഇതെല്ലാം ഈ കൗൺസിലിന്റെ പ്രത്യേകതകൾ തന്നെയാണ്. എക്യുമെനിക്കൽ കൗൺസിൽ എന്നു തന്നെ ഈ കൗൺസിലിനെ പേരു വിളിക്കുന്നവരുമുണ്ട്. പ്രാദേശിക ഭാഷകൾക്ക് ആരാധന ക്രമത്തിൽ ഈ കൗൺസിൽ അനുവദിച്ച സ്വാതന്ത്ര്യം എടുത്തു പറയേണ്ടത് തന്നെയാണ്. പാരമ്പര്യം കൈവെടിയാതെ എന്നാൽ നവീകരണത്തിന്റെ നല്ല വശങ്ങൾ ഉൾചേർക്കാനും ഈ കൗൺസിൽ വളരെ ശ്രദ്ധിച്ചിരിക്കുന്നുവെന്ന് പണ്ഡിതരും അവകാശപ്പെടുന്നു. ഏറെക്കുറെ എല്ലാ മേഖലകളിലും കാലിക സ്വാതന്ത്ര്യം കൗൺസിൽ അംഗീകരിക്കുന്നുണ്ട്. ചുരുക്കത്തിൽ രണ്ടാം വത്തിക്കാൻ കൗൺസിലിനെക്കുറിച്ച് കുറഞ്ഞസമയംകൊണ്ട് നല്ലൊരു പരിധിവരെ അറിവും ആശയരൂപീകരണവും നടത്തുവാൻ കഴിഞ്ഞ ലക്കം കാരുണികൻ ലേഖനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്; അഭിനന്ദനങ്ങൾ... ഒപ്പം വായനക്കാരിൽ കൗൺസിൽ വിഭാവനം ചെയ്യുന്ന ആ ലക്ഷ്യം എന്ന് പ്രാപ്തമാകും എന്ന ഒരു ക്രിയാത്മകമായ ആശങ്കയും ജനിപ്പിക്കാൻ ഈ ലേഖനങ്ങൾ വഴി സാധ്യമായിട്ടുണ്ട്.

**ഫാ. ജോസഫ് ഷെറിൻ ചെമ്മായത്ത്**
സെന്റ് മേരി മഗ്ദലൈൻ ചർച്ച്, മരട്

## മെയ്ദിനം

ഈ ലക്കം കാരുണികന്റെ മെയ്മാസചിന്തയെ എത്ര പ്രശംസിച്ചാലും മതിയാവില്ല. സി.പി.എം കാരായ അനവധി അംഗങ്ങളുള്ള ഒരു ഇടവകയാണ് ഇത്. തൊഴിലാളിവർഗ്ഗത്തോടുള്ള സഭയുടെ ആഭിമുഖ്യത്തെയും നിലപാടുകളെയും കുറിച്ച് വിശദമായി പറഞ്ഞു തന്നത് വിശ്വാസികൾക്ക് സഭയിലുള്ള കൂറ് ഊട്ടിയുറപ്പിക്കാൻ സഹായിക്കുമെന്ന് ഉറപ്പാണ്. സഭയിലെ തന്നെ ചില വിമർശനാത്മക പ്രശ്നങ്ങളെ ചൂണ്ടിക്കാട്ടിത്തന്ന ആ അഭിമുഖം വളരെ അഭിനന്ദനം അർഹിക്കുന്നു.

50 വർഷങ്ങൾകൊണ്ട് ആഗോള സഭാജീവിതത്തിൽ വത്തിക്കാൻ കൗൺസിൽ വരുത്തിയ മാറ്റങ്ങളെ വിലയിരുത്തിയത് നന്നായി. എക്യുമെനിക്കൽ കൗൺസിലുകൾ എന്തിനായിരുന്നുവെന്നും അത് നിരീശ്വരവാദത്തിനെതിരെ എങ്ങനെ പ്രവർത്തിച്ചുവെന്നുമുള്ള ഉൾക്കാഴ്ചയും അറിവും പകർന്നു തരാൻ ഈ ലേഖനത്തിന് കഴിഞ്ഞു. മാത്രമല്ല വത്തിക്കാൻ കൗൺസിലിന്റെ തീരുമാനങ്ങളെക്കുറിച്ച് വിശ്വാസികളിൽ കൂടുതൽ അവബോധം ഉളവാക്കാനും ഉപകരിച്ചു.

ദുഃഖവെള്ളിയിൽ ഉപവസിച്ചിട്ട് അതിന്റെ തുടർച്ചയായ ഈസ്റ്ററിനും ഉപവസിച്ചുകൂടെ എന്ന് ചോദിക്കുന്നവരുണ്ട്. കൃതജ്ഞതയോടെ ഭക്ഷിക്കുമ്പോൾ ഭക്ഷണം ഒരു സ്നേഹവിരുന്ന് തന്നെയാകുന്നുവെന്നുള്ള ചിന്ത അത്തരം ചോദ്യങ്ങൾക്കുള്ള മറുപടിയാണ്. ചുരുക്കത്തിൽ മെയ് ലക്കം കാരുണികൻ വ്യത്യസ്ത വിഭവങ്ങൾ വിളമ്പിയ ഒരു സ്നേഹവിരുന്ന് തന്നെയായിരുന്നു.

**ഫാ. എബ്രഹാം കുപ്പപ്പുഴയ്ക്കൽ**
സെന്റ് ജോർജ് ചർച്ച്, കുട്ടിക്കൽ

## വിരുന്ന്

ഓരോ ലക്കത്തിലും പുതുമകളുമായിറങ്ങുന്ന കാരുണികന് ആദ്യംതന്നെ അഭിനന്ദനങ്ങൾ അറിയിക്കുന്നു. വത്തിക്കാൻ കൗൺസിലിനെ സംബ

www.malankaralibrary.com

ന്ധിച്ച് ഡോ. പോൾ പനിയിക്കായുടെ ചരിത്രാ ഖ്യാനപരമായ വിശകലനം അത്യന്തം വിജ്ഞാന പരമായിരുന്നു. കൗൺസിലിനെക്കുറിച്ച് ആഴത്തി ലുള്ള ഒരു അവബോധത്തിന് ഈ ലേഖനം വഴി യൊരുക്കി.

വിരുന്നിന്റെ പുണ്യമൂല്യം മനസ്സിലാക്കിത്തന്ന ഇല്ലത്തുപറമ്പിലച്ചന്റെ ലേഖനം ഹൃദ്യമായി. സാധാരണ ഗതിയിൽ അധികമാരും ചിന്തിക്കാത്ത, എന്നാൽ അവശ്യം ഉണ്ടായിരിക്കേണ്ട ബോധ്യ മാണത്. വെറും ഭക്ഷണം എന്നതിലുപരി ഓരോ ഭോജ്യവും വിശിഷ്ടമാകുന്നതെങ്ങനെയെന്നും സ്നേഹത്തോടെ പങ്കിട്ട് കഴിക്കുമ്പോൾ അവയ്ക്ക് വി. കുർബ്ബാനയുടെ പ്രതിച്ഛായ കൈവരുമെന്നു മുള്ള സന്ദേശമാണ് ആ ലേഖനത്തിലൂടെ പങ്കുവ യ്ക്കപ്പെട്ടത്.

ഏറ്റവും ലളിതമായ ഭാഷയിൽ ദൈവശാസ്ത്ര ചിന്തകൾ പകർന്നു തരുന്ന കാരുണികന് ആശം സകൾ.

**ഫാ. സോണി മാത്യു, പെരുമ്പള്ളി**
കോതമംഗലം സെമിനാരി

## അറിവും തുറവിയും

വത്തിക്കാൻ കൗൺസിൽ കഴിഞ്ഞിട്ട് 50 വർഷ ങ്ങൾ പിന്നിട്ടിരിക്കുന്നു. ഈ അവസരത്തിൽ കൗൺസിലിന്റെ സംഭാവനകളെക്കുറിച്ച് കാരുണി കൻ നടത്തിയ അവലോകനം ഏറെ ഇഷ്ടപ്പെട്ടു. സത്യം പറഞ്ഞാൽ, ഞങ്ങൾ സിസ്റ്റേഴ്സ് പോലും കൗൺസിലിന്റെ ഡിക്രികൾ മുഴുവൻ വായിച്ചിട്ടില്ല എന്നതാണ് സത്യം. പിന്നെ അൽമായരുടെ കാര്യം എന്തുപറയാൻ. വത്തിക്കാൻ കൗൺസിൽ നിഷ് കർഷിച്ച പല മാറ്റങ്ങളും, പ്രത്യേകിച്ച് മനോഭാവ ത്തിൽ വരേണ്ട മാറ്റങ്ങൾ ഇന്നും അവഗണിക്കപ്പെടു കയാണ് എന്നു തോന്നുന്നു. സഭ ഈ 21-ാം നൂറ്റാ ണ്ടിൽ പ്രസക്തമാകണമെങ്കിൽ, മാറ്റങ്ങൾ ഉൾ ക്കൊണ്ടേ തീരൂ. മാറ്റങ്ങൾ ഉൾക്കൊള്ളണമെങ്കിൽ നമുക്കു നല്ല നേതൃത്വം വേണം - അറിവും, തുറവി യുമുള്ള നേതൃത്വം. ഇന്നു നേതാക്കളാകാൻ വേണ്ട ഗുണം, മേലധികാരികളോടുള്ള വിധേയത്വം മാത്ര മാണോ എന്നു തോന്നിപ്പോകുന്നു. മറ്റുള്ളവരെ ഉൾക്കൊള്ളുവാനും എല്ലാവരെയും ബഹുമാനിക്കു വാനും കഴിയുന്ന നേതൃത്വത്തിന് മാത്രമേ കൗൺ സിൽ വിഭാവനം ചെയ്യുന്നരീതിയിൽ സഭയെ നയി ക്കുവാൻ സാധിക്കുകയുള്ളൂ.

**സിസ്റ്റർ ആലീസ് ജോൺ**
മൈസൂർ

## ഊണുമേശ

വിരുന്നിന്റെ പുണ്യമൂല്യം കുറിച്ച ഇല്ലത്തുപറ മ്പിലച്ചനോട് ഒരുപാട് നന്ദിയുണ്ട്. അച്ചന്റെ വിചി ന്തനം ഇന്നത്തെ സാഹചര്യത്തിൽ ഏറെ പ്രസക്ത മാണ്. വീട്ടിലെ 3 മക്കളും അച്ചനുമമ്മയും അഞ്ചു സമയങ്ങളിലായി അത്താഴം കഴിക്കുന്ന ഒരു കുടും ബത്തെ എനിക്കറിയാം. പക്ഷെ, ഈ അവസ്ഥ ഒന്നിൽ ഒതുങ്ങുന്നില്ല എന്നതാണ് സത്യം. ഒരു ദിവസത്തിന്റെ മുഴുവൻ സന്തോഷങ്ങളും വേവലാ തികളും പങ്കിട്ട് ഭക്ഷണമേശ ഒരു സ്നേഹക്കൂട്ടാ യ്മയുടെ വേദി ആകേണ്ടതാണ്. പക്ഷെ, എല്ലാ വരും തിരക്കിലാണ്. എവിടെ ഒരുമിച്ചിരിക്കാൻ നേരം?

കുടുംബങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ അപചയത്തിൽ നിന്ന് ലാഭം കൊയ്യുന്നത് തട്ടുകടക്കാരും, 'ഫാസ്റ്റ് ഫുഡ്' സെന്ററുകളുമാണ്. ആസ്വദിച്ചു ആഹരിക്കുക എന്നതിൽ കൂട്ടായ് മയുടെ ഒരു സ്പർശനം ഉണ്ട്. ഊണുമേശയിൽ വളരുന്ന പരസ്പര സ്നേഹം കുഞ്ഞുങ്ങൾക്ക് നല്ല വഴിക്കുള്ള പ്രചോദനമാകും. പരസ്പരം അംഗീക രിക്കാനും നല്ല വാക്കുകൾ കൈമാറാനും വഴി ഒരു ക്കും. ഉത്ഥിതനായ യേശുപോലും തന്റെ ശിഷ്യർ ക്കുവേണ്ടി പ്രാതൽ ഒരുക്കി കാത്തിരിക്കുന്നില്ലേ?

കുടുംബങ്ങൾക്കു കൂട്ടാകാൻ, കുടംബങ്ങളെ വളർത്താൻ, ക്രിസ്തീയ കുടുംബജീവിതം സാർ ത്ഥകമാക്കാൻ സഭ പരിശ്രമിക്കുന്നുണ്ട്. ഈ അജ ണ്ടയിൽ ഊണുമേശക്കുള്ള പ്രാധാന്യം ഉൾക്കൊ ള്ളുവാൻ കുടുംബങ്ങളെ സഹായിക്കാനും സഭക്കു കഴിയണം. നമ്മൾ എന്തു കഴിക്കുന്നുവോ അതു നാമായിത്തീരും എന്നാണ് വയ്പ്പ്.

നാം ആഹരിക്കാൻവരെ പഠിക്കേണ്ടിയിരി ക്കുന്നു എന്നോർമ്മിപ്പിച്ച കാരുണികന് നന്ദി.

**അനിറ്റ മാത്യു**
അരുവിത്തുറ

www.malankaralibrary.com



# പുതിയൊരു മാധ്യമ സംസ്ക്കാരം

ഡോ. ജോസ് പാലക്കീൽ M.S.T
*Executive Director of Syromalabar Church Internet Mission, Mob: 9746108002*


മാധ്യമശുശ്രൂഷയെ ഭാരതസഭ ഗൗരവമായി പരിഗണിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. വ്യക്തികളെയും സമൂഹത്തെയും സംസ്കാരത്തെയും സ്വാധീനിക്കാനും മാനുഷികമൂല്യങ്ങളാൽ നിറക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗം ആധുനികമാധ്യമങ്ങൾ തന്നെയാണ്. മാധ്യമശുശ്രൂഷയുടെ സാധ്യതകളിലേക്ക്...

ഭാരതം ഇന്നു കൈവരിച്ചുകൊണ്ടിരിക്കുന്ന നേട്ടങ്ങളുടെ പിന്നിൽ മാധ്യമ സങ്കേതങ്ങളിലുള്ള മികവും നൈപുണ്യവുമാണ് എന്നതിൽ ആർക്കും തർക്കമുണ്ടാവില്ല. മൂന്നാം സഹസ്രാബ്ദം ഭാരതത്തിന്റെ സുവർണ്ണകാലമായിരിക്കുമെന്നതിൽ ഒരു സംശയവും വേണ്ട. പക്ഷേ, വിവരസാങ്കേതിക വിദ്യയെയും, അവയുടെ സങ്കേതങ്ങളെയും സഭയുടെ അജപാലന പ്രേഷിതപ്രവർത്തനങ്ങളുടെ വിജയത്തിനായി തിരിച്ചുവിടാൻ ഭാരതസഭ ഇനിയും തയ്യാറായിട്ടില്ലായെന്നത് ശുഭകരമല്ല. ഒന്നാം ലോകമെന്നറിയപ്പെടുന്ന പാശ്ചാത്യസഭയുടെ ഇന്നത്തെ പരിതാപകരമായ അവസ്ഥയുടെ കാരണം, വിവരസാങ്കേതിക വിദ്യകളോട് ക്രിയാത്മകമായി പ്രതികരിച്ചില്ല എന്നതാണ്.

അച്ചടി വിദ്യയിലും, വിദ്യാഭ്യാസ രീതികളിലുമുള്ള മേൽക്കോയ്മയാണ് ഭാരതത്തിൽ സഭയ്ക്ക് ഇന്നുള്ള ഉന്നതസ്ഥാനം നേടിത്തന്നത്. യൂറോപ്പിന്റെയും അമേരിക്കയുടെയും ഉയർച്ചയ്ക്കു പിന്നിൽ പ്രവർത്തിച്ചത് അച്ചടിവിദ്യയും പുസ്തകാധിഷ്ഠിത വിദ്യാഭ്യാസവുമായിരുന്നു. എല്ലാക്കാലത്തും വിവരസാങ്കേതിക വിദ്യയുടെ ഉപയോഗത്തിൽ ക്രിസ്ത്യാനികൾ ഏറ്റം മുൻപന്തിയിലായിരുന്നു.

എന്നാൽ 20-ാം നൂറ്റാണ്ടിലെ പുതിയ വിവരസാങ്കേതിക വിദ്യകളായ ദൃശ്യശ്രാവ്യമാധ്യമങ്ങളുടെ വരവോടെ സഭയുടെ മികവ് അച്ചടിവിദ്യയിലും, പുസ്തകാധിഷ്ഠിത പഠനത്തിലും ഒതുങ്ങിയെന്നു പറയാം. ഇന്നും ഒരു വാചിക (oral) സംസ്ക്കാരമായ ഏഷ്യയുടെയും ആഫ്രിക്കയുടെയും പശ്ചാത്തലത്തിൽ സഭയ്ക്ക് അച്ചടി വിദ്യയുടെ അധീശത്വമുണ്ടെങ്കിലും ദൃശ്യശ്രാവ്യ മാധ്യങ്ങൾ വാചികസംസ്ക്കാരങ്ങളിൽ തീപ്പൊരിപോലെ കത്തിപ്പടരുന്നതിനാൽ ഭാരതസഭയും യൂറോപ്യൻ സഭയെപ്പോലെ ഒരു പഴഞ്ചൻ പ്രസ്ഥാനമായി പുറംതള്ളപ്പെടാൻ അധിക സമയം വേണ്ടിവരില്ല. ആധുനിക വിവര/വിനിമയ സങ്കേതങ്ങളെ സഭാജീവിതത്തിലും പരിശീലനങ്ങളിലും ഫല പ്രദമായി ഉപയോഗിക്കാനുള്ള സഭയുടെ നീക്കങ്ങളെ ആശ്രയിച്ചായിരിക്കാം ഭാരത സഭയുടെ ഭാവി നിർണ്ണയിക്കപ്പെടുക.

www.malankaralibrary.com




ആദ്യത്തെ ദിനപത്രവും കേരളത്തിലെ ആദ്യദിനപത്രവും സഭയുടെ സംഭാവനകളാണ്.

സാക്ഷരതയിൽ ഭാരതത്തെയും കേരളത്തെയും വളർത്തിയത് സഭയുടെ "പള്ളിക്കൂട" സംസ്ക്കാരമാണ്. ഇന്ന് ഭാരതത്തിന് നേട്ടങ്ങൾ വരുത്തുന്ന പ്രമുഖരെല്ലാം ക്രിസ്തീയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ കടന്നുവന്നവരാണ്. എന്നാൽ അച്ചടിയിലും പത്ര പ്രവർത്തനത്തിലും ഉള്ള ശക്തിയോ സ്വാധീനമോ, ഇലക്ട്രോണിക് മാധ്യമങ്ങളിൽ സഭക്കില്ല. സീരിയലുകളുടെ ഈ കാലത്ത് ദയാസാഗർ എന്ന ഒരൊറ്റ ബൈബിൾ സീരിയൽ മാത്രമാണ് വിജയം കണ്ടത്; അതും മുപ്പതിലധികം വർഷങ്ങൾക്ക് മുമ്പ്. നവോദയ അപ്പച്ചൻ ആരംഭിച്ച മെഗാബൈബിൾ സീരിയലും അകാലപ്രജപോലെ പോയി. സിനിമാരംഗത്ത് രണ്ട് പ്രഗത്ഭവൈദികരുടെ ശ്രമങ്ങളും പരാജയപ്പെടുകയായിരുന്നു. ധ്യാനകേന്ദ്രങ്ങൾ വഴിയുള്ള ചുരുക്കം ടിവി ചാനലുകളൊഴിച്ചാൽ ടെലിവിഷൻ രംഗത്തും കാര്യമാത്രമായ സാന്നിധ്യമോ സ്വാധീനമോ സഭയ്ക്കില്ല. ചുരുക്കം ചില ഓഡിയോ, വീഡിയോ കാസറ്റുകളിൽ ഒതുങ്ങുന്നതാണ് ദൃശ്യശ്രാവ്യരംഗത്തെ സഭയുടെ സംഭാവനകൾ.

സഭയുടെ മാധ്യമശക്തി എത്രയുണ്ട്? എന്ന ചോദ്യത്തിന് ജേക്കബ് ശ്രാമ്പിക്കൽ 2009 ലെഴുതിയ ഒരു ലേഖനത്തിലെ ചിലപരാമർശങ്ങൾ ഇന്ന് പ്രസക്തമാണ്. മാധ്യമരംഗത്ത് സഭയ്ക്ക് കാര്യമായ ഒരു സ്വാധീനവും ഇന്ന് അവകാശപ്പെടാനാകില്ല എന്നാണദ്ദേഹം സമർത്ഥിച്ചിരിക്കുന്നത്. സഭയുടെ പുസ്തകങ്ങളും മാസികകളും പത്രങ്ങളും ചാനലുകളും സഭാമക്കളെ മാത്രം ഉദ്ദേശിച്ചുള്ളതാണ്. പൊതുജനം വിലകൽപ്പിക്കത്തക്ക ഒരു മൂല്യവും അവയ്ക്കില്ല എന്നത് ഒരു വസ്തുതയാണ്. ഇന്ന് സഭയ്ക്കുള്ള

## സഭയുടെ സംഭാവനകൾ

അച്ചടിവിദ്യയും സാക്ഷരതയും പ്രചരിപ്പിക്കുന്നതിൽ ഭാരതസർക്കാരിനെക്കാൾ സംഭാവനകൾ നൽകിയിട്ടുള്ളത് ഭാരതത്തിലെ ക്രിസ്തീയ സഭകളാണ്. സംസ്കൃതമടക്കമുള്ള ഭാരതീയ ഭാഷകളിൽ വ്യാകരണങ്ങളും, ഡിക്ഷണറികളും പ്രസിദ്ധീകരിച്ചതും ഭാരതത്തിലെ പൗരാണിക ഗ്രന്ഥങ്ങളെ വിശ്വപ്രസിദ്ധമാക്കിയതും മിഷനറിമാരാണ്. ഭാരതത്തിലെ

www.malankaralibrary.com

പ്രസിദ്ധീകരണങ്ങളെല്ലാം 'ക്രിസ്ത്യൻ മീഡിയ' എന്നു മുദ്രകുത്തപ്പെട്ടവയാണ്. കാരണം പൊതുജന പ്രാധാന്യമുള്ള കാര്യങ്ങൾ ചർച്ച ചെയ്യാനോ പൊതുജനാഭിപ്രായത്തെ സ്വാധീനിക്കാനോ അവയ്ക്ക് കഴിയുന്നില്ല എന്നത് ഖേദകരമാണ്. കേരളത്തിലെ ആദ്യദിനപ്പത്രമായ 'ദീപിക' 'പള്ളിപത്ര'മായി തള്ളപ്പെടുന്നെങ്കിൽ അതിന്റെ പ്രധാനകാരണം അതിന്റെ ഉള്ളടക്കവും പ്രതിപാദനരീതിയുമാണ്.

1970 കൾ മുതൽ ഭാരതസഭയിൽ 120 ഓളം മീഡിയ സെന്ററുകൾ ഉണ്ടായിട്ടുണ്ട്. എന്നാൽ അവയിൽ പലതും ഇന്നില്ല. മാത്രമല്ല വല്ലപ്പോഴും ഒരു ഓഡിയോ കാസറ്റോ, വീഡിയോയോ നാടകങ്ങളോ വല്ലപ്പോഴുമുള്ള ചില പരിശീലന പരിപാടികളോ ഒഴിച്ചാൽ കാര്യമായ സംഭാവനകൾ നൽകിയ മീഡിയ സെന്ററുകൾ വളരെ ചുരുക്കമാണ്. മാധ്യമങ്ങളെ "നല്ല" ഉപകരണങ്ങൾ ആയി മാത്രം കാണുന്നതുകൊണ്ടാണ് സഭാശ്രമങ്ങൾ പലതും ഫലം കാണാതെ പോയത്.

> ആധുനിക വിവര/വിനിമയ സങ്കേതങ്ങളെ സഭാജീവിതത്തിലും പരിശീലനങ്ങളിലും ഫലപ്രദമായി ഉപയോഗിക്കാനുള്ള സഭയുടെ നീക്കങ്ങളെ ആശ്രയിച്ചായിരിക്കാം ഭാരതസഭയുടെ ഭാവി നിർണ്ണയിക്കപ്പെടുക.

ഇന്ന് വിനിമയശാസ്ത്ര വിദഗ്ദർ മാധ്യമങ്ങളെ നമ്മുടെ സ്വാഭാവിക അന്തരീക്ഷം (Environments) ആയിട്ടു കാണാനാണ് ശ്രമിക്കുക. മത്സ്യം ജലത്തിലെന്നതുപോലെ മനുഷ്യൻ മാധ്യമ അന്തരീക്ഷത്തിലാണ് ജീവിക്കുന്നത്. അതിനാൽ മാധ്യമങ്ങളോട് ഒരു സമഗ്ര സമീപനം ഉണ്ടായാൽ മാത്രമേ സഭയ്ക്ക് ഫലപ്രദമായ ഒരു വിനിമയ സംസ്ക്കാരം കെട്ടിപ്പടുക്കാനാവൂ. അതിനായി ചില നൂതന സമീപന രീതികൾ പ്രാവർത്തികമാക്കേണ്ടതുണ്ട്.

## മാറേണ്ട മാധ്യമ മനോഭാവങ്ങൾ

പ്രധാനമായും രണ്ടു സമീപനങ്ങളിലാണ് കാതലായ മാറ്റം ഉണ്ടാകേണ്ടത്. ഒന്ന് മേൽവിവരിച്ചതുപോലെ മാധ്യമങ്ങളെ വിനിമയ സങ്കേതങ്ങൾ എന്നതിലുപരി സംസ്ക്കാരസൃഷ്ടിയുടെ ഉപാധിയായിക്കാണണം.

രണ്ടാമതായി സഭ കൂടുതലായി ശ്രദ്ധ ചെലുത്തേണ്ടത് സഭയുടെ ലോകവുമായുള്ള വിനിമയത്തിലാണ് (ad extra communication). സഭയ്ക്കു പുറത്തുള്ള രാഷ്ട്രീയ, സാമൂഹിക മതാത്മകവ്യവസ്ഥകളുമായി സംവദിക്കാനും പൊതുഅഭിപ്രായങ്ങളെ സ്വാധീനിക്കാനും സാധിക്കുന്ന വിനിമയക്ഷമത സഭ ആർജ്ജിക്കേണ്ടിയിരിക്കുന്നു.

## മാധ്യമശുശ്രൂഷ

മാധ്യമശുശ്രൂഷയെക്കുറിച്ചുള്ള കാഴ്ചപ്പാടിൽ കാതലായ മാറ്റം വരേണ്ടിയിരിക്കുന്നു. 'മാധ്യമങ്ങൾ അപകടകാരികളാണെന്ന' പഴയ ചിന്താഗതി നീക്കി, മാധ്യമങ്ങളെ സുവിശേഷവത്ക്കരണത്തിനുള്ള ഉത്തമ ഉപാധികളായിക്കാണണമെന്ന മാർപാപ്പമാരുടെയും സഭയുടെയും പ്രബോധനം കേരളസഭ ഗൗരവമായി സ്വീകരിക്കേണ്ടിയിരിക്കുന്നു. പൊതുജനമധ്യത്തിൽ മാധ്യമങ്ങൾക്കുള്ള സ്വാധീനം പരിഗണിക്കുമ്പോൾ മാധ്യമങ്ങളെ സഭയുടെ അജപാലന പ്രവർത്തനങ്ങളുടെ സവിശേഷ സഹായി (Partner) ആയി കാണേണ്ടിയിരിക്കുന്നു.

മാധ്യമശുശ്രൂഷ, മറ്റെല്ലാ അജപാലന ശുശ്രൂഷകളെയും ഫലവത്താക്കാൻ ഉപകരിക്കുന്നു. അതിനാൽ മാധ്യമശുശ്രൂഷ, സഭയിലെ കുറേ സ്പെഷ്യലിസ്റ്റുകളുടെ ഒരു വ്യാപാരമായി ഒതുക്കാതെ അജപാലന ശുശ്രൂഷയുടെ അടിസ്ഥാനഘടകമായി മാറ്റണം. ഇതിനായി സഭയിലെ അജപാലകരമായ എല്ലാവർക്കും മാധ്യമ പ്രവർത്തനത്തിൽ പരിശീലനം നൽകുകയും, സഭയുടെ എല്ലാ പ്രവർത്തനങ്ങളെയും മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുകയും, മാധ്യമരംഗത്തെ ക്രിയാത്മകമായി സ്വാധീനിക്കുവാനുള്ള പദ്ധതികൾ നടപ്പിലാക്കുകയും വേണം.

ഒരുകാലത്ത് പത്രമാസികകളും അച്ചടി ശാലകളും സാക്ഷരതാപ്രസ്ഥാനങ്ങളും ആരംഭിക്കാൻ സഭ കാണിച്ച അതേ ശുഷ്കാന്തി ഇന്ന് ഇലക്ട്രോണിക് മാധ്യമങ്ങളുടേയും ദൃശ്യശ്രാവ്യമാധ്യമങ്ങളുടെയും

www.malankaralibrary.com

കാര്യത്തിൽ സഭയ്ക്കുണ്ടാകണം. ഓരോ രൂപതയും സന്യാസമൂഹവും പുതിയ ചാനലുകൾ തുടങ്ങണമെന്നോ പ്രൊഡക്ഷൻ കേന്ദ്രങ്ങൾ തുടങ്ങണമെന്നോ അല്ല ഇവിടെ അർത്ഥമാക്കുന്നത്. മറിച്ച് സഭയുടെ സന്ദേശവും പ്രവർത്തനങ്ങളും മാധ്യമശ്രദ്ധയിൽ കൊണ്ടുവരണമെന്നും മൂല്യ സംരക്ഷണത്തിനായി ഇടപെടലുകൾ നടത്തണമെന്നുമാണ് ഇവിടെ വിവക്ഷ. ഇതിനായി ചെയ്യേണ്ട ഏതാനും കാര്യങ്ങളാണ് താഴെ പറയുന്നത്.

### 1. പൊതുജന സമ്പർക്ക പരിപാടി (Public Relation)

സഭയുടെ ആഭ്യന്തര ആശയവിനിമയം ഭംഗിയായി ആസൂത്രണം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും പൊതുജന മധ്യേ സഭയുടെ കാഴ്ചപ്പാടുകളും പ്രവർത്തനങ്ങളും മൂല്യാധിഷ്ഠിത നിലപാടുകളും അറിയിക്കുന്നതിൽ കൂടുതൽ ശ്രദ്ധ ഇന്നാവശ്യമാണ്. ഇന്ന് ഇക്കാര്യം ഏറ്റം ഫലപ്രദമായി ചെയ്യാവുന്നത് നല്ല വെബ്സൈറ്റുകളിലൂടെയാണ്. Breaking News ന്റെ ഇക്കാലത്ത് സഭയ്ക്കുള്ളത് ഒരു Sovenir സംസ്ക്കാരമാണ്. അത് ഒട്ടും ഫലപ്രദമല്ല. വാർത്തകൾ നടക്കുമ്പോൾ തന്നെ ഫോട്ടോയും വാർത്തയും മാധ്യമങ്ങളിലൂടെ പൊതുജന മധ്യത്തിലവതരിപ്പിക്കാൻ കഴിഞ്ഞാൽ സഭയുടെ മാധ്യമസാന്നിദ്ധ്യം ആർക്കും അവഗണിക്കാൻ സാധിക്കാത്ത നിലയിലേക്കുയരും. www.sicim.or എന്ന പേരിൽ സീറോമലബാർ സഭയുടെ ഒരു Portal website ഉണ്ട്. അതിലേക്ക് എല്ലാവരും വാർത്തകൾ എത്തിച്ചാൽ സഭയുടെ പൊതുജന സമ്പർക്ക പരിപാടികളിൽ വലിയൊരു നാഴികക്കല്ലാകും. സഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ കൃത്യമായ വാർത്തകളും ഫീച്ചറുകളുമുണ്ടായാൽ മുഖ്യധാരാ മാധ്യമങ്ങൾപോലും അവയിൽ നിന്നാവും വാർത്തകൾ എടുക്കുന്നതും, സംശയ നിവൃത്തി വരുത്തുന്നതും. ഒപ്പം തന്നെ പ്രധാനമാണ് വാർത്തകളും സംഭവങ്ങളും പത്ര-ദൃശ്യമാധ്യമങ്ങളുമായി തത്സമയം പങ്കുവയ്ക്കുന്നതും.

### 2. Media Advocacy


സാമൂഹ്യനീതിക്കുവേണ്ടിയും പൊതുജനനന്മക്കായും മാധ്യമങ്ങളെ ഉപയോഗിക്കുന്നതിനെ Media Advocacy എന്നു വിളിക്കാം. പത്രമാധ്യമങ്ങളുടെ സുവർണ്ണകാലത്ത് സാമൂഹ്യപ്രതിബദ്ധതയായിരുന്നു മാധ്യമപ്രവർത്തനങ്ങളെ നയിച്ചിരുന്നതും, നിയന്ത്രിച്ചിരുന്നതും. എന്നാൽ ദൃശ്യശ്രാവ്യമാധ്യമങ്ങളുടെ അതിപ്രസരത്തോടുകൂടി സാമൂഹിക പ്രതിബദ്ധതയെക്കാൾ താല്പര്യങ്ങൾക്ക് പ്രാധാന്യം കിട്ടിയിരിക്കുകയാണ്. പൊതുനന്മയെക്കാൾ ലാഭക്കൊതി വർദ്ധിക്കുന്നതിനാൽ സമൂഹശ്രദ്ധ പതിയേണ്ട കാര്യങ്ങളെക്കാൾ മെഗാസീരിയലുകൾക്കും കായിക മത്സരങ്ങൾക്കും വ്യാവസായിക രാഷ്ട്രീയ സംരംഭങ്ങൾക്കും മാധ്യമങ്ങളിൽ പ്രാധാന്യം കിട്ടുന്നു.

മാധ്യമങ്ങളുടെ വഴിവിട്ട ലാഭക്കൊതിയേയും സമ്പന്ന പ്രീണനത്തെയും ചെറുക്കുന്നതോടൊപ്പം, സാധാരണ മനുഷ്യന്റെ ജീവിതാനുഭവങ്ങളും പ്രശ്നങ്ങളും പൊതുജനമധ്യേ എത്തിക്കാൻ സഭ ശ്രമിക്കേണ്ടതുണ്ട്. അത് വാർത്തകളായും ഫീച്ചറുകളായും ബോധവത്ക്കരണപരിപാടികളായും നടത്താം. ഇന്ന് എല്ലാ രൂപതകൾക്കും സന്യാസസമൂഹങ്ങൾക്കും സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളുണ്ട്. ദാരിദ്ര്യനിർമ്മാർജ്ജനവും ക്ഷേമപദ്ധതികളുംപോലെ തന്നെ വളർത്തിയെടുക്കേണ്ട ഒരു പദ്ധതിയാണ് Media Advocacy. പാവപ്പെട്ടവർക്കുവേണ്ടി നിലകൊള്ളാനും നീതിയ്ക്കും സത്യത്തിനുംവേണ്ടി പടവെട്ടാനുമായി മാധ്യമരംഗത്ത് ഇറങ്ങി പുറപ്പെട്ടാൽ സഭയെക്കുറിച്ചുള്ള പൊതുജന കാഴ്ചപ്പാടുകൾ തന്നെ തിരുത്താനാകും. മാധ്യമാധിഷ്ഠിതമായ സമഗ്രവികസന പ്രവർത്തനങ്ങൾക്കായി നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും പൊതു മേഖലയിൽ പ്രവർത്തിക്കുന്ന സഭാതനയരെയും പ്രേരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും പിന്തുണക്കുകയും വേണം.

### 3. മാധ്യമസാക്ഷരത

മാധ്യമങ്ങളുടെ അമിതസ്വാധീനം ചെറുക്കാനും മാധ്യമ സംസ്ക്കാരത്തെ സർഗാത്മകമായി രൂപപ്പെടുത്താനും വേണ്ട ഏറ്റം നല്ല മാർഗ്ഗം മാധ്യമ ഉപഭോക്താക്കൾക്ക് മാധ്യമസാക്ഷരതയും വിശകലനശേഷിയും ഉണ്ടാക്കിക്കൊടുക്കുകയെന്നതാണ്. പ്രത്യേകിച്ചും, കുട്ടികളിലും യുവാക്കളിലും വിമർശനാത്മകവും ക്രിയാത്മകവുമായ ഒരു മാധ്യമകാഴ്ചപ്പാട് രൂപപ്പെടുത്തിയാൽ മാധ്യമസംസ്ക്കാരത്തെ സർഗാത്മകമായി രൂപപ്പെടുത്താൻ പറ്റും. സഭയുടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സൺഡേ സ്കൂളുക

www.malankaralibrary.com




ളിലും മാധ്യമസാക്ഷരതാ പാഠങ്ങൾ നിർബന്ധമായും ഉൾപ്പെടുത്തണം. ഞായറാഴ്ച പ്രസംഗങ്ങളിലും വിശ്വാസ പരിശീലന പരിപാടികളിലും കുടുംബ കൂട്ടായ്മകളിലുമൊക്കെ മാധ്യമങ്ങളും മാധ്യമസംസ്ക്കാരവും ചർച്ചാവിഷയമാക്കണം. മാധ്യമ ഉപഭോക്താക്കളുടെ അഭിരുചിയറിഞ്ഞു പ്രവർത്തിക്കുന്ന ഇന്നത്തെ മാധ്യമങ്ങളെ ക്രിയാത്മകമായി സ്വാധീനിക്കാൻ ഏറ്റം നല്ല വഴി ആളുകളുടെ മാധ്യമതിരഞ്ഞെടുപ്പുകളെയും അഭിരുചികളെയും രൂപാന്തരപ്പെടുത്തുകയാണ്.

## 4. അജപാലകർക്ക് മാധ്യമ പരിശീലനം

അച്ചടിവിദ്യ കണ്ടുപിടിച്ച് സാക്ഷരത വ്യാപിക്കാൻ തുടങ്ങിയ കാലത്ത് വൈദികരെ സാക്ഷരതയുള്ള വരാക്കാൻ വേണ്ടിയാണ് ത്രെന്തോസ് സൂനഹദോസ് പതിനാറാം നൂറ്റാണ്ടിൽ സെമിനാരി പരിശീലനം തുടങ്ങിയത്. അതിന്റെ ഫലമായാണ് കത്തോലിക്കാസഭ സാക്ഷരതാരംഗത്ത് വലിയനേട്ടങ്ങൾ ഉണ്ടാക്കിയത്.

ഇന്ന് ദൃശ്യശ്രാവ്യമാധ്യമങ്ങളും ഇന്റർനെറ്റുമടങ്ങുന്ന ശക്തമായ സാമൂഹികസമ്പർക്ക മാധ്യമങ്ങളിൽ വൈദികർക്കും സന്യസ്തർക്കും ശരിയായ പരിശീലനം ലഭിക്കുന്നില്ല. അച്ചടിച്ച പുസ്തകത്തിന്റെ വിനിമയ സംസ്ക്കാരവും ദൃശ്യശ്രാവ്യമാധ്യമങ്ങളുടെയും സാമൂഹിക മാധ്യമങ്ങളുടെയും (Social Media) വിനിമയ സംസ്ക്കാരവും വളരെ വ്യത്യസ്തമാണ്. പുസ്തകാധിഷ്ഠിത വിദ്യാഭ്യാസം മാത്രം ലഭിച്ച ഒരു വൈദികനോ, സന്യാസിക്കോ, പുതിയ മാധ്യമസംക്കാരത്തിൽ ജനിച്ചുവളർന്ന ആധുനിക തലമുറയോട് ഫലപ്രദമായി സംവദിക്കാനാവുകയില്ല. അതിനാൽ സെമിനാരികളിലും മറ്റു സഭാപരിശീലന കേന്ദ്രങ്ങളിലുമുള്ള പാഠ്യപദ്ധതികളിലും പരിശീലന രീതികളിലും കാതലായ മാറ്റം ഉണ്ടായാൽ മാത്രമേ മാധ്യമ രംഗത്ത് ക്രിയാത്മകമായ ഇടപെടലുകൾ നടത്താൻ അജപാലകർക്ക് കഴിയുകയുള്ളൂ.

## 5. മീഡിയാ സ്കൂളുകൾ

അച്ചടിജന്യമായ സാക്ഷരത പരത്താനായി സഭ സ്കൂളുകളും കോളേജുകളും പരിശീലന പദ്ധതികളും എല്ലായിടത്തും ആവിഷ്ക്കരിച്ചു. വിദ്യാലയങ്ങൾ, 'പള്ളിക്കൂടങ്ങൾ' എന്ന് അറിയപ്പെടാൻ മാത്രം സഭാ സാക്ഷരതാപദ്ധതിയുമായി ഇഴുകിച്ചേർന്നിരുന്നു. ഇത്

www.malankaralibrary.com

മെഡിക്കൽ എഞ്ചിനീയറിംഗ് കോളേജുകൾ തുടങ്ങാൻ കോടികൾ മുടക്കുമ്പോഴും, മാധ്യമ സ്കൂളുകളും കോളേജുകളും തുടങ്ങുന്നതിൽ സഭ വലിയ വിമുഖത കാണിക്കുന്നു.

ദൃശ്യശ്രാവ്യ മാധ്യമങ്ങളിലും, ജേർണലിസത്തിലും, ഇന്റർനെറ്റ് അടിസ്ഥാനമാക്കിയുള്ള ഉത്തരാധുനിക മാധ്യമവ്യവസായത്തിലും പരിശീലനം നൽകുന്ന അന്താരാഷ്ട്ര നിലവാരമുള്ള സ്ഥാപനങ്ങൾ തുടങ്ങുന്നതിൽ സഭ കാണിക്കുന്ന വൈമുഖ്യം സഭയുടെ ഭാവിവളർച്ചയെയും നിലനിൽപ്പിനെയും പ്രതികൂലമായി ബാധിക്കും. മൂല്യാധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഒരു മാധ്യമനിരയെ വാർത്തെടുക്കുന്നത് സഭയ്ക്കും സമൂഹത്തിനും വളരെ ഗുണം ചെയ്യും.

## 6. സഭയുടെ മാധ്യമ സംസ്ക്കാരം

സഭയ്ക്ക് ഒരു പുതിയ മാധ്യമസംസ്ക്കാരവും പദ്ധതിയും ഉണ്ടാകണമെന്നാണ് നാമിതുവരെ പറഞ്ഞു വന്നത്. ഓരോ സംസ്ക്കാരവും വലിയൊരളവുവരെ മാധ്യമങ്ങളുടെ ഉൽപ്പന്നമാണ് എന്ന് പറയേണ്ടിയിരിക്കുന്നു. ഭാരതസംസ്ക്കാരം വാചിക മാധ്യമ സങ്കേതങ്ങളെയാണ് ആശ്രയിച്ചിരിക്കുന്നത്. പാശ്ചാത്യ സംസ്ക്കാരമാകട്ടെ അച്ചടി പുസ്തകജന്യമായ ഒരു സംസ്ക്കാരരീതിയെയും. ഭാരത ക്രൈസ്തവസഭയും പ്രസ്ഥാനങ്ങളും വൈദേശികമാണെന്ന് പൊതുജനം പറയാനുള്ള അടിസ്ഥാന കാരണവും ഇതാണെന്ന് പറയാം.

ഇന്നത്തെ ദൃശ്യശ്രാവ്യ മാധ്യമങ്ങളും ഇന്റർനെറ്റടിസ്ഥിതമായ വിനിമയരീതികളും വ്യത്യസ്തമായ ഒരു ഭാഷയും വിനിമയരീതിയും മൂല്യശ്രേണിയും സംസ്ക്കാര സാധ്യതകളും ഉൾക്കൊള്ളുന്നതാണ്. ഏകാധിപതികളും രാജഭരണവും പ്രഭുത്വഭരണവുമൊക്കെ ഇന്ന് അട്ടിമറിക്കപ്പെടുന്നത് ആധുനിക വിനിമയ സങ്കേതങ്ങളുടെ യാന്ത്രിക ഉപയോഗം കൊണ്ടു മാത്രമല്ല, മറിച്ച് ആധുനിക വിനിമയ സങ്കേതങ്ങളുടെ വ്യക്തി സ്വാതന്ത്ര്യാധിഷ്ഠിതമായ ഒരു സാമൂഹിക കാഴ്ചപ്പാടുകൊണ്ടുമാണ്. ഉത്തരാധുനിക സംസ്ക്കാരങ്ങൾ പരമ്പരാഗത ശ്രേണീബദ്ധമായ സംസ്ക്കാരത്തേയും ചിന്താഗതികളെയും വിമർശിക്കുക മാത്രമല്ല തകിടം മറിക്കുകയും ചെയ്യുന്നു. കത്തോലിക്കാസഭയുടെ ഭരണ രൂപഭാവങ്ങളും വ്യവസ്ഥകളും ചോദ്യം ചെയ്യപ്പെടുക തന്നെ ചെയ്യും. തീർച്ചയായും സഭയുടെ ഘടനയിലും ആരാധനാവിഷ്ക്കാര രീതിയിലും, വിശ്വാസപരിശീലന മുറകളിലും, ഭരണക്രമത്തിലും സാരമായ മാറ്റങ്ങൾ ഉണ്ടായാൽ മാത്രമേ സഭയുടെ മാധ്യമ സംസ്ക്കാരം കാലിക പ്രസക്തമാവുകയുള്ളൂ.

## ഉപസംഹാരം

ഇന്നു നിലവിൽ വന്നുകൊണ്ടിരിക്കുന്ന മാധ്യമ സങ്കേതങ്ങളും, തൽജന്യമായ പുതിയ ആഗോള സംസ്ക്കാരവും വ്യവസ്ഥകളും മാനവരാശിയുടെ വളർച്ചയിലെ ഒരു നിർണ്ണായക ഘട്ടത്തെയാണ് സൂചിപ്പിക്കുന്നത്. പുസ്തകാധിഷ്ഠിതമായ ക്രിസ്തുമതം അച്ചടിവിദ്യയിലും വിദ്യാഭ്യാസത്തിലുമൂന്നി വളർച്ചയുടെയും സ്വാധീനത്തിന്റെയും ഉച്ചശൃംഗത്തിലെത്തി. എന്നാൽ ഉത്താധുനിക കാലത്തിന്റെ ദൃശ്യശ്രാവ്യമാധ്യമങ്ങളും സംസ്ക്കാരവും മറ്റെല്ലാ മതങ്ങളെയുംകാൾ ബാധിക്കുന്നത് ക്രിസ്തുമതത്തെയാണ്. ഇന്നത്തെ സാമൂഹിക സമ്പർക്ക മാധ്യമങ്ങളെ സ്വായത്തമാക്കാനും, മൂല്യാധിഷ്ഠിതമായി അവയെ മെരുക്കിയെടുക്കാനും കഴിഞ്ഞില്ലെങ്കിൽ ഇന്നത്തെ സംസ്ക്കാരത്തിന്റെ മുഖ്യധാരയിൽ നിന്ന് സഭ തൂത്തെറിയപ്പെടും. പാശ്ചാത്യസഭയ്ക്കു സംഭവിച്ച ഇത്തരം സ്ഥാനഭ്രംശം ഭാരതസഭയിലും കേരളസഭയിലും സംഭവിക്കാതിരിക്കണമെങ്കിൽ സഭ മാധ്യമ രംഗത്ത് ശക്തവും ഫലപ്രദവുമായ ഇടപെടലുകളും പരിശീലന പദ്ധതികളും പരിഷ്ക്കാരങ്ങളും ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. ഇന്നത്തെ മാധ്യമസങ്കേതങ്ങളും സംസ്ക്കാരങ്ങളും വെല്ലുവിളികളേക്കാളേറെ സുവർണ്ണാവസരങ്ങളാണ് ഒരുക്കുന്നത്. സുവിശേഷത്തെ മാധ്യമ ലോകത്തേയ്ക്ക് കൊണ്ടുവരികയും മാധ്യമസംസ്ക്കാരത്തെ തന്നെ സുവിശേഷവത്ക്കരിക്കുകയും ചെയ്താൽ മൂന്നാം സഹസ്രാബ്ദം ഭാരതസഭയുടെ സുവർണ്ണ കാലമായിരിക്കും. ■

> ഇന്ന് സഭയ്ക്കുള്ള പ്രസിദ്ധീകരണങ്ങളെല്ലാം 'ക്രിസ്ത്യൻ മീഡിയ' എന്നു മുദ്രകുത്തപ്പെട്ടവയാണ്.

www.malankaralibrary.com



# മാധ്യമശുശ്രൂഷക്ക് ഒരു കുറുപ്പടി

അഗസ്റ്റിൻ വെളിയത്ത്
*Former Communication Specialist, UNESCO*

ഡോ. ജേക്കബ് ശ്രാമ്പിക്കൽ 2012 ഏപ്രിൽ 14നാണ് ഓസ്ട്രിയയിൽ വച്ച് ആകസ്മികമായി നിര്യാതനായത്. ഭാരതത്തിലെയും ആഗോള കത്തോലിക്കാസഭയിലെയും ഏറ്റവും പ്രഗത്ഭനായ മാധ്യമ-വിനിമയ വിദഗ്ദ്ധനായിരുന്നു അദ്ദേഹം. ശ്രാമ്പിക്കലച്ചന്റെ മാധ്യമസംഭാവനകളുടെ ഒരു വിശകലനം

ആശയവിനിമയവും മാധ്യമങ്ങളും സഭയുടെ നവീകരണത്തിന് സഹായിക്കും എന്നുറച്ചു വിശ്വസിച്ച ഒരു വ്യക്തിയാണ് ഈ ഏപ്രിൽ 14ന് നമ്മോടു വിടപറഞ്ഞത്.

"എന്തുകൊണ്ട് ഞനൊരു ക്രിസ്ത്യാനിയായില്ല" എന്ന ബർട്രാൻഡ് റസ്സലിന്റെ പുസ്തകം 40 വർഷങ്ങൾക്കുമുമ്പ് വായിച്ചതോർക്കുന്നു. ഏറെവർഷങ്ങൾ ബീഹാറിലും ഉത്തർപ്രദേശിലുമായി ജോലി ചെയ്ത എനിക്ക് ഇന്ന് "ഞാനൊരു ക്രിസ്ത്യാനി ആയിരിക്കുന്നതിന് ആയിരം കാരണങ്ങൾ"നിരത്താനാവും.


ഇന്ത്യയിലെ ഏറ്റവും വെല്ലുവിളികൾ നിറഞ്ഞ സംസ്ഥാനങ്ങളിൽ ഞാൻ കണ്ടുമുട്ടിയ കുറേ കത്തോലിക്കാ സിസ്റ്റേഴ്സും വൈദികരുമാണ് ഇതിനുള്ള പ്രധാന കാരണം. ജനങ്ങളുടെ സമഗ്രമായ വികാസം ലക്ഷ്യംവച്ചു പ്രവർത്തിച്ചവരാണിവർ. അവരിലൊരാളായിരുന്നു ഫാ. ജേക്കബ് ശ്രാമ്പിക്കൽ.

ആദ്യമായി ഞാൻ അദ്ദേഹത്തെ കണ്ടുമുട്ടിയത് പാറ്റ്നയിലെ ഈശോസഭ കമ്മ്യൂണിക്കേഷൻ സെന്ററായ 'രവിഭാരതി'യിൽ വച്ചായിരുന്നു. ജനങ്ങളുടെ വികസനത്തിനുവേണ്ടിയുള്ള വിനിമയ പദ്ധതിയിൽ 'രവിഭാരതി' യൂണിസെഫിന്റെ ഒരു പ്രധാന പങ്കാളി ആയിരുന്നു. ഞങ്ങളിരുവരെയും ബന്ധിപ്പിച്ച പൊതുഘടകങ്ങൾ ഞങ്ങളുടെ മാതൃഭാഷക്കും സീറോ മലബാർ സഭയിലുള്ള ജന്മത്തിനും അപ്പുറമായിരുന്നു. സാധാരണക്കാരുടെ വികസനവും, സാമൂഹ്യ സമ്പർക്ക മാധ്യമങ്ങളിലുള്ള താൽപര്യവും അക്കൂട്ടത്തിൽ പ്രധാനപ്പെട്ടവയായിരുന്നു. അതുകൊണ്ടു തന്നെ ഞങ്ങളുടെ ചർച്ചകൾ തീക്ഷ്ണവും വിജ്ഞാനപ്രദവുമായിരുന്നു.

അദ്ദേഹം എനിക്കയച്ച അവസാനത്തെ ഈമെയിൽ ഇങ്ങനെ: "അഗസ്റ്റിൻ ഞാൻ ഡൽഹിയിലേക്കു തിരിച്ചുവരികയാണ്. നീയും യൂണിസെഫിൽ നിന്ന് വിരമിച്ച് ഡൽഹിയിൽ എത്തിയല്ലൊ. ഇനി നമുക്കൊരുമിച്ച് പ്രവർത്തിക്കണം".

കാലിൽ ചക്രങ്ങളും ഹൃദയത്തിൽ അഗ്നിതീക്ഷ്ണതയും മനസ്സിൽ നിറയെ സ്വപ്നങ്ങളുമായി ജീവിച്ച ഈ മനുഷ്യൻ ഭാരതസഭയ്ക്കും സഹപ്രവർത്തകർക്കുമായി മിച്ചം വച്ചിരിക്കുന്നത് സമ്പന്നമായ പൈതൃകമാണ്. ഈ സമ്പത്ത് ഫലപ്രദമായി കൈകാര്യം ചെയ്യുക മാധ്യമശുശ്രൂഷകരുടെയെല്ലാം

www.malankaralibrary.com




ചുമതലകൂടിയാണ്. നാലുതലങ്ങളിലായി അദ്ദേഹത്തിന്റെ സംഭാവനകളെ തരം തിരിക്കാം.

### 1. വിനോദത്തിലൂടെ വിജ്ഞാനം (Edutainment)

ആശയവിനിമയത്തിന്റെ കാര്യത്തിൽ അദ്ദേഹം മാതൃകയായി കണ്ടത് യേശുക്രിസ്തുവിനെയായിരുന്നു. വിരസമായ ലക്ചറുകളും ഉറക്കംതൂങ്ങി പ്രസംഗങ്ങളും അദ്ദേഹം വെറുത്തു. യേശുവിന്റെ കഥകളിലും അത്ഭുതങ്ങളിലും മനുഷ്യബന്ധങ്ങളിലും നാടകീയത നിറഞ്ഞുനിന്നിരുന്നു. സമരിയാക്കാരിയുമായുള്ള സംഭാഷണത്തിലും, യാക്കോബിന്റെ കിണറ്റിൻ കരയിലും, സക്കേവൂസിനെ കണ്ടുമുട്ടുമ്പോഴുമെല്ലാം മുന്നിട്ടു നിൽക്കുന്നത് ഇതുതന്നെയാണ്. എല്ലാ കണ്ടുമുട്ടലുകളും ഓർമ്മിക്കപ്പെടുത്തുന്നതായിത്തീരണം. വിജ്ഞാനവും വിനോദവും ഒന്നു ചേരുന്ന (Education + entertainment-Edutainment) എഡ്യൂറ്റെയിൻമെന്റാണ് ഇതിനുള്ള ഏറ്റവും നല്ല വഴി. ഈ കാഴ്ചപ്പാടാണ് സ്രാമ്പിക്കലച്ചനെ തെരുവുനാടകത്തിലേക്ക് ആകർഷിച്ചത്. അതായിരുന്നു അദ്ദേഹത്തിന്റെ ഗവേഷണവിഷയം. രസകരമായ രീതിയിൽ ബോധവൽക്കരണം നടത്താനും, തങ്ങളുടെ ജീവിതസാഹചര്യങ്ങളിൽ മാറ്റങ്ങൾ വരുത്താൻ ജനങ്ങളെ പ്രേരിപ്പിക്കുന്നതിനും തെരുവുനാടകങ്ങൾ സഹായിക്കുന്നു.

ബെർത്തോൾട്ട് ബ്രഹ്റ്റ്, അഗുസ്തോ ബോൾ എന്നിവർ അടിച്ചമർത്തപ്പെട്ടവരുടെ സ്വാതന്ത്ര്യത്തിനുവേണ്ടി തീയേറ്ററിനെ ഉപയോഗിച്ചവരാണ്. ഫാ. ശ്രാമ്പിക്കൽ തന്റെ ഗവേഷണത്തിൽ, തിയേറ്ററും വിനിമയ ശാസ്ത്രവും സാമൂഹ്യപ്രവർത്തനവും കോർത്തിണക്കി. “ശബ്ദമില്ലാത്തവരുടെ ശബ്ദം” എന്ന അദ്ദേഹത്തിന്റെ ഗവേഷണ പ്രബന്ധം സോഷ്യോളജി വിദ്യാർത്ഥികൾക്കു മാത്രമല്ല, തീയേറ്റർ വിദഗ്ദർക്കും പ്രചോദനം നൽകാൻ ഉതകുന്നതാണ്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ കണ്ടുവരുന്ന വൈവിധ്യം നിറഞ്ഞ തീയേറ്റർ രീതികളെ അദ്ദേഹം വിദഗ്ദമായി വിശകലനം ചെയ്തിരിക്കുന്നു,

### ആശയവിനിമയമാണ് സഭയുടെ ആത്മാവ്

മനുഷ്യനും ദൈവവും തമ്മിലും മനുഷ്യർ തമ്മിൽ തമ്മിലുമുള്ള സംഭാഷണത്തിനും ആശയവിനിമയത്തിനും അവരെ പ്രാപ്തരാക്കുക എന്നതാണ് സഭയുടെ ദൗത്യം. പരസ്പരബന്ധവും വിനിമയവും

www.malankaralibrary.com



## ഫാദർ ജേക്കബ് ശ്രാമ്പിക്കൽ S.J.
(12.12.1950– 14.4.2012)

ഇക്കഴിഞ്ഞ ഏപ്രിൽ 14ന് ആസ്ത്രിയയിൽ വച്ച് നിര്യാതനായ പ്രിയ ജേക്കബച്ചന് 'കാരുണികൻ' കുടുംബത്തിന്റെ ആദരാഞ്ജലികൾ.

സഭയുടെ ആശയവിനിമയശുശ്രൂഷയിൽ ഒരു പ്രവാചക ദൗത്യമായിരുന്നു അദ്ദേഹത്തിന്റേത്. യേശുവിനെപ്പോലെ സംവേദിക്കുക വഴി സഭ നവീകരിക്കപ്പെടും എന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചു; പഠിപ്പിച്ചു. സഭ ശരിയായ ആശയവിനിമയത്തിലും മാധ്യമങ്ങളുടെ ഉപയോഗത്തിലും പുരോഗമിക്കുന്നതിനായി അദ്ദേഹം അക്ഷീണം പ്രയത്നിച്ചു; സ്വപ്നങ്ങൾ നെയ്തു. കാരുണികൻ കുടുംബത്തിന് അദ്ദേഹം ഒരു നല്ല സുഹൃത്തും പ്രചോദനവും വഴികാട്ടിയും ആയിരുന്നു. 'ഓട്ടം' വിജയകരമായി പൂർത്തിയാക്കിയ അദ്ദേഹത്തിന് ദൈവം സ്വർഗ്ഗീയ കിരീടം സമ്മാനിക്കട്ടെ.

### ജീവിത രേഖ

- 1970 ഈശോ സഭയിൽ വ്രതവാഗ്ദാനം
- 1978 പ്രഥമ ദിവ്യബലി
- 1987 ഹിന്ദി സാഹിത്യത്തിൽ ഒന്നാം റാങ്കോടെ (ബോംബെ യൂണിവേഴ്സിറ്റി) വിജയം, കമ്മ്യൂണിക്കേ ഷനിൽ 4 ഡിപ്ലോമ.
- 1991 "വികസനം ലക്ഷ്യമിട്ട ആശയവിനിമയ" ത്തിൽ (Development Communication) ഡോക്ടറേറ്റ് (Thesis: "Voice to the Voiceless")
- 1992 –98 പ്രസിഡന്റ്, UNDA/OCIC, ഇന്ത്യ
- 1993 –'01 പ്രസിഡന്റ് UNDA/OCIC, ഏഷ്യ
- 1995–'03 അന്തർദേശീയ കത്തോലിക്കാ മാധ്യമ കൗൺസിൽ പ്രതിനിധി
- 1997–'03 നിസ്ക്കോട്ടിൽ, ഡീൻ, സഹസ്ഥാപകൻ
- 1997–'03 മോൺടിയോൾ, ലിഡ്സ്, വെനീസ്, ബെർലിൻ ഫിലിം ഫെസ്റ്റിവലുകളിൽ എക്യുമെനിക്കൽ ജൂറി
- 2004–'10 ഡയറക്ടർ, കമ്മ്യൂണിക്കേഷൻസ്, പൊന്തിഫിക്കൽ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റി, റോം
- 2005–'11 സാമൂഹ്യസമ്പർക്കത്തിനായുള്ള പൊന്തിഫിക്കൽ കമ്മീഷന്റെ ഉപദേഷ്ടാവ്
- 2011 – പ്രൊഫസർ, PUG, റോമ

### ഉദ്യമങ്ങൾ

- സന്നദ്ധ സംഘടനകൾക്കായുള്ള "ന്യൂഡൽഹി വീഡിയോ ഫെസ്റ്റിവൽ"
- ജാമിയ ഹംദർദ്, IGNOU യൂണിവേഴ്സിറ്റികളിൽ മാധ്യമ പഠനത്തിനുള്ള സിലബസ് രൂപികരണം. (2000–2003)
- റോം കേന്ദ്രീകരിച്ച് അവികസിത രാജ്യങ്ങ ൾക്കായി ഓൺലൈൻ മാധ്യമ പരിശീലനം
- റേഡിയോ വത്തിക്കാനിൽ, കുടിയേറ്റക്കാർക്കു വേണ്ടി ഇറ്റാലിയനിൽ ആഴ്ചതോറും ഉള്ള സംപ്രേഷണം
- രണ്ടുവർഷത്തിലൊരിക്കൽ "ദൈവശാസ്ത്രവും ആശയവിനമയവും" എന്ന വിഷയത്തിൽ അന്തർദേശീയ സെമിനാർ
- പാസ്റ്റർ കമ്മ്യൂണിക്കേഷൻ, ആശയ വിനിമയത്തിന്റെ ഫിലോസഫി, എത്തിക്സ് – ഈ വിഷയങ്ങളിൽ സെമിനാരികളിൽ ക്ലാസ്സുകൾ.
- അധ്യാപകർക്കും മാതാപിതാക്കൾക്കും 'മാധ്യമ ബോധന' ശിൽപശാല
- റോമിലെ പൊന്തിഫിക്കൽ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ ആശയ വിനിമയത്തിൽ മാസ്റ്റേഴ്സ് ആരംഭിച്ചു.

ആണ് സഭാജീവിതത്തിന്റെ കേന്ദ്രബിന്ദു എന്ന് ശ്രാമ്പിക്കൽ വിശ്വസിച്ചു.

പ്രശസ്ത ദൈവശാസ്ത്രജ്ഞനായിരുന്ന ബിഷപ് ആവ്രി ഡള്ളസിന്റെ "പരസ്പര വിനിമയം തന്നെയാണ് സഭ; സ്നേഹസമൂഹങ്ങൾ സൃഷ്ടിക്കുകയാണ്" സഭാദൗത്യം" എന്ന ആശയത്തോട് ശ്രാമ്പിക്കലച്ചന് പൂർണ്ണയോജിപ്പായിരുന്നു. "ക്രിസ്തീയവിനിമയം ഒരു പ്രവാചക ദൗത്യമാണ്." എന്ന് ശ്രാമ്പിക്കൽ പലപ്പോഴും ആവർത്തിക്കുമായിരുന്നു. എന്നുവച്ചാൽ ക്രിസ്തുദൗത്യത്തിലൂന്നിയ ആശയ വിനിമയം വ്യവ

www.malankaralibrary.com

സ്ഥിതികളെ വെല്ലുവിളിക്കുകയും കാലികമായ മാറ്റങ്ങൾക്ക് നിർബന്ധിക്കുകയും ചെയ്യുമെന്ന് അർത്ഥം.

ലോണെർഗൻ പറഞ്ഞതുപോലെ നമുക്ക് അറിയാവുന്ന കാര്യങ്ങൾ പറയുന്നതല്ല ആശയവിനിമയം; അതിലുപരി നാമായിരിക്കുന്നത് വെളിപ്പെടുത്തുന്നതാണ്. ഈ പ്രക്രിയയിൽ സമ്പർക്ക മാധ്യമങ്ങളെ സഭ വിദഗ്ദമായി ഉപയോഗിക്കണം എന്നായിരുന്നു അദ്ദേഹത്തിന്റെ അഭിമതം. കാരണം, ഇന്നത്തെ സമൂഹത്തെ രൂപപ്പെടുത്തിക്കൊണ്ടിരിക്കുന്നത് മാധ്യമങ്ങളാണ്. സഭക്ക് ഏറ്റവും നവീനമായ സാങ്കേതിക വിദ്യയും മാധ്യമങ്ങളും വേണമെന്നതിലുപരി ജനങ്ങൾ ഏറ്റവുമധികം ഉപയോഗിക്കുന്ന മാധ്യമങ്ങളെ പ്രചോദിപ്പിക്കാൻ സഭക്കു കഴിയണം എന്നതാണ് പ്രധാനം. വിനിമയം (Communication) സഭയെ നവീകരിക്കും എന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചു.

## ദളിതരുടെ ദൈവശാസ്ത്രം

ദൈവശാസ്ത്രം പ്രാദേശികവും (local) സാഹചര്യാധിഷ്ഠിതവും (Contextual) ആയിരിക്കണമെന്ന് അദ്ദേഹം വാദിച്ചു. ദൈവശാസ്ത്രം തന്നെ അർത്ഥം കണ്ടെത്താനുള്ള ഒരു ശ്രമമാണ്. അതൊരുതരം ആശയവിനിമയമാണ്. ദൈവവും മനുഷ്യനുമായുള്ള കണ്ടുമുട്ടലും, മനുഷ്യനും ലോകവും തമ്മിലുള്ള പ്രതിപ്രവർത്തനവുമൊക്കെ ദൈവശാസ്ത്രത്തിന്റെ പരിവൃത്തത്തിൽ വരുന്നു.

സ്വീകരിക്കുന്നവനാണ് സന്ദേശത്തിന്റെ ഗുണവും തരവും തീരുമാനിക്കുന്നത്. അതുപോലെ വിനിമയത്തിന്റെ ചാനൽ തിരഞ്ഞെടുക്കുന്നതും, ആരു പറയുന്നതു കേൾക്കണം എന്നു തീരുമാനിക്കുന്നതും ഉപഭോക്താവു തന്നെ. അതുകൊണ്ട് ദൈവശാസ്ത്രം സംവേദനക്ഷമമാകണമെങ്കിൽ അത് സാഹചര്യബന്ധി ആയിരിക്കണം. സെമിനാരിക്കാലത്ത് ശ്രാമ്പിക്കൽ ദൈവശാസ്ത്രം പഠിച്ചത് സെമിനാരിയുടെ നാലുകെട്ടിനുള്ളിൽ താമസിച്ചുകൊണ്ടായിരുന്നില്ല; ചേരിയിലെ ഒരു കുടിലിൽ സമാന ചിന്താഗതിക്കാരായ സുഹൃത്തുക്കളുമൊത്ത് സ്വന്തമായി അധ്വാനിച്ചും, സ്വന്തം ഭക്ഷണം പാകം ചെയ്തുകൊണ്ടുമാണ്. അവിടുത്തെ സാധുക്കളെപ്പോലെ അവർ ജോലിചെയ്ത് ഉപജീവനത്തിനും പഠനത്തിനുമുള്ള വക കണ്ടെത്തി. പച്ചയായ ഈ ജീവിതാനുഭവങ്ങളിൽ അടിത്തറയിട്ട ദൈശാസ്ത്രമായിരുന്നു അദ്ദേഹത്തെ നയിച്ചത്. ദൈവശാസ്ത്രത്തെയും വിനിമയ ശാസ്ത്രത്തെയും കൂട്ടിയിണക്കിയ, പാവങ്ങളുടെ ജീവിതത്തിനർത്ഥം നൽകുന്ന ഒരു പ്രാദേശിക ദൈവശാസ്ത്രമാണ് ഭാവിപുരോഹിതർക്ക് ആവശ്യം എന്ന് അദ്ദേഹം വിശ്വസിച്ചു. യേശു രക്ഷിച്ചവരായ ജനം ഇന്നും അടിമത്വത്തിലും ദാരിദ്ര്യത്തിലും അസമത്വത്തിലും കഴിയുന്നത് യേശുവിന്റെ സഭയ്ക്ക് ഒരു ഭൂഷണമല്ല; മറിച്ച് വെല്ലുവിളിയാണ്.

## മാധ്യമ ബോധനം (Media Education)

ശ്രാമ്പിക്കലച്ചൻ ഹൃദയത്തിൽ കൊണ്ടുനടക്കുകയും ഏറെ അധ്വാനിക്കുകയും ചെയ്ത ഒരു മേഖലയാണ് മാധ്യമബോധനത്തിന്റേത്. നമ്മുടെ യുവതലമുറക്കും വൈദികാർത്ഥികൾക്കും മാധ്യമ ബോധനം അനിവാര്യമാണെന്ന് അദ്ദേഹം വിശ്വസിച്ചു. വികസ്വരരാജ്യമായ ഭാരതത്തിന് മാധ്യമങ്ങളിൽനിന്നുള്ള വെല്ലുവിളികൾ നിരവധി ആണ്. നമ്മുടെ കുടുംബങ്ങളെ ഏറ്റവും സ്വാധീനിക്കുന്നതും സിനിമയും ടെലിവിഷൻ പ്രോഗ്രാമുകളുമാണ്. അവയിലൂടെ പ്രചരിക്കപ്പെടുന്ന മൂല്യബോധം അക്രൈസ്തവമാണെന്നു മാത്രമല്ല പലപ്പോഴും മനുഷ്യത്വരഹിതവുമാണ്.

മാധ്യമങ്ങൾ വളർത്തി വിടുന്നത് കച്ചവട സംസ്ക്കാരമാണ്. അക്രമവും അമിത ലൈംഗികതയും ഇവിടെ മഹത്വീകരിക്കപ്പെടുന്നു. പണമാണ് സർവ്വപ്രധാനം എന്ന ചിന്തയ്ക്കുപ്രചാരം ലഭിക്കുന്നു. ഈ മൂല്യങ്ങളാണ് നമ്മുടെ തലമുറകളെ സ്വാധീനിച്ചുകൊണ്ടിരിക്കുന്നതെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. ഇതിനെതിരെയുള്ള ബോധവൽക്കരണമാണ് മാധ്യമ ബോധനം.

മാധ്യമസന്ദേശങ്ങളെ വിവേചിച്ചറിഞ്ഞ്, നല്ലത് തിരഞ്ഞെടുക്കുന്നതിനും, മൂല്യങ്ങളുള്ള പ്രോഗ്രാമുകൾ നിർമ്മിക്കുന്നതിനും, ക്രിയാത്മകമായി സമ്പർക്കോപാധികളെ ഉപയോഗിക്കുന്നതിനും, മാധ്യമങ്ങളുടെ ചൂഷണങ്ങളെ ചോദ്യം ചെയ്യുന്നതിനും കഴിവുള്ള ഒരു തലമുറയെ വാർത്തെടുക്കുക എന്നതാണ് മാധ്യമ വിദ്യാഭ്യാസത്തിലൂടെ അദ്ദേഹം ലക്ഷ്യം വച്ചത്.

ഈ നാലു മേഖലകളിലും സമഗ്രമായ സംഭാവന നൽകി ശ്രാമ്പിക്കലച്ചൻ കടന്നുപോയി. സ്വന്തം ആരോഗ്യം പോലും ഗൗനിക്കാതെ തടുക്കാൻ വയ്യാത്ത തിടുക്കത്തോടെ അദ്ദേഹം കർമ്മനിരതനായി. ■

www.malankaralibrary.com



# മാധ്യമശുശ്രൂഷ

ഡോ. ജേക്കബ് ശ്രാമ്പിക്കൽ

ഫാ. ജേക്കബ് ശ്രാമ്പിക്കൽ മരണത്തിനുമുമ്പ് അവസാനമായി എഴുതിയ ലേഖനമാണിത്. 'കമ്പാനിയൻ' എന്ന ഇംഗ്ലീഷ് മാസികക്ക് വേണ്ടിയാണ് അദ്ദേഹം എഴുതിയത്. ഭാരതസഭയുടെ മാധ്യമ പ്രവർത്തനങ്ങൾക്ക് വഴികാട്ടിയാകട്ടെ ശ്രാമ്പിക്കലച്ചന്റെ ദർശനങ്ങൾ.

ഭാരതസഭ മാധ്യമരംഗത്ത് സജീവമാകാൻ തുടങ്ങിയിട്ടു കാലമേറെയായി. അച്ചടി മാധ്യമത്തിന്റെ കാര്യമെടുത്താൽ അതിന്റെ ആരംഭകർ തന്നെ സഭയും ക്രൈസ്തവ മിഷണറിമാരുമാണ്. എന്നാൽ ദൃശ്യ-ശ്രാവ്യ-ഇലക്ട്രോണിക് മാധ്യമങ്ങളിലേക്ക് ആധുനിക വിനിയമ രംഗം മാറിയതോടെ ചിത്രം പാടേ മാറിയെന്നതാണ് സത്യം.

സഭയുടെ മാധ്യമ പ്രവർത്തനത്തിന് പ്രത്യക്ഷത്തിൽ തന്നെ രണ്ട് പ്രധാന പരിമിതികളുണ്ട്. ഒന്ന്, ആധുനിക മാധ്യമങ്ങളിലൂടെയുള്ള വിനിമയം സഭയ്ക്കുള്ളിൽ തന്നെ ഒതുക്കി നിർത്താനുള്ള പ്രവണത. അതിലൂടെ ഇവയുടെ വായനക്കാരും ശ്രോതാക്കളും കാണികളും സഭാവിശ്വാസികൾ മാത്രമായി ചുരുങ്ങുന്നു. ബഹുഭൂരിപക്ഷം ക്രൈസ്തവ പ്രസിദ്ധീകരണങ്ങൾക്കും ചാനലുകൾക്കും ഈ ദോഷമുണ്ടെന്നതു സത്യം.

രണ്ടാമത്തെ പരിമിതി ഉള്ളടക്കത്തെ സംബന്ധിച്ചുള്ളതാണ്. ഉള്ളടക്കത്തെ സഭാപരമായ വിഷയങ്ങളിൽ ഒതുക്കി നിർത്താനുള്ള പ്രലോഭനം. ഈ രണ്ട് പരിമിതികളും ഒരുമിച്ചു സമ്മേളിച്ചാലോ? വിനിമയം എത്ര മാത്രം പരിമിതപ്പെട്ടുവെന്ന് പറയേണ്ടതില്ലല്ലോ! സഭയുടെ പല മാധ്യമങ്ങളുടെയും ഏറ്റവും വലിയ ദോഷം ഇതു തന്നെയാണ്. സഭയുടെ അച്ചടി മാധ്യമങ്ങളും ദൃശ്യമാധ്യമങ്ങളും ഈ പരിമിതിക്കുള്ളിൽ കിടന്ന് വട്ടം കറങ്ങുകയാണ്. അതായത് സഭാവിഷയങ്ങൾ സഭാതനയരോട് മാത്രം സംവദിച്ചുകൊണ്ടിരിക്കുന്ന രീതി. ഒരു വീട്ടിലെ കാര്യങ്ങൾ കുടുംബാംഗങ്ങളോടുമാത്രം പറഞ്ഞുകൊണ്ടിരിക്കുന്നതുപോലെ. ഒരു കുടുംബയോഗം പോലെ. പുറത്തുള്ളവരും പുറത്തുള്ളതും ഇവർക്ക് വിഷയമല്ലെന്നർത്ഥം.

ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കാനുള്ള ക്രൈസ്തവ ദൗത്യത്തെയാണ് നമ്മൾ (മർക്കോ 16:15) ഇതേപോലെ പരിമിതപ്പെടുത്തി കൊച്ചാക്കിയിരിക്കുന്നത്. യേശു പ്രഘോഷിച്ച സുവിശേഷം മനുഷ്യജീവിതത്തിന്റെ സകലതലങ്ങളെയും സ്പർശിക്കുന്നതായിരുന്നുവെന്നും നാം മറക്കരുത്. അങ്ങനെ ജീവിതത്തിന്റെ മനുഷ്യജീവിതത്തിന്റെ സകലതലങ്ങളെയും സുവിശേഷ വിഷയമാക്കുകയും, മനുഷ്യരെ മാത്രമല്ല സകല സൃഷ്ടികളെയും ശ്രോതാക്കളും പ്രേക്ഷകരുമാക്കുകയും ചെയ്ത യേശുവിന്റെ പിൻഗാമികളാണ് മാധ്യമശുശ്രൂഷയെ കുട്ടിച്ചോറാക്കി മാറ്റിയിരിക്കുന്നത്; അതിൽ തൃപ്തിയടഞ്ഞിരിക്കുന്നത്.

ഇതിൽ നിന്നും വ്യത്യസ്ഥമായി സകല മനുഷ്യരോടും സംവദിക്കാൻ പരിശ്രമിക്കുകയും, മനുഷ്യജീവിതത്തിന്റെ സകലകാര്യങ്ങളെയും വിഷയമാക്കുകയും ചെയ്യുന്ന സമഗ്രമായ വിനിമയ-മാധ്യമ രീതിക്ക് ചില ഒറ്റപ്പെട്ട ശ്രമങ്ങൾ നടക്കുന്നുണ്ട്. എന്നാൽ അവക്കൊന്നിനും സഭാസമൂഹത്തിന്റെയും സഭാനേതൃത്വത്തിന്റെയും പിന്തുണയും പ്രോത്സാഹനവും കിട്ടുന്നില്ലെന്ന

www.malankaralibrary.com



താണ് ഏറ്റവും നിർഭാഗ്യകരം.

## സഭാസംരംഭങ്ങൾ

1970 കളിലാണ് ദൃശ്യശ്രാവ്യ മാധ്യമരംഗത്ത് ഭാരത സഭയിലാകമാനം ഒരു മുന്നേറ്റമുണ്ടായത്. പല രൂപതകളും ഒന്നിനുപുറകെ മറ്റൊന്നായി മാധ്യമകേന്ദ്രങ്ങൾ ആരംഭിക്കാൻ തുടങ്ങി. രാജ്യത്തിന്റെ പലഭാഗങ്ങളിലും ദൃശ്യ-ശ്രാവ്യ സ്റ്റുഡിയോകൾ മുളച്ചുപൊന്തി. സിഗ്നിസിന്റെ (SIGNIS) പിന്തുണയും വഴികാട്ടലുമായിരുന്ന ഇത്തരം സംരംഭങ്ങൾക്ക് പിന്നിലുണ്ടായിരുന്നത്. എന്നാൽ സിഗ്നിസ് സാമ്പത്തിക സഹായം കുറച്ചതോടെ ഇത്തരം മുന്നേറ്റങ്ങളെല്ലാം അധോഗതിയിലായി.

മറ്റൊരു പ്രധാന കാൽവയ്പ്പ് സി.ബി.സി.ഐ യുടെ നേതൃത്വത്തിൽ ആരംഭിച്ച NISCORT (National Institue of Social Communications, Research and Training) ആയിരുന്നു. ലക്ഷ്യങ്ങളും പദ്ധതികളും വളരെ ഉദാത്തമായിരുന്നെങ്കിലും കാര്യമാത്രമായ നേട്ടങ്ങളൊന്നും ഇതുവരെ എത്തിപ്പിടിക്കാൻ ഈ സ്ഥാപനത്തിനായില്ലെന്നത് സങ്കടകരമാണ്.

ടെലിവിഷൻ രംഗത്തുണ്ടായ പരീക്ഷണങ്ങളെല്ലാം തന്നെ സുവിശേഷപ്രചരണത്തിനായുള്ള ഭക്തചാനലുകളായിരുന്നു. ശാലോം ടീവിയും, ജലന്തറിൽ നിന്നുള്ള പ്രാർത്ഥനാ ഭവനും, ഡിവൈനിന്റെ ഗുഡ്നെസ് ടി.വിയുമൊക്കെ ഈ ഗണത്തിൽപെടും. ഏക അപവാദമായിരുന്നു ജീവൻ ടി.വി എന്നാൽ ഇന്ന് അതിന്റെ ഗുണപരതയിലും സ്ഥാപിത ലക്ഷ്യങ്ങളിലും നിഴൽ വീണിരിക്കുകയല്ലേയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഈയടുത്ത കാലത്തായി മാധ്യമ പഠനത്തിനായുള്ള ബിരുദ, ബിരുദാനന്തര കോഴ്സുകൾ സഭാസ്ഥാപനങ്ങളിൽ പലയിടത്തും ആരംഭിച്ചിട്ടുണ്ട്.

അച്ചടി മാധ്യമരംഗത്തുള്ള പ്രസിദ്ധീകരണങ്ങളെല്ലാം തന്നെ സഭാത്മകമാണെന്നതാണ് രസകരം. 700നുമുകളിൽ പ്രസിദ്ധീകരണങ്ങളാണ് കത്തോലിക്കാ സ്ഥാപനങ്ങളുടേതായിട്ട് പുറത്തിറങ്ങുന്നത്. എന്നാൽ അവയിലൊന്നുപോലും സകലർക്കും സ്വീകാര്യമായ സെക്കുലർ മാസികയല്ലെന്നതാണ് കൗതുകകരം. ഇതിനൊരപവാദം, മലയാളത്തിലെ ഏക പാരന്റിങ് മാസികയായ സ്മാർട്ട് ഫാമിലിയായിരിക്കും. കേരളത്തിലെ സമ്പന്നമായ കത്തോലിക്കാ സഭക്ക് മതത്തിനതീതമായ ഒരു സാംസ്ക്കാരിക മാസികക്ക് ഇതുവരെയായിട്ടും തുടക്കം കുറിക്കാനായില്ലെന്നത് സഭയുടെ ചിന്താപരവും ദർശനപരവുമായ ദാരിദ്ര്യത്തെയല്ലേ സൂചിപ്പിക്കുന്നത്?

## ഭാവിസാധ്യതകൾ

പബ്ലിക് റിലേഷൻസ് (Public Prelations) എന്നു പറയുന്ന പൊതുജനസമ്പർക്ക പരിപാടിയാണ് ഭാരതത്തിലെ സഭ ഏറ്റവുമധികം ശ്രദ്ധിക്കേണ്ട മേഖല. കാരണം വളരെ ചെറിയ ന്യൂനപക്ഷമായ ക്രൈസ്തവ സഭക്ക് ഫലപ്രദമായ പബ്ലിക് റിലേഷൻസിലൂടെ മാത്രമേ ഉപ്പും പുളിമാവുമായി പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. സകലരുമായി സഹവസിക്കുകയും സംഭാഷിക്കുകയും ചെയ്യുന്ന സ്നേഹസമൂഹമായി സഭ മാറണം. കാരണം സഭയുടെ ആത്മാവുതന്നെ സംഭാഷണവും പരസ്പരബന്ധവുമാണ്. അതായത് ബന്ധങ്ങൾ കെട്ടിപ്പടുക്കേണ്ടത് സഭയുടെ അസ്ഥിത്വത്തിന്റെ തന്നെ ഭാഗമായി മാറണം. ഇവിടെയാണ് സഭയുടെ പബ്ലിക് റിലേഷൻസിന്റെ പ്രസക്തി.

ദൃശ്യ-ശ്രാവ്യ മാധ്യമരംഗത്ത് സഭ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി സർഗ്ഗാത്മകതയുടെ (creativity) കാര്യത്തിലാണ്. ഈ കാര്യത്തിലും സഭക്ക് മാതൃക യേശുക്രിസ്തു തന്നെയാണ്. വാമൊഴിയുടെ ആ കാലത്ത് ഇത്രയും സർഗ്ഗാത്മകമായ കഥകൾ പറഞ്ഞ മറ്റൊരാളുണ്ടാവില്ല. ദോസ്തൊവ്സ്കിയുടെ 'പത്ത് കല്പനകൾ' മനോഹരമായ കഥപറച്ചിലിന് നല്ല

www.malankaralibrary.com

ഉദാഹരണമാണ്. സർഗ്ഗാത്മകത പുറത്തെടുക്കാനുള്ള ഏറ്റവും നല്ല മാധ്യമങ്ങളായി മാറണം നമ്മുടെ ചാനലുകളും, റേഡിയോ സ്റ്റേഷനുകളും മറ്റും.

പ്രാദേശികമായ തീയേറ്ററും തെരുവു നാടകങ്ങളും സർഗ്ഗാത്മകമായ ആശയ വിനിമയത്തിനുള്ള മറ്റൊരു ഉപാധിയാണ്. മാനുഷിക മൂല്യങ്ങളെയും ജീവിത പ്രശ്നങ്ങളെയും ഇതിവൃത്തമാക്കി പ്രാദേശിക കലാകാരന്മാരെ ഉൾപ്പെടുത്തി ഓരോ രൂപതക്കും ഈ രംഗത്ത് ഏറെ ചെയ്യാനാവും. ഫേസ് ബുക്ക്, ടിിറ്റർ തുടങ്ങിയ സോഷ്യൽനെറ്റ്വർക്കുകൾ തരുന്ന സാധ്യതകളും അനന്തമാണ്.

## മാധ്യമ സാക്ഷരത

മാധ്യമങ്ങളാണ് ഇന്ന് മനുഷ്യനെ ഭരിക്കുന്നത്. ഞാൻ ഇന്ന് എന്ത് ഭക്ഷിക്കണമെന്നും, എന്ത് ധരിക്കണമെന്നും, എന്ത് വാങ്ങണമെന്നും തീരുമാനിക്കുന്നത് മാധ്യമങ്ങളാണ്. എന്തിന് ഇന്നത്തെ സത്യം എന്തെന്ന് തീരുമാനിക്കുന്നതുപോലും മാധ്യമങ്ങളാണ്. പ്രേക്ഷകരെ സ്വാധീനിക്കാനുള്ള മാധ്യമങ്ങളുടെ അസാധാരണ കഴിവിനെയാണ് ഇത് സൂചിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ മാധ്യമങ്ങൾ സത്യമായിട്ട് അവതരിപ്പിക്കുന്നവ പലപ്പോഴും യഥാർത്ഥ സത്യങ്ങളാകണമെന്നില്ല; മറിച്ച് അവർക്ക് ഇഷ്ടമുള്ള സത്യങ്ങൾ മാത്രമാകാം. ഇതിനെ വിവേചിച്ചറിയുവാനും വിലയിരുത്തുവാനുള്ള കഴിവിനെയാണ് മാധ്യമ സാക്ഷരത എന്ന് പറയുന്നത്. ഇത്തരമൊരു മാധ്യമ സാക്ഷരത പ്രേക്ഷകരിൽ വളർത്തിയെടുത്താൽ മാത്രമേ മാധ്യമചൂഷണത്തിൽ നിന്നും പ്രേക്ഷകരെ വിമോചിതരാക്കാൻ പറ്റൂ.

## മാധ്യമ പരിശീലനം

മാധ്യമരംഗത്ത് സഭ നടത്തുന്ന മാധ്യമ സൃഷ്ടികളുടെ ലക്ഷ്യം സാധാരണ ജനങ്ങളുടെ വികസനവും വിമോചനവുമായിരിക്കണം. ശബ്ദമില്ലാത്തവരുടെ ശബ്ദമാകാൻ സഭക്കാകണം. ആദിവാസികളുടെയും ദളിതരുടെയും ദരിദ്രരുടെയും നീതി നിഷേധിക്കപ്പെട്ടവരുടെയും ശബ്ദം മാധ്യമങ്ങളിൽ വേണ്ട രീതിയിൽ ഉയർന്നു വരുന്നില്ല എന്നതാണ് സത്യം.

ഇവിടെയാണ് കത്തോലിക്കാ മാധ്യമപ്രവർത്തനം കാത് കൂർപ്പിച്ച് ശ്രദ്ധിക്കേണ്ടത്. പാർശ്വവത്ക്കരിക്കപ്പെട്ടവരുടെ ജീവിതപ്രശ്നങ്ങൾ ഗുണമേന്മയുള്ള പ്രോഗ്രാമിലൂടെ ജാതിമതഭേദമെന്യേ സകലർക്കും സ്വീകാര്യമായ രീതിയിൽ അവതരിപ്പിക്കപ്പെടുന്നിടത്താണ് കത്തോലിക്കാ മാധ്യമങ്ങളുടെ വിജയം. ഈ ലക്ഷ്യം മുൻനിർത്തി തുടങ്ങിയ പരിശീലന സ്ഥാപനമാണ് ഡൽഹിയിലെ NISCORT. ബാംഗ്ലൂരിലെ സെന്റ് ജോൺസ് മെഡിക്കൽ കോളേജ് ആതുരശുശ്രൂഷാരംഗത്തും, പൂനയിലെ NVSC സഭാപരിശീലനരംഗത്തും, ബാംഗ്ലൂരിലെ NBCLC മതബോധനരംഗത്തും ചെയ്യുന്നതിന് സമാനമായി സഭയുടെ മാധ്യമ പരിശീലന കേന്ദ്രമായി സ്വപ്നം കണ്ടിരിക്കുന്നതാണ് NISCORT. മാധ്യമവിദ്യാർത്ഥികൾക്ക് മാധ്യമ വിശകലനത്തിലും, മാധ്യമ ധാർമികതയിലും, മാധ്യമ പോളിസികളിലും അടിയുറച്ച പരിശീലനം ലഭിച്ചിരിക്കണം. പാവപ്പെട്ടവരുടെ ഹൃദയമിടിപ്പുകൾ തിരിച്ചറിയുന്നവരായിരിക്കണം ഇവർ.

നിസ്കോർട്ടിന്റെ ആദിമ ലക്ഷ്യങ്ങളിലേക്ക് ഈ സ്ഥാപനം തിരിച്ചുപോകേണ്ടിയിരിക്കുന്നു. മറ്റേതൊരു സർവ്വകലാശാല ഡിഗ്രിപോലെയാകരുത് നിസ്കോർട്ടിന്റെ മാധ്യമ പരിശീലന ഡിഗ്രി. സഭയുടെ ദർശനത്തിലും ദൗത്യത്തിലും അടിയുറച്ച സമാന്തര മാധ്യമരംഗത്തിനും, മാധ്യമധാർമികതയ്ക്കും, സംവേദന രീതിക്കും പ്രോത്സാഹനം നൽകാൻ നമുക്ക് കഴിയണം. ക്രിസ്തുവിന്റെ മനുഷ്യദർശനത്തിലധിഷ്ഠിതമായ പരിശീലനം വിദ്യാർത്ഥികൾക്ക് നൽകുന്നതിലായിരിക്കണം നമ്മുടെ ശ്രദ്ധ.

സെക്കുലർ മാധ്യമരംഗത്ത് ശ്രദ്ധാവഹമായ സ്വാധീനം ചെലുത്താൻ കഴിവുള്ള മാധ്യമപ്രവർത്തകരെ പരിശീലിപ്പിച്ചുവിടാൻ നിസ്കോർട്ടിനു കഴിയണം. അതോടൊപ്പം വിനിമയത്തിലൂടെയും മാധ്യമ ശുശ്രൂഷയിലൂടെയും സഭാകൂട്ടായ്മയും സഭാനവീകരണവും യാഥാർത്ഥ്യമാകാനും പറ്റണം. പങ്കാളിത്വ നേതൃത്വം കൂട്ടായ്മ സഭയിലാകമാനം പ്രോത്സാഹിപ്പിക്കപ്പെടുകയും വേണം.

സഭ ഇന്ന് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി മാധ്യമരംഗത്ത് ആണെന്ന് പറയാം. മറ്റു മേഖലകളിലെ പ്പോലെ പ്രശംസനീയമല്ല. മാധ്യമശുശ്രൂഷയിലെ സഭയുടെ നേട്ടങ്ങൾ എന്നതാണ് സത്യം. ഈ രംഗത്ത് സഭയ്ക്ക് ഇനിയും വളരെയേറെ മുന്നോട്ടു പോകാനുണ്ട്. ഭാരതസഭയ്ക്കും ഭാരതസഭയുടെ മാധ്യമ പ്രവർത്തനങ്ങൾക്കും അവയുടെ ലക്ഷ്യങ്ങളെ എത്തിപ്പിടിക്കാൻ കഴിയട്ടെ. ■

www.malankaralibrary.com



# അപകടം പിടിച്ച കളികൾ

നമിത റോസ്
*അസിസ്റ്റന്റ് പ്രൊഫസർ, വിമല കോളേജ് (മലയാള വിഭാഗം)*

രണ്ടു കഥകളെയാണ് ഇത്തവണ പരിചയപ്പെടുത്തുന്നത് – ധന്യാരാജിന്റെ 'സഭാതലം' (മാതൃഭൂമി ഏപ്രിൽ 22); സുസ്മേഷ് ചന്ത്രോത്തിന്റെ 'ഛായാഗ്രാഹകൻ' (മാതൃഭൂമി ഏപ്രിൽ 29)

കാരുണ്യരഹിത ഇടത്തിലാണ് താനെന്ന അവബോധം മനുഷ്യമനസ്സിനെ വീർപ്പുമുട്ടിക്കുന്നു. വർത്തമാന പരിസരത്തിലെ ഈ സമ്മർദ്ദം അനിവാര്യമായി സൃഷ്ടിക്കുന്ന പ്രതിരോധമാണ് പുതിയ കഥകളുടെ അടയാളപ്പെടുത്തലുകൾ. മനഃശാസ്ത്രത്തിന്റെയും ആധുനിക പ്രത്യയശാസ്ത്രത്തിന്റെയും രാഷ്ട്രീയമാണ് ഈ കഥകളെ നിയന്ത്രിക്കുന്നത്.

പൂർത്തീകരിക്കാനാവാത്ത അഭിലാഷങ്ങളാൽ സങ്കീർണ്ണമായ മനുഷ്യമനസ്സ് പലതരം കളികളിൽ അഭിരമിക്കുന്നു. ചെറുപ്പത്തിലെ നിർദ്ദോഷമായ കളികൾ മുതിർന്നവരിലേയ്ക്കെത്തുമ്പോൾ വലിയ ദുരന്തമായി മാറുന്നു. അത്തരമൊരു അപകടം പിടിച്ച കളിയാണ് ധന്യാരാജിന്റെ സഭാതലം (മാതൃഭൂമി ഏപ്രിൽ 22) എന്ന കഥ. അഗാധമനഃശാസ്ത്രത്തിന്റെ ധൈഷണിക നിവേദനങ്ങൾ ഈ കഥയിലുണ്ട്. 'ഡിസ്പ്ലെയ്സ്മെന്റ്' എന്ന മനഃശാസ്ത്ര സങ്കൽപ്പം കഥയുടെ അടിസ്ഥാനഭാവമാകുന്നു.


വളരെ ലളിതമായി, സൗമ്യമായി തുടങ്ങുന്ന കളികൾ അന്ത്യത്തോടടുക്കുമ്പോൾ വീറും വാശിയും വർദ്ധിച്ച് കാര്യങ്ങൾ കയ്യിലൊതുങ്ങാത്തിടത്തെത്തുന്നു. പുഴയിലൂടെയുള്ള ഒരലസസഞ്ചാരം ഒടുവിൽ ചുഴിയിലെത്തുന്നതുപോലെ! പലപ്പോഴും തനിക്കും മറ്റുള്ളവർക്കും അപകടം വരുത്തുന്ന ഭീകരമായ അന്ത്യത്തെ അറിയാതെ സ്വാഗതം ചെയ്യേണ്ടി വരുന്നു.

ജയപാലൻ ചേട്ടന്റെ അസാധാരണ കളികൾ കണ്ട് അത്ഭുതപ്പെടുന്ന രജനിയെന്ന അയൽക്കാരിക്ക് ഓരോ ദിവസവും പുതിയ പുതിയ അനുഭവങ്ങളാണ്. അവൾ വരച്ചിടുന്ന കളത്തിന്റെ ചെറിയ പരിധിയിൽ നിന്ന് വളർന്ന് വളർന്ന് ഒരു ഭീകരരൂപിയായി അയാൾ മാറുന്നു.

വാതത്തിന്റെ അസുഖം കലശലായപ്പോൾ മുംബൈയിലെ തന്റെ ഫ്ളാറ്റിലേക്ക് അച്ഛനെ കൂട്ടിക്കൊണ്ടു പോകാനെത്തിയ മകൻ നിഖിലിന്റെ യാത്ര 'പ്രത്യാശ' എന്ന വൃദ്ധമന്ദിരത്തിലാണ് ചെന്നെത്തിയതെന്ന യാഥാർത്ഥ്യം നടുക്കുന്ന ഒരു അറിവായിരുന്നു അവൾക്ക്. വൃദ്ധസദനത്തിന്റെ ജനലഴികളിൽ പിടിച്ചുകൊണ്ട് നിസ്സംഗതയോടെയിരിക്കുന്ന വൃദ്ധന്റെ ചിത്രം ചർച്ചാവിഷയമായപ്പോൾ കോലാഹലങ്ങൾക്കിടയിൽ മകന് തന്റെ അച്ഛനെ വീട്ടിലേയ്ക്ക് എത്തിക്കേണ്ടി വന്നു. അതോടെ സംഭവങ്ങൾക്ക് താൽക്കാലിക ശുഭപര്യവസാനമായി.

കടുത്ത ഏകാന്തതയും തിരസ്ക്കരണത്തിന്റെ കാഠിന്യവും ജയപാലനെന്ന വൃദ്ധനെ മറ്റൊരാളാക്കിമാറ്റി. മകനോടുള്ള വാത്സല്യവും അനിഷ്ടവും

www.malankaralibrary.com




അയാളെ വിഭജിത വ്യക്തിത്വത്തിനുടമയാക്കുന്നു. മഹാഭാരത കഥയുടെ പശ്ചാത്തലത്തിൽ അയാൾ അറിയാതെ ധൃതരാഷ്ട്രരായി മാറിക്കൊണ്ടിരുന്നു.

'വൃദ്ധസദന'മുൾപ്പടെ വാർദ്ധക്യത്തിന്റെ ദുരന്തങ്ങളേറ്റെടുക്കുന്ന കുറെയധികം കഥകൾ നമുക്കുണ്ടെങ്കിലും അവിടെയൊക്കെ ഇരകളായിമാറുന്ന മനുഷ്യരുടെ ദൈന്യമാണ് നമ്മെ അസ്വസ്ഥതപ്പെടുത്തുന്നത്. ഇവിടെ ഇരയെയല്ല വിധികർത്താവായി സ്വയം അവരോധിക്കുന്ന ഏകാധിപതിയെയാണ് നാം കാണുക. അപകടം പിടിച്ച കളികളിലൂടെ അയാൾ മുന്നേറിക്കൊണ്ടിരിക്കുന്നു. അവിശ്വസനീയവും അപ്രതീക്ഷിതവുമായ കളികൾക്ക് രജനിയോടൊപ്പം വായനക്കാരനും ദൃക്സാക്ഷികളാകുന്നു. കുട്ടിക്കളിയും ചുറ്റിക്കളിയും കഴിഞ്ഞ് ക്ലൈമാക്സിലെത്തുമ്പോൾ കഥയുടെ ആഖ്യാനസ്വരവും ജീവിതമെന്ന നിലയില്ലാകളിയിലേക്ക് പകർന്നാടുന്നു.

ജീവിതത്തിലെ രംഗങ്ങൾ കൂട്ടിച്ചേർത്ത നാടകാവതരണമാണ് പുതിയ കളിക്കായി ജയപാലൻ തെരഞ്ഞെടുത്തത്. രജനിയുടെ ഭർത്താവ് ബിജോയിയെയാണ് തന്റെ മകൻ നിഖിലിന്റെ സ്ഥാനത്ത് ആ പിതൃമനസ്സ് അവരോധിക്കുന്നത്. ഭാര്യയായി സുമംഗലയായ മാലതിയേയും. അച്ഛനമ്മമാരെ കാണാനായി നിഖിലും ഭാര്യയും എത്തിച്ചേരുന്ന രംഗമായിരുന്നു അഭിനയിക്കാനുണ്ടായിരുന്നത്.

പുതിയ കഥാപാത്രങ്ങളും രംഗസജ്ജീകരണവും അഭിനയമികവും ജീവിതത്തിന്റെയും നാടകത്തിന്റെയും അതിരുമായിക്കുന്നു. സൗമ്യമായി, സരസമായി ആരംഭിക്കുന്ന നാടകം പുരോഗമിക്കുന്തോറും വിഭ്രമാവസ്ഥയിലെത്തുന്ന നായക കഥാപാത്രം അയാളുടെ സ്വപ്നകഥാപാത്രമായി രൂപാന്തരപ്പെടുകയാണ്. "മോനേ എന്ന് പതിഞ്ഞ ശബ്ദത്തിൽ വിളിച്ചുകൊണ്ട് അദ്ദേഹം ബിജോയിയെ കെട്ടിപ്പിടിച്ചു... അടുത്ത നിമിഷത്തിൽ ജയപാലൻ ചേട്ടന്റെ ആലിംഗനം മുറുകി. ബിജോയി അമ്പരപ്പോടെ തന്റെ ശരീരം ജയപാലൻ ചേട്ടനിൽ നിന്ന് വിടർത്തിമാറ്റാൻ ശ്രമിച്ചു. എന്നാൽ ചേട്ടന്റെ കൈകൾ ഒരു പെരുമ്പാമ്പിന്റെ ശക്തിയോടെ ബിജോയിയുടെ ദേഹത്തെ ഞെരിച്ചമർത്തിക്കൊണ്ടിരുന്നു. ബിജോയി ശ്വാസത്തിനുവേണ്ടി പിടഞ്ഞു.

"അയ്യോ! ചേട്ടാ എന്തായീ കാണിക്കുന്നത്? തറഞ്ഞുനിൽക്കുകയായിരുന്ന മാലതിയും രജനിയുംകൂടി അദ്ദേഹത്തെ ബിജോയിയിൽ നിന്നും ബലമായി പിടിച്ചുമാറ്റി. അടുത്തനിമിഷത്തിൽ ജയപാലൻ ഒരു പ്രതിമപോലെ അവരുടെ മുമ്പിലേക്ക് മറിഞ്ഞു വീണു. കളി കാര്യമായി മാറുന്നിടത്ത് അനിവാര്യമായ ദുരന്തം സംഭവിക്കുന്നു. അയാളുടെ തന്നെ സമ്മർദ്ധങ്ങളുടെ അന്ത്യത്തോടെ അടുത്ത കളിക്കായി തിരശ്ശീല ഉയരുകയാണ്. മനുഷ്യമനസ്സിന്റെ സങ്കീർണ്ണവഴികളും ആധുനിക ലോകത്തിന്റെ സമ്മർദ്ദങ്ങളും ബന്ധങ്ങളുടെ കപടതയും ജീവിതത്തെ എങ്ങനെ ദുരന്തമാക്കിമാറ്റുന്നു എന്നതിന്റെ നേർചിത്രം ധന്യാരാജ് തന്റെ കഥയിലൂടെ അതീവ നിപുണതയോടെ ആവിഷ്ക്കരിക്കുന്നുണ്ട്.

മറ്റൊരു അപകടം പിടിച്ച കളിയാണ് സുസ്മേഷ് ചന്ത്രോത്തിന്റെ അപസർപ്പക ഛായാഗ്രാഹകൻ (മാതൃഭൂമി ഏപ്രി 29). സ്വകാര്യതകൾ നഷ്ടമാകുന്ന ആധുനിക ലോകത്തിന്റെ വിഹ്വലതകളാണ് കഥയിൽ. നഗരത്തിന്റെ മുക്കിലും മൂലയിലും ഘടിപ്പിച്ചിരിക്കുന്ന ഒളിക്യാമറകൾ നാമറിയാതെ നമ്മെ പിന്തുടർന്നുകൊണ്ടിരിക്കുന്നു. യന്ത്രവും മനുഷ്യചേതനയും അഭിമുഖമായി നിൽക്കുന്ന സാങ്കേതികവിദ്യ പലപ്പോഴും നന്മയേക്കാളേറെ അവന് തിന്മയായി ഭവി

www.malankaralibrary.com

ക്കുന്നു. ഒരുതരം വിഭ്രമാവസ്ഥയിൽ അവനെ എത്തിക്കുന്നു. സത്യത്തെ ഏത് വിധേനയും മാനുപ്പുലേറ്റ് ചെയ്ത് വികൃതമാക്കാനും ഇഷ്ടപ്പെട്ട രീതിയിൽ വളച്ചൊടിച്ച് സ്വന്തം കാര്യസാധ്യത്തിനായി ഉപയോഗപ്പെടുത്താനുമുള്ള സംഘടിത ശ്രമങ്ങളിൽ ഇരയാകാനാണ് അവന് നിയോഗം. സ്വത്വനഷ്ടത്തെക്കുറിച്ചുള്ള ഈ ഭയം അരക്ഷിതാവസ്ഥയിലേക്കും നിഷ്ക്രിയത്വത്തിലേക്കും മനുഷ്യനെ നയിക്കുന്നു.

പൊതുപ്രവർത്തനത്തിന്റെ തിരക്കിനിടയിൽ അപരിചിതൻ നീട്ടിയ ഛായാചിത്രം മാധവൻ നീറനാടൻ എന്ന ശരാശരി രാഷ്ട്രീയക്കാരനെ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചു. കമ്പ്യൂട്ടറിന്റെ അനന്തസാധ്യതകൾ നിരത്തിൽ ചിത്രത്തിന്റെ വിശ്വാസ്യതയെ നിഷേധിക്കാൻ അയാൾ വിഫലശ്രമം നടത്തുന്നുണ്ടെങ്കിലും ഛായാഗ്രാഹകന്റെ കൃത്യതയ്ക്ക് മുമ്പിൽ അയാൾക്ക് തലകുനിക്കാതിരിക്കാനായില്ല. പൊതുമണ്ഡലത്തിൽ താൻ ഇതാ വിവസ്ത്രനാകാൻ പോകുന്നുവെന്ന ഉൾക്കിടിലത്തോടെ തന്റെ മോർഫ് ചെയ്ത ഫോട്ടോ കിട്ടിയിട്ടുണ്ടോ എന്ന് ചാനലുകളിലേക്കും പത്രം ഓഫീസുകളിലേക്കും അന്വേഷണം തുടർന്നെങ്കിലും ഭാഗ്യത്തിന് ആ ദുരന്തത്തിൽ നിന്ന് അയാൾ രക്ഷപ്പെട്ടു. മാസങ്ങളോളം നീണ്ടുനിന്ന ഭയപ്പാടിൽ നിന്ന് കരകയറാൻ തുടങ്ങുമ്പോഴേക്കും മറ്റൊരു കടലാസ്സുകൂട് തപാലിൽ അയാളെ തേടിയെത്തി. വിരുന്ന് സൽക്കാരത്തിനിടെ ചാനൽ അവതാരകയും അയാളും ശൗചാലയത്തിന്റെ മനോഹര ഇടനാഴിയിൽവെച്ച് പരസ്പരം ഉറ്റുനോക്കുന്നതായിരുന്നു ചിത്രത്തിൽ.

അപ്പോൾ അയാൾക്ക് പലതരം ചതികളെപ്പറ്റി വെളിപാടുണ്ടായി. അതിലൊന്നായിരുന്നു ആദ്യത്തെ പടത്തിന് സന്ദർഭമുണ്ടാക്കിയ സാഹചര്യം. വാസ്തവത്തിൽ അയാൾ ഓർക്കാൻ ഇഷ്ടപ്പെടാത്ത വഞ്ചനയായിരുന്നു അത്.

അനേകമനേകം ഓർമ്മിക്കപ്പെടേണ്ട സേവനങ്ങളെ ഛായാപടത്തിലാക്കാൻ ഇതുവരെ മുതിരാതിരുന്ന ഒരാൾ ജീവിതത്തിൽ ആകെ സംഭവിച്ച തന്റെ രണ്ടു പാകപ്പിഴകളെ പകർത്തിവെച്ചിരിക്കുന്നതിന്റെ നിഗൂഢത അയാൾക്ക് പിടികിട്ടിയില്ല.

സാർത്ര് നിരീക്ഷിക്കുന്ന 'തുറിച്ചുനോട്ടം' നമ്മെ പെട്ടെന്ന് ഒരാളുടെ ശത്രുവാക്കി മാറ്റുന്നു. അയാളുടെ വൈരം നാമറിയാതെ നമ്മുടെ ഉള്ളിലേക്ക് പ്രവഹിക്കുന്നു അതോടെ നോക്കുന്നയാളെ ഭയപ്പെടേണ്ട പ്രതലത്തിലേക്ക് നാം എത്തുന്നു. മിഷേ ഫൂക്കോ പറയുന്നതുപോലെ മേൽനോട്ടത്തിന്റെയും നിയന്ത്രണത്തിന്റെയും അതിവീക്ഷണോപകരണമാണ് ഇവിടെ സാങ്കേതികവിദ്യ. ഒരുതരം Technophobia യിലേക്ക് അത് മനുഷ്യനെ നയിക്കുന്നു.

തുടർന്നുള്ള ഓരോ കാൽവെയ്പ്പിലും അയാൾ ജാഗരൂകനാകുന്നു. സെലിൻ മത്തായി തന്നെക്കാണാൻ അവസരം ചോദിച്ചപ്പോൾ ഭാര്യയും മക്കളുമുള്ള സ്വന്തം വീടുതന്നെയാണ് കൂടിക്കാഴ്ചയ്ക്ക് സുരക്ഷിത സ്ഥാനമായി അയാൾ കണ്ടത്. എന്നാൽ അപ്രതീക്ഷിതമായി സുഹൃത്ത് ആൻഡ്രൂസ് ആനിക്കാടനും കൂടി സെലിൻ മത്തായിയോടൊപ്പം വന്നുകയറിയപ്പോൾ അയാൾ സന്തോഷത്തോടെ അവരെ സ്വീകരിച്ചു. അവർ നേരിട്ട ദുരന്തം മറ്റൊരു ഛായാചിത്രമായി മുന്നിൽ അവതരിച്ചപ്പോൾ സ്വകാര്യതകളെ പരസ്യചിത്രമാക്കുന്ന അജ്ഞാതനായ അപസർപ്പക ഛായാഗ്രാഹകനിൽ നിന്ന് ആർക്കും മോചനമില്ലെന്ന യാഥാർത്ഥ്യത്തിനു മുന്നിൽ അയാൾ കൂടുതൽ കൂടുതൽ ഭയചകിതനാകുന്നു.

> **മനുഷ്യമനസ്സിന്റെ സങ്കീർണ്ണ വഴികളും ആധുനിക ലോകത്തിന്റെ സമ്മർദ്ദങ്ങളും ബന്ധങ്ങളുടെ കപടതയും ജീവിതത്തെ എങ്ങനെ ദുരന്തമാക്കിമാറ്റുന്നു**

ആധുനിക പ്രതിസന്ധിയെ ഫോട്ടോഗ്രാഫുകളിലൂടെ വായിക്കുന്ന സുസ്മേഷ് തന്റെ സ്വതഃസിദ്ധമായ കൈയൊതുക്കത്തോടെ പുതിയ കാലഘട്ടത്തിന്റെ മഹാസങ്കീർണ്ണതകളേയും സാങ്കേതികതയുടെ പ്രതീതി സ്വഭാവത്തേയും അടയാളപ്പെടുത്തുകയാണ് അപസർപ്പക ഛായാഗ്രാഹകനിലൂടെ.

ജീവിതം തരിശനിലമെന്ന് പിന്നെയും പിന്നെയും പറഞ്ഞുകൊണ്ടിരിക്കുന്ന ഈ കഥകൾ വായനക്കാരെ ദോഷൈക ദൃക്കായി പരിവർത്തിപ്പിക്കുന്നുണ്ട് എന്ന അപരാധം ആരും കാണാതെ പോകരുത്. ■

www.malankaralibrary.com

കവിതാനിരൂപണം

# ഉൾവെളിച്ചം തെളിയട്ടെ

പ്രൊഫ. മാത്യു പാറയ്ക്കൽ

റോസി തമ്പിയുടെ 'വെളിച്ചം' (കലാകൗമുദി 1910-ാം ലക്കം) എന്ന കവിതയുടെ അർത്ഥതലങ്ങളിലേക്ക് ഒരു അന്വേഷണം

ഹൃദയങ്ങളുടെ ആഴമായ അടുപ്പത്തിൽ അടങ്ങിയിരിക്കുന്ന ഉണർവ്വിന്റെയും ഉന്മേഷത്തിന്റേയും ഉൾവെളിച്ചത്തിന്റേയും തിരിച്ചറിവാണ് കലാകൗമുദി 1910-ാം ലക്കത്തിൽ പ്രകാശിതമായ റോസി തമ്പിയുടെ 'വെളിച്ചം' എന്ന കവിത.

വെളിച്ചം മൂന്ന് ഹ്രസ്വഭാഗങ്ങളായി എഴുതപ്പെട്ടിരിക്കുന്നു. "അനിവാര്യമായ പ്രളയംപോലെ പ്രണയം എന്നെ പിന്തുടരുന്നു" എന്ന ആവർത്തിതഖണ്ഡഭാഗത്രിതയത്തിലും ആദ്യമേ ചേർക്കപ്പെട്ടിരിക്കുന്നു. മഹാപ്രളയം നോഹയുടെകാലത്ത് നടന്ന സർവ്വ നാശമാണ്. എന്നാൽ നാശത്തിന്റെ നടുവിൽ നിന്നും പുതുക്കിപണിയലും പുനഃക്രമീകരണവും മഴവില്ലിനെ കാട്ടി ദൈവം ഉറപ്പിക്കുന്നു (ഉൽപ്പത്തി 7:8). ഭാരതീയ ദർശനത്തിലെ മഹാപ്രളയവും അനിവാര്യതയുടെയും പുതുസൃഷ്ടിയുടെയും പ്രതീകമാണ്. പ്രണയവും അനിവാര്യതയാണ്. പുതുക്കിപ്പണിയലാണ്. പുനഃക്രമീകരണമാണ്. ഈ ക്രമീകരണത്തിന്റെ ത്രിമാനങ്ങളാണ് കവിതയിലെ മൂന്നു ഭാഗങ്ങൾ.

ഒന്നാം ഭാഗം പ്രകൃതിയുടെ സാന്നിദ്ധ്യത്താൽ സമ്പന്നമാണ്. ജൈവപ്രകൃതിയും ഇലക്ട്രോണിക് പ്രകൃതിയും ചേർന്ന നന്മയുടെ പുതുലോകം ദർശിച്ച് നന്നായിരിക്കുന്നു എന്നു മൊഴിയുന്നു. പ്രകാശം ചൊരിയുന്ന സൂര്യനും ഇലകളെ തലോടുന്ന മന്ദമാരുതനും കിളികൾ ഇണചേരുന്ന തൊടികളും പൂക്കളെ തൊട്ടുനടക്കുന്ന പൂമ്പാറ്റകളും ജൈവപ്രകൃതിയുടെ പ്രാതിനിധ്യമാണ്. ഇലക്ട്രോണിക് പ്രകൃതിയുടെ ഭാഗമായ കംപ്യൂട്ടറുകൾ കൃത്യമായി പ്രവർത്തിക്കുന്നു. ഇവയുടെ മാനേജർ കസേരകൾ മാറിയിരുന്ന് എല്ലാം നന്നായിരിക്കുന്നുവെന്ന് ചൊല്ലുന്നു. സൃഷ്ടിയുടെ ആറുദിനങ്ങളുടെയും അന്ത്യവേളയിൽ സ്രഷ്ടാവ് ആവർത്തിച്ച 'എല്ലാം നന്നായിരിക്കുന്നു'വെന്ന മൊഴികളുടെ കാലികമായ തുടർച്ച (ഉൽപ്പത്തി 1:12:18-25) സൃഷ്ടിസ്ഥിതി സാകല്യത്തിൽ തൃപ്ത ചിത്തനായിരിക്കുന്ന ഐശ്വര്യസത്തയുടെ സാന്നിദ്ധ്യ നിറവിലാണ് ഒന്നാം ഭാഗം അവസാനിക്കുന്നത്.

സമ്പൂർണ്ണതയുടെ നടുവിലെ അപൂർണ്ണതാ ഭാവമാണ് രണ്ടാം ഭാവം. ഈശ്വരലയത്തിനായി ശുദ്ധീകരണ പഥം പിന്നിടുന്ന ആത്മാവിന്റെ പ്രകാശമാർഗ്ഗത്തിലെ യാനത്തിനിടയിൽ അനുഭവപ്പെടുന്ന അന്ധകാരപൂർണ്ണതയുടെ തികവ് ഇടിച്ചുനിൽക്കുന്നു.

*വെളിച്ചം കാണാത്ത വിധം; എന്റെ ഹൃദയം*
*ഇരുട്ടിന്റെ ആത്മാവുകൊണ്ട്*
*പൊതിഞ്ഞിരിക്കുന്നു*

കണ്ണുകളിൽ ഇരുട്ട് പൂശിയും കാതുകളെ ഇരുട്ടുകൊണ്ടടച്ചും തന്നെ ഭാരപ്പെടുത്തുന്ന ഐശ്വര്യസത്തയെ ആശ്രയിക്കുക മാത്രം കരണീയം. ചുറ്റിലും ഇരുൾ പരന്നിടുന്ന വേളയിലും അന്ധകാര പൂർണ്ണമായ രാത്രിയിലൂടെ കടക്കുമ്പോഴും എൻ ഭവനത്തിൽ നിന്ന് ഞാൻ അകലെയായിരിക്കുമ്പോഴും പ്രകാശക്കാതലേ നീ നയിക്കണമേ എന്ന വാഴ്ത്തപ്പെട്ട കർദ്ദിനാൾ ന്യൂമാന്റെ പ്രാർത്ഥനയോടു ചേർന്നു പോകുന്ന ചിന്തകളേ ഹൃദയത്തിൽ നിന്നുയരൂ. മൗതി ക ജീവിത (മിസ്റ്റിക്) ഭാവങ്ങളിലെ കഴമ്പായ ആത്മാവിന്റെ അന്ധകാര പൂർണ്ണമായ രാത്രി പ്രണയപൂരിത മാനസ്സത്തിന്റെയും ഭാവതരംഗമായി മാറുന്നു രണ്ടാം ഭാഗത്ത്.

മൂന്നാം ഭാഗം ബൈബിളിന്റെ തിരുമുറ്റത്തുകൂടിയുള്ള യാനമാണ്. ആത്മനിർവൃതിയിലെത്തിയ യാനം; അവനെന്നെ എത്രമേലിഷ്ടമെന്ന് തിരിച്ചറിഞ്ഞ

www.malankaralibrary.com

ജീവിതയാത്ര. മൗതികാനുഭവത്തിന്റെ മൂന്നാം ഘട്ടമായ ദൈവൈക്യത്തിന്റെ തലത്തിലെത്തിയിരിക്കുന്നു കാര്യകാരണബന്ധിയായ അനുഭവ പരമ്പരകളിലൂടെ.

*കണ്ണുകൾക്ക് കാണാനാവാത്തതിനെയോർത്ത്*
*ഹൃദയം കേഴുമ്പോൾ*
*മിന്നൽ അവന്റെ കണ്ണുകളാകും*
*കാറ്റ് അവന്റെ വിരലുകളായ്*
*മുടിയിഴകളെ തലോടും*
*ആകാശം അവന്റെ ശബ്ദമായ് കാതിൽ നിറയും*

പഞ്ചഭൂതങ്ങളോരോന്നും ആത്മനൊമ്പരത്തിന്റെ തുടിപ്പുകൾ ഏറ്റെടുത്ത് ആശ്വാസകാരിയാകുന്നു. കണ്ണുചിമ്മാൻ അവിടുന്ന് എന്നെ അനുവദിക്കുകയില്ല; സംസാരിക്കാനാവാത്തവിധം ഞാൻ ആകുലനാണ് (സങ്കീ 77:4). കരഞ്ഞു കരഞ്ഞു ഞാൻ തളർന്നു, രാത്രിതോറും ഞാൻ കണ്ണീരൊഴുക്കി, എന്റെ തലയണ കുതിർന്നു (സങ്കീ 6:6). വിമോചകനും രക്ഷാശിലയുമായ കർത്താവിൽ അഭിമാനിക്കുന്ന സങ്കീർത്തകന്റെ വികാരധാരകൾ ഈ ഭാഗങ്ങളിൽ തിളങ്ങിനിൽക്കുന്നു. (18:13) കർത്താവ് ആകാശത്തിൽ ഇടി മുഴക്കി; അത്യുന്നതന്റെ ശബ്ദം മുഴങ്ങിക്കേട്ടു. കർത്തൃസ്വരം ശക്തിനിറഞ്ഞതാണ്, അവിടുത്തെ സ്വരം പ്രതാപമുറ്റതും (സങ്കീ 29:4). മരുഭൂമിയെ വിറകൊള്ളിക്കാനും ഓക്കുമരങ്ങളെ ചുഴറ്റാനും അവന്റെ സ്വരത്തിനാവും. ആകാശം ചായ്ച് ഹിതമായി ഭാഷിക്കുന്നവന്റെ സാന്ത്വനത്തിലേയ്ക്ക് നയിക്കുകയാണ് കവി.

ശാന്തമായി ഒഴുകുന്ന നദി അവന്റെ ആത്മാവാണ്. ജീവിതത്തിന്റെ ഞെരുക്കങ്ങളിൽ നിന്ന് പുറത്തുവരാനാവാതെ അവന്റെ ആത്മാവായ പ്രശാന്ത നദിയിൽ മുഖം നോക്കിയിരിക്കുമ്പോൾ അവനെ പ്രതി വ്യാകുലങ്ങളാൽ മുറിക്കപ്പെട്ട ഹൃദയം കിളിക്കുഞ്ഞുപോലെ പിടയുന്നു. സ്ഫടികംപോലെ തെളിഞ്ഞ ജീവജലത്തിന്റെ നദി യോഹന്നാൻ തന്റെ ദർശനത്തിൽ കാണുന്നു (വെളിപാട് 22:1). വലിയ ഞെരുക്കങ്ങളിലൂടെ കടന്നുപോകുന്നവർ കുഞ്ഞാടിനോടൊപ്പം വിരുന്നിനിരിക്കേണ്ടവരാണ് (വെളി 7:14).

വ്യാകുലങ്ങളുടെ വാൾ നിന്റെ ഹൃദയത്തിലൂടെ കടന്നുപോകും (ലൂക്കാ 2:35) എന്ന വചസ്സുകൾ ഏതൊരു ജന്മത്തിന്റെയും നിയോഗമാണ്. കിളിക്കുഞ്ഞുപോലെ പിടയുക.

കെടാത്ത അഗ്നിയിലേക്കുള്ള നിലയ്ക്കാത്ത പ്രവാഹത്തിന്റെ വേളയിൽ ഭൂമിയിലെ നാലു കാറ്റുകളെയും അവൻ പിടിച്ചുനിർത്തി (വെളി 7:1) എനിക്കായി അവൻ ചെവിചായിച്ച് എന്റെ നിലവിളി കേട്ടു (സങ്കീ 102:1–2). അവൻ എന്നിലേക്ക് സ്നിഗ്ധമായി ഒഴുകിയിറങ്ങുമ്പോൾ കാതുകളിലോതി എന്റെ കാലുകൾ ദൃഢമെന്നും ശിരസ്സുയരണമെന്നും.

ദൃഢമായ പാദങ്ങളിൽ ശിരസ്സുയർത്തി നോക്കി ചരിക്കുന്ന എനിക്കായി അവൻ കാത്തിരിക്കുന്നു. (ഉൽപ്പത്തി 18:2, 22:4). അവനിലേക്ക് ഉയർത്തിയ ശീർഷം അവൻ കൊതിക്കുന്നു. ദൃഢമായ കാലുകൾ കൊണ്ട് ചുവടുവയ്ക്കുന്ന എന്റെ കാതിൽ അവൻ തരളമായി മന്ത്രിക്കുന്നു.

അസ്ഥികളെപ്പോലും പൂക്കാൻ ഇടവരുത്തുന്ന അവന്റെ ചുടുനിശ്വാസത്താൽ (എസക്കി 37) പുതിയഗാനം അവൻ നിക്ഷേപിച്ചു. വെള്ളച്ചാട്ടത്തിന്റെ ഇരമ്പൽ പോലെയും ഇടിനാദം പോലെയും ഒരു സ്വരം കേൾക്കാൻ അവനിടവരുത്തി; പുതുഗാനത്തിന്റെ ശീലുകൾ നാവിലുദിച്ചു. ആത്മാവ് തിരിച്ചറിവിൽ എത്തുകയാണ്. അവന്റെ പ്രേമം വീഞ്ഞിനേക്കാൾ മാധുര്യമുള്ളത് (ഉത്തമഗീതം 1:2).

അവനോടുള്ള ഇഷ്ടത്തിന്റെ ബലത്തിൽ അപ്പത്തിന്റെയും വീഞ്ഞിന്റെയും ധ്യാനസമൃദ്ധിയിലേക്ക് ഞാൻ കുതിച്ചു. അവനോടൊപ്പം ഭക്ഷിക്കുക, അവനെ പാനം ചെയ്യുക. 'എന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ നിനക്ക് ജീവനില്ല' (യോഹ 6).

അവിടുത്തെ വലം കൈ എന്നെ താങ്ങി (സങ്കീ 18). അവന്റെ ഇടതുകരം എന്റെ തലയണ ആയിരുന്നെങ്കിൽ (ഉത്തമഗീതം 8:3) എനിക്കു ശാന്തമായി ഉറങ്ങാമായിരുന്നു. 'ഞാൻ ഉറങ്ങി എന്റെ ഹൃദയം ഉണർന്നിരുന്നു' (ഉത്തമഗീതം 5:2). ഉണർവ്വുള്ള ഉറക്കം അവന്റെ ബലിഷ്ഠമായ ചുമലിൽ ധ്യാനസമൃദ്ധിയിൽ തുടരവേ ഞാൻ തിരിച്ചറിയുന്നു. "എന്തെന്നാൽ അത്രമേൽ ഇഷ്ടമാണവനെന്നെ".

ആത്മാവ് ഈശ്വരലയം പ്രാപിക്കുന്നതിന്റെ ഗാഥയും ഭാഷ്യവുമാണ് വെളിച്ചം. വെളിച്ചം ഈശ്വരനുമായുള്ള ഐക്യത്തിന്റെ പ്രകാശദീപ്തിയിൽ നേടിയെടുക്കുന്ന ഉൾവെളിച്ചമാണ്. വെളിച്ചം വെളിച്ചമാകുന്നത് ഉൾവെളിച്ചം ലഭിക്കുമ്പോഴാണ്. റോസിയുടെ കവിതകളിലെ സ്ത്രൈണചേതനയ്ക്ക് എത്തിച്ചേരാൻ കഴിഞ്ഞ വെളിച്ചം. ആസ്വാദകരിൽ വെളിച്ചം ഉൾവെളിച്ചം പകരട്ടെ. ■

www.malankaralibrary.com



# ‘Ecclesia supplet’ എന്ന തത്വം എപ്പോഴാണ് ബാധകമാക്കാവുന്നത്?

ഡോ. ജോസ് ചിറമേൽ
*കാനൻ നിയമ വിദഗ്ധൻ, സീറോ-മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ ട്രൈബ്യൂണലിന്റെ വൈസ് പ്രസിഡന്റ്*

സഭാനിയമങ്ങളെ (കാനൻനിയമം) സംബന്ധിച്ചുള്ള സംശയനിവാരണത്തിനായിട്ടുള്ള പംക്തിയാണിത്. ചോദ്യങ്ങൾക്ക് മറുപടി തയ്യാറാക്കുന്നത് കാനൻ നിയമപണ്ഡിതനായ ഡോ. ജോസ് ചിറമേൽ ആണ്. നിങ്ങളുടെ ചോദ്യങ്ങളും സംശയങ്ങളും കാരുണികന്റെ വിലാസത്തിൽ അയയ്ക്കുക.

**■ ലത്തീൻ സഭാംഗമായ മേഴ്സിയെ വിവാഹം ചെയ്ത ജോസഫ് തന്റെ വിവാഹം അസാധുവായി പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ട് സഭാകോടതിയെ സമീപിച്ചിരിക്കുന്നു. താൻ സീറോ മലബാർ സഭാംഗമാണെന്നാണ് ജോസഫ് അവകാശപ്പെടുന്നത്. അയാൾ മാമ്മോദീസയും സ്ഥൈര്യലേപനവും സ്വീകരിച്ചതും ആത്മീയകാര്യങ്ങൾ നിറവേറ്റിപ്പോരുന്നതും സീറോമലബാർ പള്ളിയിലാണ്. ഇതിന് പള്ളി രേഖകളുമുണ്ട്. സീറോമലബാർ പള്ളിയുടെ വികാരിയച്ചനും ഇടവക ജനങ്ങളും ജോസഫ് സീറോമലബാർ സഭാംഗമാണെന്നാണ് കരുതിയിരുന്നത്. തന്മൂലം സീറോമലബാർ പള്ളിയുടെ വികാരി ഇവരുടെ വിവാഹം ആശീർവദിക്കുകയും ചെയ്തു. പിന്നീട് വിവാഹത്തിന്റെ സാധുത ചോദ്യം ചെയ്തുകൊണ്ട് കോടതയിൽ സമർപ്പിച്ച പരാതിയിന്മേൽ മേൽ നടപടികൾക്കായി തെളിവുകൾ പരിശോധിച്ച അവസരത്തിൽ ജോസഫിന്റെ Premarital Investigation രേഖയും പരിശോധിച്ചു. അപ്പോഴാണ് ജോസഫിന്റെ പിതാവ് ലത്തീൻ സഭാംഗമായിരുന്നുവെന്ന് മനസ്സിലാക്കുന്നത്. അമ്മ സീറോമലബാർ സഭാംഗമായിരുന്നു. അമ്മയുടെ ഇടവക പള്ളിയിൽ വച്ചാണ് ശിശുവായിരുന്ന ജോസഫിന്റെ മാമ്മോദീസയും സ്ഥൈര്യലേപനവും നടന്നത്. ജോസഫോ, പിതാവോ നിയമാനുസൃതം ലത്തീൻസഭ വിട്ട് അമ്മയുടെ സ്വയാധികാരസഭയായ സീറോമലബാർ സഭയിൽ ചേർന്നിട്ടില്ല. മേൽപ്പറഞ്ഞ വസ്തുതകളുടെ വെളിച്ചത്തിൽ ജോസഫിന്റേയും മേഴ്സിയുടേയും വിവാഹം സാധുവായിട്ടാണോ നടത്തപ്പെട്ടത്? സഭാനിയമത്തിലെ "Ecclesia supplet" എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ ഈ വിവാഹത്തെ സാധുവായി കണക്കാക്കാമോ?**

**ഫാ. അലക്സ് കാട്ടേഴത്ത്**

ചോദ്യകർത്താവിന് തൃപ്തികരമായ മറുപടി നൽകണമെങ്കിൽ ഈ ചോദ്യത്തിൽ നിന്നും ഉരുത്തിരിയുന്ന ഒന്നിലേറെ ഉപചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തേണ്ടിയിരിക്കുന്നു. ആദ്യത്തെ ചോദ്യം വിവാഹക്കേസുമായി എത്തിയിരിക്കുന്ന ജോസഫ് ഏതു സ്വയാധികാര സഭയിലെ (sui uris Church) അംഗമാണെന്നാണ്?

ജോസഫിന്റെ പിതാവ് ലത്തീൻ സഭാംഗവും മാതാവ് സീറോമലബാർ സഭാംഗവുമാണെന്നാണ് ഔദ്യോഗിക രേഖകൾ വ്യക്തമാക്കുന്നത്. ജോസഫിന്റെ മാതാപിതാക്കളുടെ വിവാഹം കാനോനിക ക്രമമനുസരിച്ചാണോ നടന്നതെന്നും മനസ്സിലാക്കേണ്ടിയിരിക്കുന്നു. വിവാഹത്തിന്റെ രൂപകാരണമായ ഉഭയസമ്മതം (Consent) എപ്രകാരം കൈമാറി വിവാഹം

www.malankaralibrary.com



നടത്തണമെന്നത് സംബന്ധിച്ച് സഭാനിയമം നിർദ്ദേശിക്കുന്ന രീതിയാണ് കാനോനികക്രമം. ഈ ക്രമമനുസരിച്ചാണ് ജോസഫിന്റെ മാതാപിതാക്കളുടെ വിവാഹം നടന്നതെങ്കിൽ ആ ദമ്പതികൾക്ക് പിറന്ന ജോസഫിന് സഭാനിയമമനുസരിച്ച് പിതാവിന്റെ സഭയായ ലത്തീൻ സഭയിലാണ് അംഗത്വം ലഭിക്കുക. ജോസഫിന്റെ മാതാപിതാക്കൾ സഭയുടെ കാനോനികക്രമം പാലിക്കാതെയാണ് വിവാഹിതരായതെങ്കിൽ (ഉദാ. റജിസ്റ്റർ മാര്യേജ്) ജോസഫ് മാമ്മോദീസ സ്വീകരിച്ചുവെന്നതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തെ അമ്മയുടെ സ്വയാധികാരസഭയിലെ അംഗമായി കണക്കാക്കാം. അമ്മ സീറോമലബാർ സഭാംഗമാണെല്ലോ. എങ്കിൽ ജോസഫും ലത്തീൻ സഭാംഗമായ മേഴ്സിയും തമ്മിൽ നടന്ന വിവാഹം സാധുവാണ്.

എന്നാൽ ജോസഫിന്റെ premarital Investigation രേഖ പരിശോധിച്ചതിൽ നിന്ന് ജോസഫിന്റെ പിതാവ് ലത്തീൻ സഭാംഗമാണെന്നും അവരുടെ വിവാഹം ദേവാലയത്തിൽ വച്ച് സഭയുടെ കാനോനിക ക്രമം പാലിച്ചുകൊണ്ടുമാണ് നടന്നതെന്നും വ്യക്തമാകുന്നു. തന്മൂലം ജോസഫ് തീർച്ചയായും ലത്തീൻ സഭാംഗമാണ്.

## സ്വയാധികാരസഭയിൽ അംഗത്വം ലഭിക്കുന്നത് എപ്രകാരമാണ്?

ഒരാൾക്ക് ഒരു സ്വയാധികാര സഭയിൽ അംഗത്വം ലഭിക്കുന്നത് എപ്രകാരമാണെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. പൗരസ്ത്യ നിയമസംഹിതയിലെ 29-ാം കാനോനയനുസരിച്ച് പതിനാലു വയസ്സു പൂർത്തിയാകാത്ത ഒരു വ്യക്തി മാമ്മോദീസയിലൂടെ അയാളുടെ പിതാവ് കത്തോലിക്കനായി ചേർക്കപ്പെട്ടിരിക്കുന്ന സ്വയാധികാരസഭയിൽ അംഗമാകുന്നു (CCEO.C.29/1). അമ്മമാത്രം കത്തോലിക്കയായിരുന്നാൽ, കുട്ടി, അമ്മ അംഗമായിരിക്കുന്ന സ്വയാധികാര സഭയിൽ ചേർക്കപ്പെടും. പൗരസ്ത്യ നിയമസംഹിതയിലേയും ലത്തീൻ നിയമസംഹിതയിലേയും ഇത് സംബന്ധിച്ചുള്ള നിയമങ്ങൾ വ്യത്യസ്തമാണ്. പൗരസ്ത്യനിയമസംഹിതയിലെ 29-ാം കാനോനയനുസരിച്ച് മാതാപിതാക്കൾ ഒരേ മനസ്സോടെ ആവശ്യപ്പെടുകയാണെങ്കിൽ കുട്ടി, അമ്മ അംഗമായിരിക്കുന്ന സ്വയാധികാരസഭയിൽ ചേർക്കപ്പെടും (CCEO.C.29/1). ഇതനുസരിച്ച് ലത്തീൻകാരൻ പുരുഷൻ സീറോമലബാർകാരി സ്ത്രീയെ വിവാഹം ചെയ്ത് അവർക്കുണ്ടാകുന്ന ശിശുവിന്, മാതാപിതാക്കൾ ഒരേ മനസ്സോടെ ആവശ്യപ്പെട്ടാൽ സീറോമലബാർ സഭയിൽ അംഗത്വം ലഭിക്കും. എന്നാൽ ലത്തീൻ നിയമമനനുസരിച്ച് മാതാപിതാക്കൾ ഒരേ മനസ്സോടെ ആവശ്യപ്പെട്ടാലും ശിശുവിന് മേൽപ്പറഞ്ഞ സാഹചര്യത്തിൽ അമ്മയുടെ സ്വയാധികാരസഭയായ സീറോമലബാർസഭയിൽ അംഗത്വം ലഭിക്കുകയില്ല (CIC.C.111/1). ഇതനുസരിച്ച് ലത്തീൻകാരൻ പുരുഷൻ സീറോമലബാർകാരി സ്ത്രീയെ വിവാഹം ചെയ്ത് ഉണ്ടാകുന്ന ശിശുവിന് മാതാപിതാക്കൾ സംയുക്തമായി ആവശ്യപ്പെട്ടാലും സീറോമലബാർ സഭയിൽ അംഗത്വം ലഭിക്കുകയില്ല; ലത്തീൻ സഭാംഗത്വം ആയിരിക്കും ലഭിക്കുക. തന്മൂലം, മാതാപിതാക്കളുടെ സംയുക്തമായ ആവശ്യം ശിശുവിന് ലത്തീൻസഭയിൽ അംഗത്വത്തിനു മാത്രമേ സഹായ

www.malankaralibrary.com

കമാവൂ എന്ന് ചുരുക്കം.

## സഭാനിയമദൃഷ്ടിയിൽ മേജറും മൈനറും

സഭാനിയമത്തിന്റെ ദൃഷ്ടിയിൽ 18 വയസ്സ് പൂർത്തിയാകാത്ത വ്യക്തിയെ മൈനർ (പ്രായപൂർത്തിയാവാത്തയാൾ) ആയിട്ടാണ് പരിഗണിക്കുന്നത്. 18 വയസ്സ് പൂർത്തിയാക്കിയവരെ മേജർ (പ്രായപൂർത്തിയായവർ) ആയിട്ടും പരിഗണിക്കുന്നു [(CCEO.C.909/1) (CIC.C.97/1)].

എന്നാൽ ഒരു സ്വയാധികാരസഭയിലെ അംഗത്വം സംബന്ധിച്ചും ഒന്നിൽ നിന്ന് മറ്റൊന്നിലേയ്ക്ക് മാറുന്നതുസംബന്ധിച്ചും ഉള്ള കാര്യങ്ങൾക്ക് 14 വയസ്സ് പൂർത്തിയായ ഒരാൾക്ക് സ്വയം തീരുമാനം എടുക്കാമെന്നാണ് നിയമത്തിന്റെ കാഴ്ചപ്പാട്. പൗരസ്ത്യ നിയമസംഹിതയിലെ 30-ാം കാനോനയും ലത്തീൻ നിയമസംഹിതയിലെ 111-ാം കാനോനയും നിഷ്കർഷിക്കുന്നതനുസരിച്ച് മാമ്മോദിസ സ്വീകരിക്കുന്ന വ്യക്തി 14 വയസ്സ് പൂർത്തിയായ ആളാണെങ്കിൽ ഏത് സ്വയാധികാരസഭയിൽ ചേരണമെന്ന് സ്വയം തീരുമാനിക്കാം (CCEO.C.30;CIC.C.111/2). 14 വയസ്സ് പൂർത്തിയായ ശേഷം മാമ്മോദീസ സ്വീകരിക്കുന്നയാളുടെ മാതാപിതാക്കൾ കത്തോലിക്കരോ അകത്തോലിക്കരോ, മാമ്മോദീസ സ്വീകരിക്കാത്തവരോ ആയിരുന്നാലും മേൽപ്പറഞ്ഞ നിയമമാണ് ബാധകമായിട്ടുള്ളത്. ഇതനുസരിച്ച് 14 വയസ്സ് വരെ മാമ്മോദീസ സ്വീകരിക്കാത്ത സീറോമലബാർ സഭാംഗങ്ങളായ മാതാപിതാക്കളുടെ മകന് 14 വയസ്സ് പൂർത്തിയായ ശേഷം മാമ്മോദീസ സ്വീകരിക്കുമ്പോൾ അവന് താൽപര്യമാണെങ്കിൽ ലത്തീൻ സഭയിൽ അംഗമാകാൻ സാധിക്കും. അതുപോലെ തന്നെ ലത്തീൻകാരൻ പുരുഷൻ സീറോമലബാർകാരിയായ തന്റെ ഭാര്യയുടെ സഭയിലേക്ക് വിവാഹശേഷം നിയമാനുസൃതം മാറുമ്പോൾ അവരുടെ കുട്ടികളിൽ പതിന്നാലുവയസ്സ് പൂർത്തിയായവർക്ക് സ്വയമേവ (Automatically) മാതാപിതാക്കളുടെ റീത്തുമാറ്റത്തോടെ, റീത്തുമാറ്റം സംഭവിക്കുന്നില്ല.

> മാമ്മോദീസ സ്വീകരിച്ചശേഷം ഒരു വ്യക്തിക്ക് അംഗമായിരിക്കുന്ന സ്വയാധികാര സഭ വിട്ട് മറ്റൊരു സ്വയാധികാര സഭയിൽ അംഗമായി ചേരണമെങ്കിൽ പരിശുദ്ധ സിംഹാസനത്തിന്റെ അനുമതി ലഭിച്ചിരിക്കണം

ചോദ്യത്തിൽ പ്രതിപാദിക്കപ്പെടുന്ന ജോസഫ് ശിശുവായിരുന്നപ്പോഴാണ് മാമ്മോദീസയും സ്ഥൈര്യലേപനവും സ്വീകരിച്ചത്. 14 വയസ്സ് പൂർത്തിയായ ശേഷമാണ് ഇയാൾ മാമ്മോദീസ സ്വീകരിച്ചതെന്നും ആയതിനാൽ അയാൾ സീറോമലബാർ സഭയിൽ സ്വന്തം താൽപര്യപ്രകാരം അംഗത്വം സ്വീകരിക്കുകയാണ് ചെയ്തതെന്നും ചിന്തിക്കാൻ യാതൊരു ന്യായവും കാണുന്നില്ല. എന്നുമാത്രമല്ല അദ്ദേഹം ശിശുവായിരുന്നപ്പോൾ മാമ്മോദീസ സ്വീകരിച്ചിരുന്നുവെന്ന് ചോദ്യകർത്താവുതന്നെ വ്യക്തമാക്കിയിട്ടുള്ളതുമാണ്.

## സ്വയാധികാരസഭയിൽ അംഗത്വം ലഭിക്കുന്നതിന്?

അടിസ്ഥാനപരമായി മാമ്മോദീസ വഴിയാണ് ഒരാൾക്ക് ഒരു സ്വയാധികാരസഭയിൽ അംഗത്വം ലഭിക്കുന്നത്. എങ്കിലും ഇതിന് സഭാനിയമം മറ്റ് മാർഗ്ഗങ്ങളും ചൂണ്ടിക്കാണിക്കുന്നുണ്ട്.

താഴെപറയുന്നവ സ്വയാധികാരസഭയിലെ അംഗത്വം മാറ്റുന്നതിനുള്ള അവസരങ്ങളാണ്:-

1. ഒരു സ്വയാധികാര സഭയിൽ നിന്ന് മറ്റൊന്നിലേയ്ക്ക് ഔദ്യോഗികമായി മാറുക (Ascription through transfer);
2. വിവാഹ അവസരത്തിൽ താൻ അംഗമായിരിക്കുന്ന സ്വയാധികാരസഭ വിട്ട് മറ്റൊന്നിലേയ്ക്ക് മാറുക (Change of ascription at the time or during marraige);
3. അകത്തോലിക്കർ കത്തോലിക്കാസഭയിലേക്ക് വരുമ്പോൾ സ്വയാധികാര സഭ മാറുക (Ascription of non Catholics coming to Catholic Church).

## 1. പരി. സിംഹാസനത്തിന്റെ അനുവാദം

ഒരു സ്വയാധികാരസഭയിൽ നിന്ന് മറ്റൊരു സ്വയാ

www.malankaralibrary.com

ധികാരസഭയിലേക്ക് അംഗത്വം മാറ്റുന്നതു സംബന്ധിച്ചുള്ള നിബന്ധനകൾ പൗരസ്ത്യനിയമത്തിലും ലത്തീൻനിയമത്തിലും തുല്യമാണ്. അതനുസരിച്ച് മാമ്മോദീസ സ്വീകരിച്ചശേഷം ഒരു വ്യക്തിക്ക് അദ്ദേഹം അംഗമായിരിക്കുന്ന സ്വയാധികാര സഭ വിട്ട് മറ്റൊരു സ്വയാധികാര സഭയിൽ അംഗമായി ചേരണമെങ്കിൽ പരിശുദ്ധ സിംഹാസനത്തിന്റെ അനുമതി ലഭിച്ചിരിക്കണം (CCEO.C.32/1; CIC.C.112/1). ചില പ്രത്യേക സാഹചര്യങ്ങളിൽ വ്യക്തികൾക്ക് സ്വന്തം സ്വയാധികാര സഭ വിട്ട് മറ്റൊന്നിൽ ചേരേണ്ട സാഹചര്യങ്ങളുണ്ടാകാം. അപ്പോൾ അനുവാദത്തിനായി സമീപിക്കേണ്ടത് പരിശുദ്ധ സിംഹാസനത്തെയാണ്.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പൗരസ്ത്യ സഭകളെ സംബന്ധിക്കുന്ന ഡിക്രിയിലും ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. അതനുസരിച്ച് എല്ലാ കത്തോലിക്കരും തങ്ങളുടെ റീത്തുതന്നെ തുടരേണ്ടതാണ്. അതുപോലെതന്നെ കത്തോലിക്കാ സഭയോടുള്ള പൂർണ്ണമായ യോജിപ്പിനെ ആശ്ലേഷിക്കുന്ന അകത്തോലിക്കാ സഭകളിലേയും സമൂഹങ്ങളിലേയും മാമ്മോദീസ സ്വീകരിച്ച എല്ലാ അംഗങ്ങളും ലോകത്തിൽ എവിടെയായിരുന്നാലും തങ്ങളുടെ റീത്തിൽ തന്നെ ഉറച്ചു നിൽക്കണം. അവർ അതിനെ വിലമതിക്കുകയും കഴിവുപോലെ അനുസരിക്കുകയും വേണം. വ്യക്തികൾ, സമൂഹങ്ങൾ അല്ലെങ്കിൽ പ്രാദേശിക വിഭാഗങ്ങൾ എന്നിവയെ സംബന്ധിക്കുന്ന അസാധാരണ പ്രശ്നങ്ങൾ ഉദിക്കുമ്പോൾ പരി.സിംഹാസനത്തെ സമീപിക്കാം. സഭകൾ തമ്മിലുള്ള ബന്ധങ്ങളുടെ ഏറ്റം ഉയർന്ന മദ്ധ്യസ്ഥപീഠം പരി.സിംഹാസനമാണ്. ഈ നിലയിൽ പരി.സിംഹാസനം നേരിട്ടോ മറ്റ് അധികാരികൾ വഴിയോ യുക്തമായ മാനദണ്ഡങ്ങളും ഡിക്രികളും കുറിപ്പുകളും അയച്ച് എക്യുമെനിക്കൽ ചൈതന്യം പുലർത്തിക്കൊണ്ട് അവരുടെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കാം (OE-4).

ചില പ്രത്യേക സാഹചര്യങ്ങളിൽ പരി.സിംഹാസനത്തിന്റെ ഈ അനുവാദം ഉള്ളതായി അനുമാനിക്കാവുന്നതാണ്. ഒരു നിശ്ചിത സ്വയാധികാരസഭയിലെ ക്രിസ്തീയ വിശ്വാസികൾ അതേപ്രദേശത്ത് സ്വന്തം രൂപതയുള്ള മറ്റൊരു സ്വയാധികാരസഭയിലേക്ക് മാറുവാൻ അപേക്ഷിക്കുന്ന അവസരത്തിൽ ഇരു രൂപതകളിലേയും മെത്രാന്മാർ മാറ്റത്തിന് രേഖാമൂലം സമ്മതിച്ചാൽ പരി.സിംഹാസനത്തിന്റെ സമ്മതം ഉള്ളതായി അനുമാനിക്കപ്പെടുന്നു (CCEO.C.32/2).

## 2. വിവാഹത്തിന്റെ അവസരത്തിൽ

വിവാഹമെന്ന കൂദാശയും പുതിയൊരു സ്വയാധികാര സഭയിൽ അംഗത്വത്തിനോ ഒരു സ്വയാധികാര സഭ വിട്ട് മറ്റൊന്നിലേക്ക് മാറുന്നതിനോ വ്യക്തികളെ അനുവദിക്കുന്നുണ്ട്. പൗരസ്ത്യനിയമസംഹിതയിലെ 33-ാം കാനോനയനുസരിച്ച് വിവാഹാവസരത്തിലോ വിവാഹബന്ധം നിലനിൽക്കുന്ന കാലഘട്ടത്തിലോ ഭർത്താവിന്റെ സഭയിലേക്ക് മാറുവാൻ ഭാര്യയ്ക്കു സ്വാതന്ത്ര്യമുണ്ട്. വിവാഹബന്ധം അവസാനിക്കുമ്പോൾ തന്റെ സ്വയാധികാര സഭയിലേക്ക് ഭാര്യയ്ക്ക് തിരിച്ചുപോകാനും സ്വാതന്ത്ര്യമുണ്ട്. (CCEO.C.33). പൗരസ്ത്യനിയമനുസരിച്ച് ഈ സ്വാതന്ത്ര്യം പുരുഷന്മാർക്കില്ല എന്നത് ശ്രദ്ധേയമാണ്. എന്നാൽ ലത്തീൻ നിയമം സ്ത്രീകൾക്കും പുരുഷന്മാർക്കും ഈ സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. (CIC.C.112/2).

## 3. അകത്തോലിക്കാസഭയിൽ നിന്ന് കത്തോലിക്കാസഭയിലേക്ക് വരുമ്പോൾ

ഒരു സ്വയാധികാരസഭയിൽ അംഗമായിരിക്കുന്ന ഒരാൾ നിയമാനുസൃതമല്ലാതെ മറ്റൊരു സ്വയാധികാര സഭയിൽ അംഗമാകാൻ പാടില്ലെന്ന് നാം കാണുകയുണ്ടായി. അകത്തോലിക്കാ സഭയിൽ നിന്ന് കത്തോലിക്കാസഭയിലേക്ക് വരുമ്പോഴും ഇതേ നിയമം തന്നെ പാലിക്കേണ്ടതാണ്. പൗരസ്ത്യനിയമ സംഹിതയിലെ 35-ാം കാനോനയനുസരിച്ച്, കത്തോലിക്കാസഭയുമായി പൂർണ്ണകൂട്ടായ്മയിലേയ്ക്ക് വരുന്ന, മാമ്മോദീസ സ്വീകരിച്ച അകത്തോലിക്കർ ലോകത്ത് എവിടേയും തങ്ങളുടെ റീത്ത് സംരക്ഷിക്കുകയും, അനുഷ്ഠിക്കുകയും മാനുഷികമായി സാദ്ധ്യമാകുന്നിടത്തോളം അത് പാലിക്കുകയും വേണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട് (CCEO.C.35). ഇതനുസരിച്ച് ഒരു യാക്കോബായ സഭാംഗം കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുമ്പോൾ മലങ്കര സഭയിലാണ് നിയമാനുസൃതം ചേരേണ്ടത്. ഒരു പ്രൊട്ടസ്റ്റന്റ് അംഗം ലത്തീൻ സഭയിലും. ഇതിൽ നിന്നും വ്യത്യസ്തമായി കത്തോലിക്കാസഭയിലെ ഒരു സ്വയാധികാരസഭയിൽ ചേരാൻ പരി.സിംഹാസനത്തിന്റെ അനുമതി ആവശ്യമാണ്. പൗരസ്ത്യനിയമസംഹിതയിലെ 35-ാം കാനോന

www.malankaralibrary.com

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പൗരസ്ത്യ സഭകളെപ്പറ്റിയുള്ള ഡിക്രിയുടെ (OE-4) നാലാം ഖണ്ഡികയെ ആധാരമാക്കിയുള്ളതാണ്. "കത്തോലിക്കാസഭയിലേക്ക് വരുന്ന അകത്തോലിക്കാസഭാംഗങ്ങൾക്ക് തങ്ങളുടെ തനിമ, റീത്ത്, ആരാധനക്രമം, ആദ്ധ്യാത്മികത, ശിക്ഷണം എന്നിവ നഷ്ടപ്പെടരുത്".

## ലത്തീൻ സഭാംഗങ്ങളായവരുടെ വിവാഹം ആശീർവ്വദിക്കാൻ സീറോ മലബാർ വൈദികന് അധികാരമുണ്ടോ?

വിവാഹം സാധുവായി ആശീർവ്വദിക്കുന്നതിന് സ്വന്തം രൂപതാതിർത്തിക്കുള്ളിൽ മെത്രാനും ഇടവകാതിർത്തിക്കുള്ളിൽ ഇടവക വികാരിക്കും ഉദ്യോഗസഹജമായ അധികാരമുണ്ട്. അവർക്ക് അവരുടെ അധികാരാതിർത്തിക്കുള്ളിൽ സ്വന്തം അജഗണങ്ങളുടെ മാത്രമല്ല അതേ റീത്തിൽപെട്ട അന്യരൂപതകളിൽ നിന്നോ ഇടവകകളിൽ നിന്നോ വരുന്നവരുടേയും വിവാഹങ്ങൾ ആശീർവ്വദിക്കാം; എന്നാൽ ദമ്പതിമാർ രണ്ടുപേരുമോ അല്ലെങ്കിൽ ഒരാളെങ്കിലുമോ വിവാഹം ആശീർവദിക്കുന്ന ആളുടെ റീത്തിൽപ്പെട്ടതായിരിക്കണം. ദമ്പതിമാർ രണ്ടുപേരും ലത്തീൻ റീത്തിൽപ്പെട്ടവരാണെങ്കിൽ അവരുടെ വിവാഹം ആശീർവ്വദിക്കാൻ സീറോമലബാർ വൈദികന് ബന്ധപ്പെട്ട ലത്തീൻ സഭാധികാരിയിൽ നിന്ന് ഡലഗേഷൻ ലഭിക്കേണ്ടതുണ്ട്. ചോദ്യത്തിൽ പരാമർശിക്കപ്പെടുന്ന ജോസഫിന്റേയും മേഴ്സിയുടേയും (ലത്തീൻ സഭാംഗങ്ങൾ) വിവാഹം സീറോമലബാർ വൈദികൻ ആശീർവദിച്ചത് നിയമാനുസൃതമായ ഡലഗേഷൻ ലത്തീൻ സഭാധികാരികളിൽ നിന്ന് ലഭിക്കാതെയാണ്. ജോസഫും താനും ഒരേ സ്വയാധികാരസഭയിലെ (സീറോ മലബാർ സഭ) അംഗങ്ങളാണെന്ന ചിന്തയായിരിക്കണം ഡലഗേഷൻ ഇല്ലാതെ ഈ വിവാഹം തന്റെ ഇടവക പള്ളിയിൽവച്ച് ആശീർവ്വദിക്കാൻ സീറോമലബാർ വൈദികനെ പ്രേരിപ്പിച്ചത്. ഈ വൈദികന് സംഭവിച്ച ഒരു വലിയ പാകപ്പിഴയാണിത്. ഇതുമൂലം ജോസഫിന്റേയും മേഴ്സിയുടേയും വിവാഹം അസാധുവായിത്തീരുകയും ചെയ്തു.

## 'Ecclesia supplet' എന്ന തത്വം ബാധകമാക്കാമോ?

സഭാനിയമത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള Ecclesia supplet(Church supplies) എന്ന തത്വം ജോസഫ്-മേഴ്സി വിവാഹക്കേസിൽ ബാധകമാക്കാമോ എന്നും അതുവഴി വിവാഹം സാധുവായി പരിഗണിക്കാമോ എന്നുള്ളതുമാണ് അടുത്തചോദ്യം. കേസ്സിലെ വാദിയായ ജോസഫ് ലത്തീൻ കത്തോലിക്കനായിരിക്കേ അയാൾ സീറോമലബാർ സഭാംഗമാണെന്നായിരുന്നു എല്ലാവരും വിശ്വസിച്ചിരുന്നത്. തന്മൂലം ഇവരുടെ വിവാഹത്തെ സംബന്ധിച്ചിടത്തോളം "Church Supplies' എന്ന തത്വം അതായത്, മനപൂർവ്വമല്ലാത്ത പോരായ്മകൾ സഭ പരിഹരിക്കും എന്ന സഭാ നിയമ തത്വം ബാധകമാക്കാൻ പാടില്ല. ഈ വിവാഹത്തെ സംബന്ധിച്ചിടത്തോളം ഒരു പൊതുവായ തെറ്റിന്റെ (Common error) പ്രശ്നം ഉദിക്കുന്നില്ല. മറിച്ച് ഒരു പൊതു അജ്ഞതയുടെ (Common ignorance) പ്രശ്നമാണുള്ളത്. ഒരു വ്യക്തിയുടെ സഭാംഗത്വം സംബന്ധിച്ചുള്ള അജ്ഞത ഉണ്ടാകുമ്പോൾ നിയമത്തിൽ പ്രതിപാദിച്ചിട്ടുള്ള പൊതുതെറ്റിന്റെ ആനുകൂല്യം ലഭിക്കാനുള്ള കാരണമായി അത് പരിഗണിക്കാൻ പാടില്ല. ചില പ്രത്യേക സാഹചര്യങ്ങളിൽ മാത്രമാണ് പൊതു തെറ്റിന്റെ ആനുകൂല്യത്തിന് അർഹതയുണ്ടാവുന്നത്. അത്തരം സന്ദർഭങ്ങൾ താഴെ പറയുന്നവയാണ്.

## അർപ്പിതാധികാരം: പൊതുവായിട്ടും - പ്രത്യേകമായും

നിയമസാധുതയുള്ള ഏതെങ്കിലും ഒരു കാര്യം നിർവ്വഹിക്കുന്നതിന് ഉദ്യോഗസഹജമായ അധികാരമുള്ളയാൾ വേറൊരാളെ ഭരമേൽപ്പിക്കുന്ന അധികാരത്തെയാണ് അർപ്പിതാധികാരം (Delegated power) എന്നു പറയുക. അർപ്പിതാധികാരത്തെ പൊതുവായിട്ടുള്ളതും (general delegation) പ്രത്യേകമായിട്ടുള്ളതും (Particular delegation) എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. ഇതിൽ പൊതുവായിട്ടുള്ള അർപ്പിതാധികാരത്തിന്റെ (general delegation) കാര്യത്തിലാണ് Common error തത്വം ബാധകമാക്കുന്നത്. സീറോ മലബാർ ഇടവക വൈദികന് വിവാഹം ആശീർവ്വദിക്കാൻ പൊതുവായിട്ടുള്ള അർപ്പിതാധികാരം ഉണ്ടായിരിക്കാം. ഈ അധികാരം ഉപയോഗിച്ച് വിവാഹം സാധുവായി ആശീർവ്വദിക്കണമെങ്കിൽ ദമ്പതിമാരിൽ ഇരുവരുമോ അല്ലെങ്കിൽ ഒരാളെങ്കിലുമോ സീറോമലബാർ സഭാംഗമായിരിക്കണം. ദമ്പതിമാർ രണ്ടുപേരും ലത്തീൻ കത്തോലിക്കരായി

www.malankaralibrary.com



രുന്നാൽ മേൽപ്പറഞ്ഞ അധികാരം ഉപയോഗിച്ച് സാധുവായി വിവാഹം ആശീർവ്വദിക്കാനാവില്ല. ഇവിടെ ദമ്പതിമാർ രണ്ടുപേരും ലത്തീൻ കത്തോലിക്കരാണ്. തന്മൂലം ഇവരുടെ വിവാഹം സാധുവായി ആശീർവദിക്കുന്നതിന് നിയമാനുസൃതം ഡലഗേഷൻ നൽകാൻ അധികാരമുള്ള ലത്തീൻ സഭാധികാരിയിൽ നിന്ന് അത് ലഭിച്ചിരിക്കണം. പ്രതിപാദിക്കപ്പെട്ട കേസിലെ കക്ഷികളുടെ (ജോസഫ്-മേഴ്സി) വിവാഹം ആശീർവ്വദിക്കാൻ സീറോ മലബാർ വൈദികന് ലഭിക്കേണ്ടത് പ്രത്യേകമായിട്ടുള്ള ഡലഗേഷൻ (particular delegation) ആണ്; പൊതുവായ ഡലഗേഷൻ അല്ല. അതിനാൽ Common error തത്വം ഇവിടെ ബാധകമാവില്ല.

## നിയമത്തെപ്പറ്റിയുള്ള അജ്ഞത

Common error തത്വം ബാധകമാകണമെങ്കിൽ നിയമത്തെപ്പറ്റിയുള്ള അറിവുണ്ടായിരിക്കണം. സഭാനിയമം അറിയാവുന്നവരാരുംതന്നെ രണ്ട് ലത്തീൻ കത്തോലിക്കരുടെ വിവാഹം ആശീർവ്വദിക്കാൻ ഒരു സീറോമലബാർ വൈദികന് പൊതുവായ ഡലഗേഷൻ (general delegation) ഉണ്ടെന്ന് പറയുകയില്ല. കേസ്സിൽ പ്രതിപാദിക്കപ്പെടുന്ന സീറോമലബാർ വൈദികന് biritual faculty (ഒന്നിലധികം റീത്തുകളിൽ കൂദാശകൾ പരികർമ്മം ചെയ്യുന്നതിനുള്ള അധികാരം) ഇല്ലതാനും. രണ്ട് ലത്തീൻകാരുടെ വിവാഹം സാധുവായി നടത്തുന്നതിന് ആവശ്യമായ ഡലഗേഷന് അദ്ദേഹം ആവശ്യപ്പെടുകയോ അത് ലഭിക്കുകയോ ചെയ്തിട്ടുമില്ല. കൂടാതെ ഒരാൾക്ക് സ്വയാധികാര സഭയിൽ എങ്ങനെ അംഗത്വം ലഭിക്കുന്നു എന്നത് സംബന്ധിച്ച സഭാനിയമത്തെപ്പറ്റി അദ്ദേഹം അജ്ഞനുമായിരുന്നു. വിവാഹത്തിന് ഒരുക്കമായി പൂരിപ്പിച്ചു നൽകിയ പേപ്പറിൽ നിന്ന് (premarital investigation paper) ജോസഫ് ലത്തീൻ സഭാംഗമാണെന്ന വിവരം സീറോമലബാർ വൈദികന് ലഭിച്ചതാണ്. ഈ വസ്തുതകളുടെ വെളിച്ചത്തിൽ കാര്യങ്ങൾ കൃത്യമായി മനസ്സിലാക്കേണ്ടതിനു പകരം ജോസഫ് സീറോമലബാർ സഭാംഗമാണെന്ന് അദ്ദേഹം ഊഹിച്ചു. ഇത് ഒരാളുടെ സഭാംഗത്വം സംബന്ധിച്ച സഭാനിയമത്തെപ്പറ്റിയുള്ള അജ്ഞതകൊണ്ടായിരിക്കണം.

## കാനോനിക ക്രമത്തിന്റെ ന്യൂനത

സീറോമലബാർ വൈദികനോ അദ്ദേഹത്തിന്റെ ഇടവക സമൂഹത്തിനോ വ്യക്തികളുടെ സഭാംഗത്വം സംബന്ധിച്ച സഭാനിയമങ്ങളെപ്പറ്റി അറിവുണ്ടായിരുന്നെങ്കിൽ ജോസഫ് ലത്തീൻ കത്തോലിക്കനാണെന്നും അദ്ദേഹം വിവാഹം കഴിക്കാൻ പോകുന്ന മേഴ്സിയും ലത്തീൻ കത്തോലിക്കാ അംഗമാണെന്നും തന്മൂലം ഇവരുടെ വിവാഹം ആശീർവ്വദിക്കാനുള്ള ഉദ്യോഗസഹജമായ അധികാരം സീറോമലബാർ വൈദികനില്ലെന്നും മനസ്സിലാക്കുമായിരുന്നു. പക്ഷെ അവർക്ക് അതു സംബന്ധിച്ച അറിവില്ലായിരുന്നു. തന്മൂലം ഈ കേസ്സിൽ common error അല്ല മറിച്ച് common ignorance ആണ് ഉള്ളത്. ഈ സാഹചര്യത്തിൽ common error തത്വം ബാധകമാക്കാൻ പറ്റാത്തതിനാലും ഈ വിവാഹം സാധുവായി ആശീർവ്വദിക്കാനുള്ള അധികാരം (Faculty) സീറോമലബാർ വൈദികന് സഭ നൽകുന്നില്ല. തന്മൂലം ചോദ്യകർത്താവ് പരാമർശിക്കുന്ന ജോസഫ്-മേഴ്സി ദമ്പതികളുടെ വിവാഹം കാനോനിക ക്രമത്തിന്റെ ന്യൂനത (defect of canonical form) കൊണ്ട് അസാധുവാണ്. നേരത്തെ വിശദീകരിച്ചതുപോലെ സഭാനിയമത്തിലെ Ecclesia supplet എന്ന തത്വത്തിന്റെ അടിസ്ഥാനത്തിലും ഈ വിവാഹം സാധുവായി പരിഗണിക്കുവാൻ പാടില്ല. ■

www.malankaralibrary.com



# അർദ്ധകടി ചക്രാസന (Side Bending)

ഫാ. സൈജു തുരുത്തിയിൽ M.Sc. (Yoga), PG Diploma in Yoga Therapy
*ദിവ്യകാരുണ്യ ആശ്രമം, ക്രൈസ്റ്റ് യോഗ റിട്രീറ്റ് സെന്റർ, താന്നിപ്പുഴ, കാലടി: 9447913526*

**ഭാരതത്തിന്റെ ആത്മീയസാധനയായിരുന്ന യോഗസാധനയെ പരിചയപ്പെടുത്താനും ലളിതമായി പരിശീലിപ്പിക്കാനുമുള്ള പരിശ്രമമാണ് ഈ പംക്തി.**

യോഗ ചിത്തവൃത്തി നിരോധ: എന്നാണ് പതഞ്ജലി നിർവചിച്ചിരിക്കുന്നത്. മനസ്സിലേക്ക് കടന്നുവരുന്ന നാനാതരം വിചാരതരംഗങ്ങളെ തടയുന്നതിനും, കൃത്യതയോടെ നന്മയെ തിരഞ്ഞെടുക്കുന്നതിനും നിരന്തരമായുള്ള യോഗാപരിശീലനം ഒരുവനെ പ്രാപ്തനാക്കുന്നു. കടലിൽ തിരമാലകളെന്നോണം മനുഷ്യമനസ്സിൽ ഒന്നിനു പിറകെ ഒന്നായ് വന്നുപൊയ്ക്കൊണ്ടിരിക്കുന്ന ചിന്തകളെ നിയന്ത്രിച്ച് ഭാവാത്മകമായ ഒരവസ്ഥ സൃഷ്ടിക്കാൻ യോഗയിലൂടെ നമുക്ക് സാധിക്കും.

തമസ്, രജസ്, സ്വത്വം എന്നീ മൂന്ന് ഭാവങ്ങൾ മനസ്സിനുണ്ട്.

*തമസ്സ്:* ഇത് മനസ്സിന്റെ മൂഢഭാവമാണ്. മൃഗങ്ങളിലും മന്ദന്മാരിലും മുന്തിനിൽക്കുന്നത് മനസ്സിന്റെ ഈ ഭാവമാണ്. വ്യക്തിയെ കരുപിടിപ്പിക്കുന്ന ആശയങ്ങളൊന്നും ഈ ഭാവത്തിൽ ഉണ്ടാകുന്നില്ല. അങ്ങേയറ്റം നിർവികാരമായ ഒരവസ്ഥയാണ്. ഒരുതരം Depressive Nature. പരിശീലനത്തിലൂടെ വലിയ വ്യത്യാസം ഈ താമസിക ഭാവത്തിന് വരുത്താൻ കഴിയും.

*രജസ്സ്:* ഇത് മനസ്സിന്റെ കർമ്മോത്സുകമായ ഒരവസ്ഥയാണ്. ഈ അവസ്ഥയിൽ പ്രതാപവും ഭോഗതൃഷ്ണയുമാണ് മുന്നിട്ടു നിൽക്കുക. അപ്പോൾ വ്യക്തി സ്വയം പൂർണ്ണത നടിക്കുകയും എല്ലാറ്റിനെയും അകാരണമായി വിമർശിക്കുകയും എല്ലാറ്റിലും കുറ്റം കണ്ടെത്തുകയും ചെയ്യുന്നു. ഈ ഭാവത്തിൽ താൻ ചെയ്യുന്നതെല്ലാം ശരിയാണെന്ന ബോധവും അഹങ്കാരവും ജനിക്കുന്നു. ഒരിടത്തും സ്വസ്ഥത കണ്ടെത്താൻ ഈ ഭാവത്തിൽ മനസ്സിനാവില്ല.

*സ്വത്വം:* മനസ്സിൽ ഉയർന്നു വരുന്ന വിചാര തരംഗങ്ങളെയെല്ലാം നിയന്ത്രിക്കുമ്പോഴുണ്ടാകുന്ന പ്രസന്നവും പ്രശാന്തവുമായ അവസ്ഥയാണ് ഇത്. മനോനിയന്ത്രണത്തിലൂടെ ജ്ഞാനപ്രാപ്തിക്കാവശ്യമായ ഏകാഗ്രത കൈവരുന്നത് ഈ നിലയിലാണ്. യോഗാത്മകതയിലൂടെ സ്വത്വാസ്ഥയിലെത്തുന്ന മനുഷ്യമനസ്സിന്റെ ഭാവത്തെ പതഞ്ജലി ഇപ്രകാരം വിവരിക്കുന്നു.

*തദാ ദൃഷ്ടു: സ്വരൂപേവസ്ഥാനം.*


"ഓളങ്ങൾ നിലച്ച് തടാകം ശാന്തമാകുമ്പോൾ അതിന്റെ അടിത്തട്ട് നമുക്ക് വ്യക്തമായി കാണാനാവും. അതുപോലെ യോഗാത്മകതയിലൂടെ മനസ്സ് പ്രശാന്തമാകുമ്പോൾ ആത്മസ്വരൂപം (ഞാൻ ആരാണ്- എന്റെ ജീവിതവീക്ഷണം എന്താണ്) സ്വയം തിരിച്ചറിയാൻ കഴിയുന്നു.

മനുഷ്യരിൽ ഒരു മൃഗീയ തലമുണ്ട്. മനോ നിയന്ത്രണത്തിന്റെ കാര്യത്തിൽ മൃഗങ്ങളെക്കാൾ താഴെയാണ് വലിയൊരുവിഭാഗം ആളുകൾ. യോഗാ ശാസ്ത്ര പ്രകാരം മനുഷ്യന്, മൃഗീയം, സാധാരണം, മഹനീയം, ദൈവികം എന്നീ നാല് തലങ്ങളുണ്ട്. സൂക്ഷ്മ പരിശോധനയിൽ വ്യക്തികൾ തമ്മിൽ ചില ഏറ്റക്കുറച്ചിലുകളുണ്ട് എന്നതൊഴിച്ചാൽ എല്ലാവരിലും

www.malankaralibrary.com

പ്രകടമാണ് ഈ തലങ്ങൾ. ഓരോ വ്യക്തിയിലും ഏതെങ്കിലും ഒരു തലമാവും മുന്നിട്ടു നിൽക്കുക. വ്യക്തികളെ-അവർ ഏത് തലങ്ങളിൽ നിൽക്കുന്നവരുമാകട്ടെ-ഈശോയിലേക്ക് ഉയർത്തി പൂർണ്ണരാക്കാനുള്ള മാർഗ്ഗമാണ് യോഗ.

കഴിഞ്ഞ ലക്കം നമ്മൾ കണ്ടത് ത്രികോണാസനമാണ്. ഇന്ന് നമ്മൾ പഠിക്കുന്നതും പരിശീലിക്കുന്നതും അർത്ഥകടി ചക്രാസനമാണ്.




## അർത്ഥകടി ചക്രാസനം

അതിരാവിലെ ഉണർന്നെഴുന്നേറ്റ ഉടനെ നാം, ഇരു കൈകളും മുകളിലേക്ക് വലിച്ച് പിടിച്ച് ശരീരത്തിന് അയവും ഊർജ്ജസ്വലതയും കൈവരുത്തുന്ന ഒരു സ്വാഭാവികപ്രക്രിയയുണ്ട്. ഇതിന്റെ ശാസ്ത്രീയ മാതൃകയാണ് അർത്ഥകടി ചക്രാസനം. ഇത് എല്ലാവർക്കും ചെയ്യാവുന്ന പരിശീലനമാണ്.


ഗുണങ്ങൾ: നട്ടെല്ലിന് നല്ല ആരോഗ്യം ലഭിക്കുന്നു. അരക്കെട്ടിന്റെ ഭാഗത്തെ അമിതമായ കൊഴുപ്പിനെ നീക്കം ചെയ്ത് ശരീര സൗന്ദര്യം വർദ്ധിപ്പിക്കുന്നു. കരളിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നു. ശരീരത്തിന് ഉണർവും ഊർജ്ജസ്വലതയും ലഭിക്കുന്നു.

*ചെയ്യേണ്ട വിധം:*

1. ചിത്രം ഒന്നിൽ കാണുന്നതുപോലെ പ്രാരംഭ സ്ഥിതിയിലേക്ക് വരിക.

2. സാവകാശം ശ്വാസം വലിച്ചുകൊണ്ട് ഇടത് കൈ മേൽപോട്ട് ഉയർത്തുക. ഇടത് കൈ ഭൂമിക്ക് സമാന്തരമാകുമ്പോൾ കൈപ്പത്തി മുകളിലേക്ക് തിരിക്കുക.

3. ദീർഘമായി ശ്വാസം വലിച്ചുകൊണ്ട് വീണ്ടും കൈകൾ മേൽപോട്ടുയർത്തി ചെവിയോട് ചേർത്ത് പിടിക്കുക. ഇടത് കൈ പരമാവധി മേൽപോട്ട് വലിച്ചു പിടിക്കുക.



ചിത്രം-1

4. സാവകാശം ശ്വാസം പുറത്തേക്ക് വിട്ടുകൊണ്ട് അരക്ക് മേൽഭാഗം മുഴുവൻ പരമാവധി ഇടത് വശത്തേക്ക് വളക്കുക. ചിത്രം 2

ഇടത് കൈമുട്ട് വളയരുത്. കാൽമുട്ട് നേരെയിരിക്കണം. വലത് കൈ ഒട്ടും ബലമില്ലാതെ തളർത്തിയിടണം. ഈ അവസ്ഥയിൽ ഒരു മിനിറ്റോളം സ്ഥിതി ചെയ്യുക. ശ്വാസോച്ഛ്വാസം സാധാരണ നിലയിലായിരിക്കണം.

5. ഇതേ പരിശീലനം ഇതുപോലെ മറുവശത്തേക്കും ചെയ്യുക.

6. ശ്വാസോച്ഛ്വാസത്തിലും ശരീരത്തിന്റെ വശങ്ങളിലുള്ള വലിച്ചിലും മാത്രം ശ്രദ്ധിക്കുക.

7. ശവാസനത്തിൽ വിശ്രമിക്കുക ■



ചിത്രം-2

www.malankaralibrary.com



# പ്രകൃതിസംഗീതം

ഫാ. വിൽസൺ മേച്ചേരിൽ MCBS
*M.P.A, Karnatic Music, സ്വാതി തിരുന്നാൾ മ്യൂസിക് കോളേജ്*

മലയാളത്തിൽ ഇറങ്ങുന്ന ക്രിസ്തീയ ഭക്തിഗാനങ്ങളിൽ ഗുണമേന്മയുള്ള ഗാനങ്ങളെ വായനക്കാർക്ക് പരിചയപ്പെടുത്തുന്ന ഈ പംക്തിയുടെ പേര് കാരുണികൻ മ്യൂസിക്സ് എന്നാക്കി മാറ്റുകയാണ്. ഈ പംക്തി എഴുതുന്നത് സ്വാതി തിരുനാൾ സംഗീത കോളേജിൽ നിന്നും ഒന്നാം റാങ്കോടെ എം.പി.എ. പാസ്സായ ഫാ. വിൽസൺ.

സംഗീതത്തിനാധാരം ചലനമാണ്. കാരണം ശബ്ദമുണ്ടാകുന്നത് ചലനം കൊണ്ടാണ്. മാനവ വികാരങ്ങളെ ഉദ്ദീപിപ്പിക്കാനും അവനിൽ ഭാവാത്കമായ ചലനമുണ്ടാക്കാനും സംഗീതം വളരെ ശക്തമായ ഒരുപാധിയാണ്. എന്നാൽ ക്രമാനുഗതവും അനുരണനാത്മകവുമല്ലാത്ത ചലനം സംഗീതാത്മകമല്ല. പ്രകൃതിയുടെ ചലനം സംഗീതാത്മകമാണ്. പുഴയൊഴുകുന്നതും പക്ഷികളുടെ ചിറകടിശബ്ദവും മഴയുടെ താളവുമെല്ലാം സംഗീതാത്മകമാകുന്നത് ക്രമാനുഗതമായ ചലനംകൊണ്ടാണ്. ഇത് സ്വാഭാവികമായതുകൊണ്ടാണ് (Natural & Spontaneous) സംഗീതാത്മകമാകുന്നത്. മറ്റേതുകലാരംഗത്തെന്നതുപോലെ ഭക്തിഗാനരംഗത്തും ഈ 'സ്വാഭാവികത' അത്യന്തം അഭിലഷണീയമാണ്. കർണ്ണാടക സംഗീത ത്രിമൂർത്തികളിൽ പ്രധാനിയായ ത്യാഗരാജസ്വാമികളുടെ കീർത്തന രചനാരീതിയെക്കുറിച്ച് പറയപ്പെടുന്നത് ഇപ്രകാരമാണ്. ശ്രീരാമഭക്തനായ സ്വാമികൾ തന്റെ പ്രാർത്ഥനാവേളയിൽ ഭക്തിയിൽ മുഴുകിയിരിക്കവേ സ്വയം മറന്ന് പാടിയ ഗാനപദങ്ങൾ ശിഷ്യന്മാരിൽ നാല്പേർ ചേർന്ന് അപ്പോൾത്തന്നെ കുറിച്ചെടുക്കുകയും സ്വരപ്പെടുത്തി കാണാപ്പാഠമാക്കുകയും പിന്നീട് ഗുരുവിനെ ചൊല്ലിക്കേൾപ്പിക്കുകയും ചെയ്തതാണ് 2000 ലധികം വരുന്ന ത്യാഗരാജ കീർത്തനങ്ങളും കൃതികളും മറ്റു ഗാനരൂപങ്ങളും. നമ്മുടെ ഭക്തിഗാനങ്ങളും ഇതുപോലെ ആഴമേറിയ പ്രാർത്ഥനാനുഭവത്തിൽ നിന്നും സ്വാഭാവികമായി രൂപം കൊള്ളേണ്ടതാണ്. ത്യാഗരാജ കീർത്തന രചനാരീതി ഇന്നത്തെ ഭക്തിഗാനരംഗത്ത് നമുക്ക് ഒരു പാഠമാകട്ടെ.

### 1. സഹനം

അലിവിന്റെ അടയാളമായെന്റെ ദൈവം
ദിവ്യകാരുണ്യമായ് മാറി...
കരുതുന്ന സ്നേഹത്തിൻ കൃപയാർന്ന രൂപമായ്
ദിവ്യകാരുണ്യമായ് മാറി...
ദിവ്യകാരുണ്യമേ അമ്മ വാത്സല്യമേ
കാത്തിരിക്കുന്നിതാ ഞാൻ
ഹൃദയം പങ്കുവെച്ചേകുന്ന സ്നേഹമായ്
ദിവ്യകാരുണ്യമായ് ദൈവം
സ്നേഹം വിളമ്പുന്ന സംതൃപ്തിയോടെ
ദിവ്യകാരുണ്യമായ് ദൈവം.

അമ്മയുടെ താരാട്ട്പോലെ സുന്ദരമായ് ഒരു ഗീതം. ദിവ്യകാരുണ്യത്തിന്റെ അമ്മവാത്സല്യമാണ് ഇതിലെ ഇതിവൃത്തം. വരികളുടെ അർത്ഥം അറിഞ്ഞുള്ള സംഗീതം. മധ്യസ്ഥായിയിൽ നിന്നും (Middle Octave)

www.malankaralibrary.com





ആൽബം : സഹനം
രചന : ഫാ. ജോൺ പൈനുങ്കൽ
സംഗീതം : പ്രിൻസ് ജോസഫ്

പുറത്തുകടക്കാതെയുള്ള ലളിതമായ സംഗീതം ആദ്യകേൾവിയിൽത്തന്നെ അതീവ ഹൃദ്യമായനുഭവപ്പെട്ടു. വരികളിലെ വാത്സല്യഭാവം ചോരാത്തവിധമുള്ള സംഗീതം പ്രശംസനീയമാണ്. കൂടുതൽ ഗമക പ്രായോഗങ്ങളും താരസ്ഥായീ സഞ്ചാരങ്ങളുമൊന്നുമില്ലാതെ തന്നെ ഭാവസാന്ദ്രമായ സംഗീതസൃഷ്ടി സാധ്യമാണ് എന്നതിന് നല്ലൊരു ഉദാഹരണമാണ് ഈ ഗാനം. ദിവ്യകാരുണ്യ സ്വീകരണ വേളകളേയും ആരാധനാ നിമിഷങ്ങളേയും ഈ ഗാനം ഭക്തിസാന്ദ്രമാക്കട്ടെ. ഗാനശിൽപ്പികൾക്ക് അഭിനന്ദനങ്ങൾ!

## 2. മൺപാത്രങ്ങൾ

എട്ട് ആഴമേറിയ വിഷയങ്ങൾ കാവ്യരൂപത്തിൽ പങ്കുവയ്ക്കുന്ന 'മൺപാത്രങ്ങൾ' എന്ന സംഗീത ശിൽപ്പം വലിയ ആത്മീയാനന്ദം തരുന്ന 'നിധി'തന്നെയാണ്. 'മലയമാരുത' രാഗത്തിന്റെ ശീതളഭാവങ്ങൾ നമുക്ക് സമ്മാനിക്കുന്ന 'തീരത്തിന്റെ കഥ' എന്ന ആദ്യകാവ്യശകലം തീവ്രമായ ആത്മീയാനുഭവം ശ്രോതാവിന് തരുന്നുണ്ട്. തീരത്തിന്റെ കഥപോലെ തന്നെ തുടർന്നുവരുന്ന 7 കാവ്യശകലങ്ങളും ശാന്തിയും സമാധാനവും നമ്മിൽ നിറയ്ക്കുന്ന ആത്മീയ ഗീതങ്ങളാണ്. സിറിയക് പാലക്കുടിയുടെ അതുല്യമായ ആത്മീയ ചിന്തകൾ നിറഞ്ഞുനിൽക്കുന്ന രചനയും അൽഫോൻസ് ജോസഫിന്റെ സംഗീതവും ഈ കലാസൃഷ്ടിയുടെ മാറ്റുകൂട്ടുന്നു. അതിഹൃദ്യവും ശക്തവുമായ ആലാപനത്തിലൂടെ ശ്രോതാക്കളിൽ ഭാവാത്കമായ ചലനമുണ്ടാക്കുന്നുണ്ട് 'ഉറിയാ' എന്ന കവിത. ഒപ്പം സംഗീതത്തിന്റെ സാധ്യതകളെ ഭംഗിയായി ഉപയോഗിച്ചിട്ടുമുണ്ട്; അൽഫോൻസ് ഇതിൽ. "പിറ്റേന്നു രാജനടവുമാറ്റി" എന്നു തുടങ്ങുന്ന വരികളിലെ Folk & arabic touches വരികളുടെ തീവ്രത ഒട്ടും ചോരാതെ ശ്രോതാവിലെത്തിക്കുന്നതിൽ വിജയിച്ചുവെന്നതിൽ സംശയമില്ല. വ്യത്യസ്തമായ ഈ കലാസൃഷ്ടിയുടെ അണിയറ ശിൽപികൾക്ക് കാരുണികൻ മ്യൂസിക്സിന്റെ അഭിനന്ദനങ്ങൾ! ■





ആൽബം : മൺപാത്രങ്ങൾ
രചന : ഫാ. സിറിയക്ക് പാലക്കുടി
സംഗീതം : അൽഫോൻസ് ജോസഫ്


www.malankaralibrary.com



# എങ്ങനെ പ്രാർത്ഥിക്കാം




പ്രസാധകർ:
മീഡിയാ ഹൗസ്
പേജ്: 184
വില: ` 100




പ്രസാധകർ:
മീഡിയാ ഹൗസ്
പേജ്: 168
വില: ` 95

## അവന്റെ മാറിൽ നിന്ന് രക്തവും വെള്ളവും ഒഴുകി

ഡോ. സിപ്രിയൻ ഇല്ലിക്കമുറി, OFM Cap

പരിത്രാണത്തിന്റെയും പവിത്രീകരണത്തിന്റെയും മാർഗ്ഗങ്ങളാണ് കൂദാശകൾ. ക്രൂശിതന്റെ പിളർക്കപ്പെട്ട വക്ഷസ്സിൽ നിന്നാണ് രക്തവും വെള്ളവും ഒഴുകുന്നത്. കൂദാശകളേഴും ഇതിൽ സമന്വയിക്കപ്പെട്ടിരിക്കുന്നു. മാമോദീസ, സ്ഥൈര്യലേപനം, അനുരഞ്ജനം, തിരുപ്പട്ടം, വിവാഹം, രോഗീലേപനം എന്നീ കൂദാശകളെ അവയുടെ നിയതമായ ദർശന വെളിപാടുകളിൽ ഉൾക്കാമ്പോടെ നിർണ്ണയിക്കുകയാണ് ഡോ. സിപ്രിയൻ ഇല്ലിക്കമുറിയുടെ ഈ പുസ്തകം. വൈദികർക്കും വൈദിക വിദ്യാർത്ഥികൾക്കും സന്യസ്തർക്കും മതബോധകർക്കും വളരെ പ്രയോജനം ചെയ്യുന്ന ഈ ഗ്രന്ഥം കൂദാശകളെ ഓരോന്നും വ്യക്തതയോടെ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നു. കൂദാശകളുടെ വേദപുസ്തകാടിസ്ഥാനം, ഓരോ കൂദാശയ്ക്കുമെതിരെയുള്ള വാദമുഖങ്ങളോടുള്ള കൃത്യമായ പ്രതികരണം, കൂദാശകളുടെ പ്രത്യേക ഫലങ്ങൾ എന്നിവ ഈ പുസ്തകത്തിൽ നന്നായി അവതരിപ്പിച്ചിട്ടുണ്ട്.

## രണ്ടുപേർ പ്രാർത്ഥിക്കാൻ പോയി

ഡോ. സിപ്രിയൻ ഇല്ലിക്കമുറി, OFM Cap

കാൾ റാനർ, വാൾട്ടർ കാസ്പർ, ജെ.ബി മെറ്റ്സ് തുടങ്ങിയ വിഖ്യാത ദൈവശാസ്ത്രജ്ഞൻമാരുടെ ശിഷ്യനായ ഡോ. സിപ്രിയൻ ഇല്ലിക്കമുറിയുടെ ശ്രദ്ധേയമായ മറ്റൊരു ഗ്രന്ഥമാണ് ഇത്. ആദ്ധ്യാത്മികതയേയും വിശ്വാസത്തെയും മുന്നോട്ട് നീക്കുന്നത് സാമാന്യജനതയുടെ വിശ്വാസവും ഭക്തിയുമാണ്. ഭക്തിരൂപങ്ങളുടെ വൈപുല്യവും വൈജാത്യവും അത്ഭുതകരമാണ്. ത്യാജ്യഗ്രാഹ്യ വിവേചന ബുദ്ധിയോടെ അപകടസാധ്യതകളെ ചൂണ്ടിക്കാട്ടുമ്പോൾ ത്തന്നെ ഭക്തിയുടെ പ്രകാരങ്ങളെ അവധാനതയോടെ ശ്ലാഘിക്കുകയും ചെയ്യുന്നുണ്ട് ഈ ഗ്രന്ഥം. ഞായറാഴ്ചയാചരണം, പ്രാർത്ഥനയിലെ അതിഭാഷണം, പ്രാർത്ഥിച്ചാൽ ഫലം കിട്ടുമോ? കത്തോലിക്കാസഭയും വിഗ്രഹാരാധനയും, പ്രാർത്ഥനായോഗവും രോഗശാന്തികളും, ജപമാലപ്രാർത്ഥന, തിരുശേഷിപ്പു വണക്കം തുടങ്ങി നിരവധി വിഷയങ്ങളെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാട് നൽകുന്ന പുസ്തകമാണിത്. നേതൃസ്ഥാനീയർക്കും വിശ്വാസികൾക്കും ഇത് ഉപകാരപ്പെടും; തീർച്ച.

www.malankaralibrary.com





മീഡിയാ ഹൗസ്
പേജ്: 240
വില: ` 170

## ഡാമിയൻ എന്ന കുഷ്ഠരോഗി

ജോൺ ഫറോ

ആദ്ധ്യാത്മിക സാഹസികത മുഖമുദ്രയാക്കിയ ഫാ. ഡാമിയൻ ഡി വൂസ്റ്ററിന്റെ ഹൃദയസ്പർശിയായ ജീവചരിത്രമാണ് 'ഡാമിയൻ എന്ന കുഷ്ഠരോഗി.' വിശുദ്ധന്റെ ജീവിതരേഖകളിലൂടെയാണ് നാം കടന്നുപോകുന്നതെന്ന പ്രതീതി ഉളവാക്കുന്ന രീതിയിലാണ് ജീവചരിത്രകാരൻ അദ്ദേഹത്തെ ചിത്രണം ചെയ്തിരിക്കുന്നത്. ലോകമാകമാനം ഐതിഹാസികമായി മാറിയ മഹത്തായ ഒരു ജീവചരിത്രമാണിത്. കാഴ്ചകളുടെ ഭൗതികമായ ഭയാനകതയെ ആത്മീയദർശനങ്ങളോട് ബന്ധിപ്പിച്ച് വിശുദ്ധ ജീവിതത്തിന്റെ നേർക്കാഴ്ച പകരുകയാണ് ഈ പുസ്തകം.

മൂല കൃതിക്ക് ഭംഗംവരാതെ സിന്ധു ഷെല്ലിയാണ് ഈ ഗ്രന്ഥം മൊഴിമാറ്റം നടത്തിയിരിക്കുന്നത്.




മീഡിയാ ഹൗസ്
പേജ്: 176
വില: ` 120

## എങ്ങനെ പ്രാർത്ഥിക്കാം

ഡോ. ഫെലിക്സ് പൊടിമറ്റം

ഇന്ത്യയിലും വിദേശത്തും പ്രസിദ്ധനായ ധാർമ്മിക ദൈവശാസ്ത്രജ്ഞനാണ് ഡോ. ഫെലിക്സ് പൊടിമറ്റം. പ്രാർത്ഥനയെക്കുറിച്ച് അദ്ദേഹത്തിന്റെ നൂതനായ ഒരു സമീപനമാണ് ഈ ഗ്രന്ഥം. ആശ്വാസദായകവും സർഗ്ഗാത്മകവുമായ ജീവിതത്തിന്റെ പ്രഭവസ്ഥാനമായി പ്രാർത്ഥനയെ മാറ്റിയെടുക്കാനാഗ്രഹിക്കുന്നവർ അഭിമുഖീകരിക്കേണ്ടിവരുന്ന പ്രശ്നങ്ങളെ സുലളിതമായി അദ്ദേഹം ഇതിൽ വിശദീകരിക്കുന്നു. ദൈവത്തിനും അയൽക്കാരനും വേണ്ടി അർപ്പിതമായ ഒരു ജീവിതത്തിന്റെ അടിസ്ഥാനമായി പ്രാർത്ഥനയെ കാണുന്ന ഒരു വ്യക്തിയുടെ അനുഭവതലത്തിലേയ്ക്ക് ഈ ഗ്രന്ഥം നമ്മെ നയിക്കുന്നു.




അവിശ്വാസികളെ പോലും
വിസ്മയിപ്പിക്കുന്ന ഒരു കിടിലൻ
**കഥാപ്രസംഗം**
വേദികളിൽ അവതരിപ്പിക്കുന്നു

കാഥികൻ:
**വലമ്പൂർ ജോർജ്ജ്**

കഥ:
**ഒരു ദൈവ നിയോഗം**

Contact: 0484 272687892, 9495425258

www.malankaralibrary.com

അന്ത്യവിധി

# രാഷ്ട്രീയത്തിന്റെ അക്രമഭാവങ്ങൾ

മനുഷ്യപുത്രൻ

പതിറ്റാണ്ടുകൾക്ക് മുമ്പുള്ള ഒരു കാര്യം പറയാം. കുട്ടനാട്ടുകാർക്ക് വള്ളവും ബോട്ടും മാത്രം പരിചിത്രമായിരുന്ന കാലം. അങ്ങനെയിരിക്കെയാണ് കുട്ടനാടിന്റെ ഹൃദയത്തിലൂടെ ആലപ്പുഴ-ചങ്ങനാശ്ശേരി റോഡു വരുന്നത്. റോഡുവന്നിട്ടും കുട്ടനാട്ടുകാരന്റെ യാത്രസുഗമമായില്ല. കാരണം മൂന്നു വലിയ പാലങ്ങളുടെ പണി മുടങ്ങിക്കിടന്നു. പാലങ്ങളുടെ അഭാവത്തിൽ മുറിഞ്ഞുപോയ റോഡിന്റെ ഇരുകരകളിലും ബസ്സുകൾ ഷട്ടിൽ സർവ്വീസ് നടത്തിയാണ് യാത്രക്കാരെ ലക്ഷ്യത്തിൽ എത്തിച്ചിരുന്നത്. യാത്രചെയ്യുന്ന ബസ്സിൽ നിന്നും ഇറങ്ങിയിട്ട് കടത്തു കടന്ന് മറുകരയിലുള്ള ബസ്സിൽ കയറി യാത്ര തുടരണം. അങ്ങനെ പലവുരു കയറിയിറങ്ങിയാലേ ആലപ്പുഴയിൽ നിന്ന് ഒരാൾക്ക് ചങ്ങനാശ്ശേരിയിലെത്താനാവൂ. എന്നാലും യാത്രക്കാർ ബസ്സുയാത്ര ഇഷ്ടപ്പെട്ടു. കാരണം ബോട്ടിനെക്കാൾ വേഗത്തിൽ എത്താമല്ലോ! പിന്നെ ബസ്സുയാത്രയുടെ പുതുമയും.

എന്നിരുന്നാലും സന്ധ്യകഴിഞ്ഞാൽ കുട്ടനാട്ടിൽ ബസ്സ് സർവ്വീസും യാത്രക്കാരും കുറയും. റോഡും പരിസരവും വിജനമാകും. രാത്രിയിൽ വിജനമാകുന്ന റോഡിലും പാലത്തിലും പിറ്റേപ്രഭാതത്തിൽ ആരുടെയെങ്കിലും ഉടലറ്റ തല പ്രത്യക്ഷമാകുന്നത് കുട്ടനാട്ടിൽ പതിവായിരുന്നു. മാർക്സിസ്റ്റ്- ആർ. എസ്സ്. എസ്സ് സംഘട്ടനത്തിന്റെ പരിണതഫലമായിരുന്നു അത്.

ടി. പി. ചന്ദ്രശേഖരൻ കൊല്ലപ്പെട്ടപ്പോൾ മാർക്സിസ്റ്റുപാർട്ടിയുടെ ആദ്യപ്രതികരണം പാർട്ടിക്കതിൽ ഒരു പങ്കുമില്ലെന്നായിരുന്നു. ഒരുതരം പരിപൂർണ്ണ നിരാകരണം. പാർട്ടിക്കാരുപോലും അത് വിശ്വസിച്ചെന്നു തോന്നുന്നില്ല. അതിനുള്ള തെളിവാണ് വി.എസ്സിന്റെ പ്രതിഷേധവും കോഴിക്കോട്ട് ടി.പി അനുസ്മരണത്തിനു എത്തിയ സഖാക്കളുടെ എണ്ണവും.

കൊലപാതക രാഷ്ട്രീയത്തിനു കുപ്രസിദ്ധി നേടിയത് കണ്ണൂരാണ്. അതൊരു സാമാന്യസംസ്കാരമായി വളർത്തിയെടുക്കാനുള്ള പ്രവണതയാണവിടെ. ഇപ്പോൾ അത് മറ്റിടങ്ങളിലേക്കെല്ലാം വ്യാപിച്ചു കയറുമെന്ന അപകടസൂചനയാണ് ടി.പിയുടെ കൊലപാതകം തരുന്നത്.

മസിൽ ബലവും അക്രമവുമാണ് കൊലപാതക രാഷ്ട്രീയത്തിന്റെ ആത്മാവ്. അങ്ങനെയെങ്കിൽ മറ്റു പല രൂപത്തിലും ഭാവത്തിലും കൊലപാതക രാഷ്ട്രീയം കേരളത്തിൽ അങ്ങോളമിങ്ങോളം നിലനിൽക്കുന്നുണ്ട്. ഏറ്റവും നല്ല ഉദാഹരണം നോക്കുകൂലിയും നിർബന്ധിത പിരിവുമാണ്. കോടതിയും പോലീസും എത്ര തവണ പറഞ്ഞിട്ടും കേരളത്തിലെ ഗ്രാമങ്ങളിൽ നോക്കുകൂലി അവസാനിച്ചിട്ടുണ്ടോ? പാർട്ടിനടത്തുന്ന നിർബന്ധിത ഫണ്ടുപിരിവിന്റെ കാര്യമോ? 'വെറുതെ എന്തിനാ വഴക്കിനു പോകുന്നത്, ആയിരമോ രണ്ടായിരമോ പോകുന്നെങ്കിൽ പോകട്ടെ? എന്നതാണ് സാധാരണക്കാരന്റെ മനോഭാവം. സമാധാനത്തിനുവേണ്ടി മസിൽ ബലത്തിനും ധാർഷ്ട്യത്തിനും സാധാരണക്കാർ കീഴടങ്ങുന്ന രീതി പാർട്ടിക്കു ശക്തിയുള്ള ഗ്രാമങ്ങളിലൊക്കെ നിലനിൽക്കുന്നു. ഇതിന്റെ വികസിത രൂപവും കൊടുമുടിയും മാത്രമാണ് കൊലപാതക രാഷ്ട്രീയം.

ഈ അന്തരീക്ഷത്തിലാണ് ടി.പി ചന്ദ്രശേഖരന്റെ കൊലപാതകം രണ്ടാഴ്ചയായിട്ടും സജീവ ചർച്ചാവിഷയമായിട്ട് കേരളസമൂഹത്തിൽ നിലനിൽക്കുന്നത്. കേരളസമൂഹത്തെ ഗ്രസിച്ചിരിക്കുന്ന കിനാവള്ളിയാണ് അക്രമരാഷ്ട്രീയവും അതിന്റെ എല്ലാ വകഭേദങ്ങളും. അതുകൊണ്ടുതന്നെ രാഷ്ട്രീയകൊലപാതകം മാത്രമല്ല, അതിന്റെ വകഭേദങ്ങളായ അക്രമവും, ഭീഷണിയും, നിർബന്ധവും കേരളസമൂഹത്തിൽ നിന്ന് തുടച്ചുനീക്കാനുള്ള ഏറ്റവും നല്ല സന്ദർഭമാണിത്. പൗരന്റെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കേണ്ടത് സർക്കാരിന്റെ ചുമതലയാണ്. അതുകൊണ്ടുതന്നെ ഈ വിഷയത്തിൽ സജീവമാകേണ്ടത് സർ ക്കാരും കേരളത്തിലെ സാംസ്ക്കാരിക സമൂഹവുമാണ്. നിയമവാഴ്ചയും പൗരസ്വാതന്ത്ര്യവും നിലനിൽ ക്കുന്ന സംസ്കൃത സമൂഹമായിരിക്കട്ടെ നമ്മുടെ ലക്ഷ്യം.

■

www.malankaralibrary.com


# TAX STUDY CENTRE

## The Practical Accounting Centre

## അക്കൗണ്ടന്റ് ആകാൻ ആഗ്രഹിക്കുന്നവർ ഇത് വായിക്കൂ!

താൻ ചെയ്യുന്ന അക്കൗണ്ട് വർക്കുകൾ ശരിയാണോ എന്ന സംശയവും തന്റെ തെറ്റുകൾ സ്ഥാപനത്തിന് ബാദ്ധ്യതയാകുമോ എന്ന ഭയവും ഏതൊരു അക്കൗണ്ടന്റിന്റേയും പേടി സ്വപ്നമാണ്. ഇതു മനസ്സിലാക്കിയ ആയിരക്കണക്കിനാളുകൾ ടാക്സ് സ്റ്റഡി സെന്ററിന്റെ പരിശീലനത്തിലൂടെ അക്കൗണ്ടന്റ് മേഖലയിൽ ഉന്നത സ്ഥാനം വഹിക്കുന്നു. VAT, Sales Tax, Income Tax, Service Tax, ESI, PF കൂടാതെ ഭാവിയുടെ നികുതി ഘടനയായ GST ഉൾപ്പെടെയുള്ള നിയമങ്ങൾക്ക് പ്രാധാന്യം നൽകി സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ കാര്യക്ഷമതയോടെ ആരെയും ഭയപ്പെടാതെ അവതരിപ്പിച്ച് വിജയിക്കാം.

**21 വർഷത്തെ പ്രവർത്തന പാരമ്പര്യം**

**Courses:- (Age No Bar)**

1. ACCOUNTANT (+2 & above); 2. TAX CONSULTANT (+2 & above); 3. TAX PRACTITIONER (B.com);
4. ACCOUNTS MANAGER (Degree & Above); 5. FINANCE MANAGER (PG)

**B.Com -കാർക്ക് ഗവ. ലൈസൻസ് ലഭിക്കുന്നു.**

കോഴ്സിന് ശേഷം കോഴ്സ്, എക്സ്പീരിയൻസ് സർട്ടിഫിക്കറ്റുകൾ നൽകുന്നു.

**For admission contact your nearest centre**

ATC OF TAX STUDY CENTRE

| | | | | | |
|---|---|---|---|---|---|
| Ernakulam | 9387955821 | Kollam | 9387498401 | Trivandrum | 0471 4064407, 8129565656 |
| Thripunithura | 9446270333 | | 0474 2747978 | Calicut | 0495 6410990, 8129011211 |
| Anchal | 9447333547 | Cherthala | 9446270333 | Thalassery | 9388905014, 9387498401 |
| Haripad | 9847831980 | Adoor | 9388905014 | Kannur | 04973259649, 9946775270 |
| Palakad | 9847181735 | Ottappalam | 9961486562 | Thrissur | 0487 6060007, 8089088081 |
| Thriprayar | 9633548598 | Pathanamthitta | 9387498401 | Kottarakara | 0474 2451040, 9387498401 |

Web: taxstudycentre.com, E-mail: taxstudycentre@hotmail.com

**Tax Study Centre®**
**An Authorised Training Centre of SIDCO, A Govt. of Kerala Undertaking**
SINCE 1992

ISO 9001:2008 certified

ERNAKULAM : H.O. : Judges Avenue, Kaloor, Pin - 682 017
Adm. Office : Lisie Hospital Road, Near North Over Bridge, Pin-682 018
**93879 55821, 93874 98401, 0484 3277007**

എല്ലാ കോഴ്സുകളിലും Tallyയും e-filing ഉം പഠിപ്പിക്കുന്നു.
അടുത്ത ബാച്ചുകൾ 13.05.12 നും 14.05.12 നും ആരംഭിക്കുന്നു.
Regular, Sunday & Evening Batches.



വൈദികരുടെ ആത്മീയ നേതൃത്വത്തിൽ

# യൂറോപ്പ് തീർത്ഥയാത്ര September 2nd Week, 2012

**ROME, ITALY, FRANCE, PORTUGAL**



**anna holidays**
complete travel shop

Peediyeckal Building, Mutambalam P. O, Kanjikuzhy, Kottayam
Off: 0481-2577746; Mob: 9961443308, 9961028283
www.visitkerala.in; www.harithavanam.in
annatravelshop@gmail.com

*Package Tour* | *Hotel Reservations* | *House Boat Booking*

www.malankaralibrary.com

May 2012 / Karunikan Monthly RNI No. KERMAL/2007/19623 Postal Reg. No. KL/ALY/0010/2010-12
Licence No. KL/CR/ALY/WPP-02/2010-12 Licensed to Post Without Prepayment


# Bel-Air College of Nursing

**A project of Indian Red Cross Society in collaboration with the University of Illinois at Chicago, USA**

**(INC, MNC & MUHS Approved)**

**Applications are invited from female candidates**

## for Basic B. Sc. Nursing



**Entrance test & Interview on Sunday, 17th June 2012**

**at MCBS Provincial House, Kaduvakulam, Kottayam, Kerala**

**Director: Fr. Tomy K. MCBS, 09422606672**

**Bel-Air College of Nursing**
**Panchgani, Satara Dist: 412 805, Maharashtra**
**Ph: 02168 - 240085 Fax: 240084**
**Email:** bconpanchgani@gmail.com **Web:** www.belairpanchgani.org

**Managed by MCBS fathers & JMJ Sisters**
**Education Loan with 0% interest arranged by college.**


Printed and Published by Fr. Jacob Naluparayil, MCBS House, Perumanoor P.O. Kochi-682015, Ernakulam Dt.
Printed at St.Joseph's Orphanage Press, Changanacherry, Kerala - 686 101, Editor: Fr. Jacob Naluparayil